പഞ്ചായത്ത് രാജ്

പുസ്തകം 49 ◆ ലക്കം 7
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ഒക്ടോബർ 2009

എല്ലാവർക്കും വീട് എല്ലാവർക്കും തൊഴിൽ
ജനകീയ ക്യാമ്പയിൻ

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 കേരളം സാമൂഹ്യ സുരക്ഷാരംഗത്ത് ഒരു പടികൂടി
പാലോളി മുഹമ്മദ് കുട്ടി

8 ജനകീയാസൂത്രണം പുതിയ വിതാനങ്ങളിലേയ്ക്ക്
സി.പി. നാരായണൻ

10 തൊഴിലും വീടും ജനകീയ ക്യാമ്പയിൻ
പ്രൊഫ. പി.കെ. രവീന്ദ്രൻ

12 കുടുംബശ്രീയുടെ കർമ്മ പരിപാടികൾ
ശാരദാ മുരളീധരൻ

16 തൊഴിലുറപ്പ് പദ്ധതി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
വി.എൻ. ജിതേന്ദ്രൻ

19 ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതി ചോദ്യവും ഉത്തരവും

22 നോവൽ ഇൻഫ്ളുവൻസ- പന്നിപ്പനി
ഡോ.ജോസ്മോൻ ജോർജ്

26 പഞ്ചായത്തുകളിൽ അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായം
ഉദയഭാനു കണ്ടേത്ത്

30 ഫ്രണ്ട് ഓഫീസ് സംവിധാനം നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങൾ
കെ. വിനോദ്കുമാർ

32 നെൽകൃഷിക്ക് പുതുജീവൻ ഭക്ഷ്യസുരക്ഷയിൽ പ്രതീക്ഷയോടെ മാനന്തവാടി
അജിത് വെണ്ണിയൂർ

34 കഥ: അതിഥികൾ
സനത് മലപ്പുറം

35 ഞാൻ കണ്ട ഡൽഹി
റോയ് ചാക്കോ ഇളമണ്ണൂർ

36 നിലക്കടലക്കൃഷിയിലും കുടുംബശ്രീ വിജയം കൊയ്യുന്നു
ജെസി നാരായണൻ

38 തെരുവു നായ്ക്കളുടെ നിയന്ത്രണം കുമളി: ABC പദ്ധതി നടപ്പാക്കിയ ആദ്യപഞ്ചായത്ത്

40 തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

42 വാർത്തകൾ വിശേഷങ്ങൾ

കത്തുകൾ

സ്ത്രീകൾ ഉറക്കെ ചിന്തിക്കണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അമ്പത് ശതമാനം സംവരണമേർപ്പെടുത്തി നിയമഭേദഗതി വരുത്തിയ സമയത്ത്തന്നെ ഇതേപ്പറ്റിയുള്ള ലേഖനങ്ങൾ പഞ്ചായത്ത്‌രാജ് മാസികയിൽ പ്രസിദ്ധീകരിച്ചത് വളരെ ഉചിതമായി. സംവരണം ആവശ്യമില്ല എന്ന് സ്ത്രീ നേതാക്കൾ വാദിച്ചിരുന്ന കാലത്ത്നിന്നും സംവരണമില്ലാതെ സ്ത്രീകൾക്ക് ഭരണപങ്കാളിത്തം ലഭിക്കില്ലായെന്ന് ഇന്ന് അവർക്ക് പറയേണ്ടി വന്നിരിക്കുന്നു. അതുപോലെതന്നെ രാഷ്ട്രീയ നേതൃത്വങ്ങളിൽ സ്ത്രീ പിന്തള്ളപ്പെടുന്നു. ഇക്കാര്യങ്ങൾ ജനസംഖ്യയിൽ പകുതിയിലധികമായ സ്ത്രീകൾ ഉറക്കെ ചിന്തിക്കേണ്ട കാര്യമാണ്. ഇത്തരം ലേഖനങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു.

ദീപ എസ് നായർ
തോട്ടത്തിൽ, കഴുതുരുട്ടി, കൊല്ലം

ഉപകാരപ്രദമായി ലേഖനം

പഞ്ചായത്ത്‌രാജ് മാസികയുടെ ആഗസ്റ്റ് ലക്കത്തിലെ ഉദയഭാനു സാറിന്റെ 'അക്കൗണ്ടന്റ്: ചുമതലകളും ഉത്തരവാദിത്വങ്ങളും' ഉപകാരപ്രദമായി. പുതുതായി നിയമിക്കപ്പെട്ട അക്കൗണ്ടന്റുമാർക്ക് തങ്ങളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും വിശദമായി മനസ്സിലാക്കി തരുന്നതിന് സഹായിച്ചു. ക്യാഷ്ബുക്ക് എഴുതുന്നതിന് ഏറെ സഹായകരമായിട്ടുള്ള ഉദയഭാനു സാറിന്റെ ലേഖനങ്ങൾ പുന:പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആയത് ഏറെ ഉപകാരമായിരിക്കും.

കെ. അനിൽകുമാർ, അക്കൗണ്ടന്റ്
പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്
എറണാകുളം

ഇച്ഛാശക്തിയെ പ്രകീർത്തിക്കുന്നു

പഞ്ചായത്ത്‌രാജ് മാസികയുടെ സെപ്റ്റംബർ ലക്കം 50:50 പതിപ്പ് കവർ ചിത്രവും ഉള്ളടക്കവും ഹൃദ്യമായി. കേരളത്തിൽ സ്ത്രീ സംവരണം തദ്ദേശഭരണ സ്ഥാപനങ്ങളിൽ 50 ശതമാനമാക്കി ഉയർത്തിയ സംസ്ഥാന സർക്കാരിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയെ പ്രകീർത്തിക്കാതെ വയ്യ. കേന്ദ്രസർക്കാരും പഞ്ചായത്തുകളിലും നഗരസഭകളിലും സ്ത്രീസംവരണം 50 ശതമാനമാക്കുന്നതിന് ഭേദഗതി കൊണ്ടുവരുന്നുവെന്ന് അറിയുന്നു. എന്നാൽ ഇതിൽ ഒരപകടം ഉണ്ട്. കേരളത്തിലെ അവസ്ഥയല്ല മറ്റുപല സംസ്ഥാനങ്ങളിലും നിലനിൽക്കുന്നത്. കുടുംബശ്രീ പ്രസ്ഥാനം പോലെയുള്ള സ്ത്രീ ശാക്തീകരണ സംവിധാനങ്ങൾ ഒരു ദശകമായി ശക്തമായി മുന്നോട്ട് പോകുന്നത് കൊണ്ടാണ് കേരളത്തിൽ സ്ത്രീകൾക്ക് ഭരണസാരഥ്യം വിജയകരമായി ഏറ്റെടുക്കാൻ കഴിയുന്നത്. ഇതേ അവസ്ഥയാണോ വടക്കേ ഇൻഡ്യ ഉൾപ്പെടെ മറ്റ് സംസ്ഥാനങ്ങളിൽ ഉള്ളത്? ആലോചിക്കേണ്ട വിഷയമാണത്. അതുപോലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും നേതൃത്വനിരയിൽ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിന് പാർട്ടികൾ മുന്നോട്ടു വരുമെന്ന് പ്രതീക്ഷിക്കുന്നു.

അനിത ജേക്കബ്
ജോ കോട്ടേജ്, പുതുശ്ശേരി
പാലക്കാട്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ധനകാര്യകമ്മിഷൻ

മുൻസിപ്പാലിറ്റികളുടെയും പഞ്ചായത്തുകളുടെയും ധനസ്ഥിതി അവലോകനം ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിക്കാനായി ന്യൂഡൽഹി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് പ്രൊഫസർ എം.എ. ഉമ്മൻ ചെയർമാനും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം.വിജയാനന്ദ്, ധനകാര്യ വകുപ്പ് (എക്സ്പെന്റിച്ചർ) സെക്രട്ടറി ഇഷിതാ റോയ് മെമ്പർമാരായും ധനകാര്യ കമ്മിഷൻ രൂപീകരിച്ചു. പഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും ചുമത്താവുന്ന നികുതികൾ, ഡ്യൂട്ടികൾ, ടോൾ, ഫീസ് തുടങ്ങിയവയെക്കുറിച്ചും സ്ഥാപനങ്ങളുടെ സാമ്പത്തിക നില ശക്തമാക്കാൻ കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ചും കമ്മീഷൻ പരിശോധിക്കും. ആദ്യ മൂന്നു ധനകാര്യ കമ്മീഷനുകൾ സമർപ്പിച്ച നിർദ്ദേശങ്ങളിൽ സർക്കാർ അംഗീകരിച്ചതും എന്നാൽ പ്രാബല്യത്തിൽ വരുത്താത്തതുമായ നിർദ്ദേശങ്ങളിന്മേലും കമ്മിഷൻ അഭിപ്രായം സമർപ്പിക്കും.

ഇൻഫർമേഷൻ കേരള മിഷന്റെ സുലേഖാ പദ്ധതിക്ക് ഇ-ഗവേർണൻസ് അവാർഡ്

ഇൻഫർമേഷൻ കേരള മിഷന് 2008-09 ലെ സി.എസ്.ഐ നിഹിലന്റ്- ഇ ഗവേർണൻസ് അവാർഡ് ലഭിച്ചു. വികേന്ദ്രീകൃത ആസൂത്രണത്തിൽ പദ്ധതി രൂപപ്പെടുത്താനും മോണിറ്ററിങ്ങിനും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കു വേണ്ടി തയ്യാറാക്കിയ സുലേഖ എന്ന സോഫ്റ്റ്‌വെയറാണ് അവാർഡ് നേടിയത്. കമ്പ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യയാണ് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. 10 വർഷം പിന്നിട്ട ഐ.കെ എമ്മിന് അഭിമാനിക്കാവുന്ന നേട്ടം കൈവരിക്കുന്നതിന് നേതൃത്വം നൽകിയവരെയും, സോഫ്ട്‌വെയറിന്റെ രൂപീകരണത്തിലും വിന്യാസത്തിലും പ്രവർത്തിച്ചവരെയും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി അഭിനന്ദിച്ചു.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഒക്ടോബർ 2009
പുസ്തകം 49
ലക്കം 7
വാർഷിക വരിസംഖ്യ: 120 രൂപ
www.lsg.kerala.gov.in

ഉപദേശക സമിതി

ചെയർമാൻ
പാലോളി മുഹമ്മദ്കുട്ടി
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
എസ്.എം. വിജയാനന്ദ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

എം. നന്ദകുമാർ ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

കെ. നാരായണൻ
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

സി. എസ്. ബിജു
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഈപ്പൻ ഫ്രാൻസിസ്
പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്ജ്)

എഡിറ്റർ (ഇൻ-ചാർജ്ജ്)
ഈപ്പൻ ഫ്രാൻസിസ്
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
e-mail: pub.off@gmail.com
Ph: 0471-2321053

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.

മേൽവിലാസം
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

എഡിറ്ററുടെ പേജ്

എല്ലാവർക്കും വീടും തൊഴിലും

ഭൂപരിഷ്ക്കരണത്തിലും സാക്ഷരതയിലും അധികാരവികേന്ദ്രീകരണത്തിലും രാജ്യത്തിനാകെ മാതൃകയായ കേരളം ശ്രദ്ധേയമായ പുതിയൊരു പരിപാടിക്ക്കൂടി തുടക്കം കുറിച്ചിരിക്കുകയാണ്. ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയിലൂടെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാ ഭൂരഹിതകുടുംബങ്ങൾക്കും ഭൂമിയും വീടും, ഭവനരഹിത കുടുംബങ്ങൾക്ക് വീടും, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയും കുടുംബശ്രീ സംവിധാനവും ഉപയോഗിച്ച് തൊഴിലാവശ്യപ്പെടുന്ന എല്ലാവർക്കും തൊഴിലും നൽകുന്നതിന് ബൃഹത്തായ ഒരു ജനകീയ ക്യാമ്പയിൻ പരിപാടിയാണ് സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്നത്. പരസ്പരപൂരകങ്ങളായ ഈ മൂന്നു പദ്ധതികളെയും കോർത്തിണക്കി നാനാമേഖലകളിലെ ജനവിഭാഗങ്ങളെ അവയ്ക്കുപിന്നിൽ അണിനിരത്തി വരുന്ന രണ്ട് വർഷംകൊണ്ട് ലക്ഷ്യം നേടുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ഭൂരഹിതരും ഭവനരഹിതരുമായ മുഴുവൻ ദരിദ്ര കുടുംബങ്ങൾക്കും വീട് നൽകുക എന്നത് പതിനൊന്നാം പദ്ധതിയിലെ മുൻഗണനകളിലൊന്നായിരുന്നു. അതുകൊണ്ട് തന്നെ കഴിഞ്ഞ രണ്ട് വർഷംകൊണ്ട് ഏകദേശം രണ്ട്ലക്ഷം കുടുംബങ്ങൾക്ക് വീട് നൽകിക്കഴിഞ്ഞു. ഇനി അവശേഷിക്കുന്ന 3 ലക്ഷം ഭൂരഹിത, ഭവനരഹിത കുടുംബങ്ങളെ കണ്ടെത്തി അവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനാണ് ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതിയുടെ അന്തിമഘട്ടത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഇനി ഭൂമിയും വീടും ആവശ്യമുള്ള ഗുണഭോക്താക്കളിൽ ഭൂരിഭാഗവും പരമദരിദ്രരും, സാമൂഹ്യമായി വളരെയധികം പിന്നോക്കം നിൽക്കുന്നവരുമാണ്. സാമ്പത്തിക സഹായം ലഭ്യമായാൽപോലും വീട് നിർമ്മിക്കുവാൻ കെല്പില്ലാത്ത അവശവിഭാഗക്കാരുടെ ഭവനം നിർമ്മിക്കുന്നതിന് സാങ്കേതികസഹായവും സാമൂഹിക പിന്തുണയും ഉണ്ടായേ മതിയാകൂ. അവ ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളിലൂടെ ലഭ്യമാക്കും.

അർഹമായ എല്ലാവർക്കും വീട് നൽകി സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനോടൊപ്പം കുടുംബശ്രീപ്രസ്ഥാനം വഴിയും ദേശീയ ഗ്രാമീണതൊഴിലുറപ്പു പദ്ധതിയിലൂടെയും പരമാവധി തൊഴിലവസരങ്ങൾ പ്രദാനം ചെയ്ത് സാമ്പത്തിക സുരക്ഷ കൈവരിക്കുന്നതിന് ആവശ്യമായ പിന്തുണ ക്യാമ്പയിനിലൂടെ ഉറപ്പുവരുത്തും. ഏഷ്യയിലെ ഏറ്റവും വലിയ സാമൂഹ്യസംഘടനയായ കുടുംബശ്രീ സൂക്ഷ്മസംരംഭങ്ങളുടെ വിജയകരമായ നടത്തിപ്പിലൂടെയും അതിന്റെ വ്യാപനത്തിലൂടെയും സ്ത്രീകളുടെ സാമ്പത്തിക സാമൂഹിക ശാക്തീകരണം ഉറപ്പാക്കുന്ന കർമ്മപരിപാടികളുമായി മുന്നോട്ടു പോകുകയാണ്. പ്രാദേശിക സർക്കാരുകളുടെ പിന്തുണയോടെ കൂടുതൽ ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചും കാർഷികമേഖലയിൽ വിജയകരമായി നടപ്പാക്കി വരുന്ന സംഘകൃഷി വ്യാപകമാക്കിയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, കുടുംബശ്രീ ഉല്പന്നങ്ങൾക്ക് വിപണന സൗകര്യം ഏർപ്പെടുത്തുന്നതിനും ക്യാമ്പയിൻ പ്രവർത്തനങ്ങൾ സഹായകമാകും. ഇതുകൂടാതെ എല്ലാവർക്കും തൊഴിൽ ഉറപ്പാക്കുന്നതിനുവേണ്ടി അവിദഗ്ദ തൊഴിൽ ചെയ്യാൻ സന്നദ്ധരാകുന്ന എല്ലാവർക്കും ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ പ്രതിവർഷം 100 ദിവസം തൊഴിൽ നൽകുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു. കേരളത്തിൽ തൊഴിൽ മേഖലയിലെ സ്ത്രീപങ്കാളിത്തം താരതമ്യേന ശുഷ്ക്കമാണ്. എന്നാൽ കഴിഞ്ഞ വർഷം തൊഴുലുറപ്പ് പദ്ധതിയിൽ പണിയെടുത്തവരിൽ 86 ശതമാനവും സ്ത്രീകളായിരുന്നു. 224 കോടി രൂപയാണ് പദ്ധതിയിലൂടെ കൂലിയിനത്തിൽ കഴിഞ്ഞ വർഷം നൽകിയത്. ഇത് 1000 കോടിയായി വർദ്ധിപ്പിക്കണം. അതിനുവേണ്ടി പദ്ധതികളുടെ ശേഖരം തയ്യാറാക്കി ആവശ്യാധിഷ്ഠിതമായി തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള തയ്യാറെടുപ്പുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തണം. തൊഴിലുറപ്പ് പദ്ധതിയിൽ നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഹോർട്ടികൾച്ചറിനും കേന്ദ്രസർക്കാർ അനുവാദം നൽകിയിട്ടുണ്ട്. കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം പരിസ്ഥിതി സംരക്ഷണത്തിനും കാർഷിക മേഖലയുടെ വളർച്ചയ്ക്കും ഉപകരിക്കുംവിധം പദ്ധതികൾ ക്രമീകരിക്കുന്നതിനും ശ്രദ്ധിക്കണം.

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിന് തൊഴിലും വീടും നൽകി സാമൂഹ്യസാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന സ്വപ്നതുല്യമായ പരിപാടിയാണ് "എല്ലാവർക്കും വീട് എല്ലാവർക്കും തൊഴിൽ ജനകീയ ക്യാമ്പയിൻ പരിപാടി". ഒരു വ്യാഴവട്ടക്കാലത്തിനു മുമ്പ് ജനകീയാസൂത്രണം സൃഷ്ടിച്ച ആവേശവും തിരയിളക്കവും നാട്ടിടകളിൽ തിരിച്ചു വരണം. ജനങ്ങളുടെ കർമ്മചേതന വീണ്ടും ഉണരണം. പാവപ്പെട്ടവന് വീടും തൊഴിലും - സ്വപ്നസാക്ഷാത്കാരത്തിനുള്ള സുവർണ്ണാവസരമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിരിക്കുന്നത്.

പഞ്ചായത്ത് രാജ്

കേരളം സാമൂഹ്യ സുരക്ഷാരംഗത്ത് ഒരു പടി കൂടി

പാലോളി മുഹമ്മദ് കുട്ടി
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

പതിനൊന്നാം പദ്ധതി പകുതിവഴി പിന്നിട്ടിരിക്കുന്നു. ഉത്പാദനമേഖലയിലെ ഊർജ്ജിതമായ ഇടപെടൽ, സമ്പൂർണ്ണ ഭവന പദ്ധതി, പഞ്ചായത്തുകളെ ജനസൗഹൃദമാക്കൽ എന്നിവയാണ് തദ്ദേശഭരണവകുപ്പ് മുൻഗണന കൊടുത്ത മേഖലകൾ. ഈ മേഖലകളിൽ ഗണ്യമായ നേട്ടം കൈവരിച്ചതിന്റെ പിൻബലത്തിൽ അവശേഷിക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹായകമായ ഒരു ജനകീയ ക്യാമ്പയിൻ തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിക്കുകയാണ്. എല്ലാ പഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിച്ചു. കംപ്യൂട്ടർവത്കരണം സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. രണ്ടുലക്ഷത്തിലേറെ വീടുകൾ നിർമ്മിച്ചു നൽകിക്കഴിഞ്ഞു. അവശേഷിക്കുന്ന ഭവനരഹിതർക്കുകൂടി വീടു നൽകേണ്ടതുണ്ട്. തൊഴിലുറപ്പു പദ്ധതിയുടെ സഹായത്തോടെ 6780 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കി. 45000 ഏക്കറിൽ കൂടുതലായി നെൽകൃഷി നടത്താൻ കഴിഞ്ഞു. കുടുംബശ്രീ പ്രവർത്തകർ പതിനായിരക്കണക്കിനു ഏക്കറിൽ സംഘകൃഷി ഏറ്റെടുത്തു നടത്തുന്നു. കാർഷികമേഖലയിലും ചെറുകിട ഉത്പാദന മേഖലകളിലും തൊഴിലാവശ്യപ്പെടുന്നവർക്കെല്ലാം തൊഴിൽ നൽകുക, ഭവനരഹിതർക്കെല്ലാം വീട് നൽകുക എന്നിവ വരുന്ന രണ്ടുവർഷം കൊണ്ട് പൂർത്തിയാക്കാൻ സഹായകമായ ഒരു ജനകീയ ക്യാമ്പയിനാണ് "എല്ലാവർക്കും വീട് എല്ലാവർക്കും തൊഴിൽ ജനകീയ ക്യാമ്പയിൻ" എന്ന മുദ്രാവാക്യത്തോടെ ആരംഭിക്കുന്നത്. ഇത് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ക്യാമ്പയിനാണ്. ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതി, തൊഴിലുറപ്പു പദ്ധതി, കുടുംബശ്രീ പരിപാടികൾ എന്നിവയെ മുൻനിരയിൽ നിർത്തി നടത്തുന്ന ഊർജ്ജിത പ്രവർത്തന പരിപാടിക്ക് ബഹുജന പിന്തുണ ഉറപ്പാക്കുന്നതിനുള്ളതാണ് ഈ ക്യാമ്പയിൻ.

ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി

മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിലൊന്നാണ് കയറിക്കിടക്കാൻ സുരക്ഷിതമായൊരിടം. ഇതൊരു മനുഷ്യാവകാശം കൂടിയാണ്. ഭവനരഹിതരായ കോടിക്കണക്കായ ജനങ്ങൾ തെരുവോരങ്ങളിലും, കടത്തിണ്ണകളിലും മറ്റും കിടന്നുറങ്ങുന്നത് ഇന്ത്യൻ നഗരങ്ങളിലും ഗ്രാമങ്ങളിലും പതിവു കാഴ്ചയാണ്. ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിന്റെ സ്ഥിതി വളരെ മെച്ചമാണെങ്കിലും, സ്വന്തമായി വാസയോഗ്യമായ വീടില്ലാത്ത ലക്ഷക്കണക്കായവർ ഇവിടെയും ഉണ്ട്.

ഭൂപരിഷ്ക്കരണം കേരളത്തിൽ സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ വരുത്തിയ മാറ്റം പാർപ്പിട മേഖലയിലും അനുരണനങ്ങൾ സൃഷ്ടിച്ചു. സ്വന്തമായി ഒരു തുണ്ടു ഭൂമിക്കവകാശിയായതോടു കൂടി അതുവരെ ജന്മിയുടെ സൗജന്യത്തിൽ കേവലം കൂരയിൽ കഴിഞ്ഞവർ ചെറുതെങ്കിലും വൃത്തിയും വെടിപ്പുമുള്ള സുരക്ഷിതമായ വീട് എന്ന സങ്കല്പത്തിലേയ്ക്ക് മാറി ചിന്തിച്ചു. അപ്പോഴും സമൂഹത്തിലെ തീരെ പാവപ്പെട്ടവർക്കും പൊതുധാരയിൽ നിന്നും പുറന്തള്ളപ്പെട്ടവരുമായ ലക്ഷക്കണക്കായവർക്ക് സ്വന്തമായ വീട് എന്നത് വെറും സ്വപ്നം മാത്രമായി. ശക്തമായ ബഹുജന സമ്മർദ്ദത്തെത്തുടർന്ന്, ഭരണകൂട ഇടപെടൽ വഴി ഈ വിഭാഗത്തിൽപ്പെട്ട നിരവധി പേർക്ക് അവരുടെ സ്വപ്നം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞു. 1970 കളിലെ എം.എൻ ലക്ഷംവീട് പദ്ധതി ഇത്തരത്തിലുള്ള ആദ്യത്തെ ബൃഹത്തായ ഭവന പദ്ധതിയാണ്. അറുപതിനായിരത്തിലേറെ ഭവന രഹിതർക്ക് വീട് നിർമ്മിച്ചു നൽകാൻ ഈ പദ്ധതി വഴി കഴിഞ്ഞു. അപ്പോഴും ലക്ഷക്കണക്കിന് കുടുംബങ്ങൾ ഭവനരഹിതരായി അവശേഷിച്ചിരുന്നു. ഇന്ദിരാ ആവാസ് യോജന തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴിയും പാവപ്പെട്ടവരുടെ പാർപ്പിട പ്രശ്നത്തിൽ ഇടപെട്ടിട്ടുണ്ട്. എന്നാൽ ആലംബഹീനരുടെ ഈ അടിസ്ഥാന ആവശ്യത്തിൽ ഫലപ്രദമായ ഇടപെടലുണ്ടായത് 1997-2001 ലെ ജനകീയാസൂത്രണ പദ്ധതിക്കാലത്താണ്. ജനകീയാസൂത്രണ പദ്ധതിവഴി സംസ്ഥാനത്തെമ്പാടുമായി അഞ്ചു ലക്ഷത്തിലേറെ വീടുകൾ നിർമ്മിച്ചു നൽകി. അപ്പോഴും വീട് വയ്ക്കാൻ സ്വന്തമായി സ്ഥലമില്ലാത്തവർക്ക് മുന്തിയ പരിഗണന ലഭിച്ചില്ല. 10-ാം പദ്ധതിക്കാലത്തും മൂന്നര ലക്ഷത്തോളം വീടുകൾ നിർമ്മിച്ചു നൽകുകയുണ്ടായി.

പതിനൊന്നാം പദ്ധതിയുടെ ആരംഭത്തിൽ തിട്ടപ്പെടുത്തിയ ഭവനരഹിത കുടുംബങ്ങളുടെ എണ്ണം 5 ലക്ഷത്തോളമാണ്. ഇവരിൽ രണ്ടുലക്ഷത്തിന് ഈ പദ്ധതി പ്രകാരം ഇതുവരെ വീടു നൽകിക്കഴിഞ്ഞു. അവശേഷിക്കുന്ന ഭവനരഹിതകുടുംബങ്ങളെ കണ്ടെത്തി സാമൂഹിക പിന്തുണയോടെ വീടു വച്ചു നൽകുക എന്ന ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതിയുടെ പൂർത്തീകരണ ഘട്ടമാണ് ഇപ്പോൾ ആരംഭിക്കുന്നത്. മറ്റു പരിമിതമായ സഹായമുള്ള ഭവനസഹായ പദ്ധതികളിലെ കുറവു നികത്തുന്നതിന് ഇ.എം.എസ് ഭവന പദ്ധതിക്കു വേണ്ടി സ്വരൂപിക്കുന്ന ഫണ്ടിൽ നിന്ന് ധനസഹായം ലഭ്യമാക്കുകയാണ്. അവശേഷിക്കുന്ന ഭവനരഹിതർക്ക് വീട് എന്ന സ്വപ്നം പൂർണ്ണമാക്കാൻ സാമ്പത്തിക സഹായം മാത്രം പോര. സാങ്കേതിക പിന്തുണയും സാമൂഹികമായ മേൽനോട്ടവും ആവശ്യമാണ്. അതു ലഭ്യമാക്കുന്നതിനാണ് ഈ ജനകീയ ക്യാമ്പയിൻ. ഓരോ പഞ്ചായത്തിലും നഗരസഭയിലും കർമ്മനിരതരായ ഒരു പിന്തുണാ സംവിധാനം രൂപപ്പെടുത്താനും അതുവഴി ഭവനപദ്ധതി സമ്പൂർണ്ണമാക്കാനുമാണ് ലക്ഷ്യമിടുന്നത്.

കുടുംബശ്രീ

1997-2001 ജനകീയാസൂത്രണ പദ്ധതിക്കാലത്ത് കേരളത്തിൽ ആരംഭിച്ച കുടുംബശ്രീ ഇന്ന് ഏഷ്യയിലെ സ്ത്രീകളുടെ ഏറ്റവും വലിയ സാമൂഹ്യ സംഘടനയായി വളർന്നിരിക്കുന്നു. കഴിഞ്ഞ പതിനൊന്നു വർഷ കാലത്തിനിടയ്ക്ക് 1,96,236 കുടുംബശ്രീ അയൽക്കൂട്ടങ്ങളിലായി 37,13,902 സ്ത്രീകളെ അംഗങ്ങളാക്കുന്നതിന് കഴിഞ്ഞ കുടുംബശ്രീയുടെ ഇപ്പോഴത്തെ ത്രിഫ്റ്റ് സമ്പാദ്യം 1241.51 കോടി രൂപയാണ്. ത്രിഫ്റ്റ് സമ്പാദ്യ വായ്പ 3266.60 കോടി രൂപയും. സ്ത്രീ ശാക്തീകരണത്തിലൂടെ സാമ്പ

> സാമ്പത്തികമാന്ദ്യത്തിന്റെയും വിലക്കയറ്റത്തിന്റെയും ഈ കാലഘട്ടത്തിൽ ദുർബല ജനവിഭാഗങ്ങളുടെ സുരക്ഷയെ ലക്ഷ്യമാക്കി ഏറ്റെടുക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് കക്ഷിഭേദമന്യേ സമസ്ത ജനവിഭാഗങ്ങളുടെയും പിന്തുണ ആവശ്യമാണ്. പ്രാദേശിക സമ്പദ് വ്യവസ്ഥയ്ക്ക് ശക്തിപകരാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന ഊർജ്ജിത പ്രവർത്തന പരിപാടികൾ വിജയിപ്പിക്കാൻ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ പ്രതീക്ഷിക്കുന്നു.

ത്തിക ശാക്തീകരണത്തിനും, സുസ്ഥിര സാമ്പത്തിക വികസനത്തിനും ലക്ഷ്യമിടുന്ന കുടുംബശ്രീ അതിന്റെ പ്രവർത്തനങ്ങൾ നാനാ മേഖലയിലേയ്ക്കും വ്യാപിപ്പിച്ചിരിക്കുന്നു. സംസ്ഥാനത്തെമ്പാടുമായി 5132 മൈക്രോ സംരംഭങ്ങൾ, 519 വനിതാ ക്യാന്റീനുകളും 75 ഐ.റ്റി. യൂണിറ്റുകളും 393 ന്യൂട്രിമിക്സ് യൂണിറ്റുകളും കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തുന്നു. ഖരമാലിന്യ നിർമ്മാർജ്ജനം ഒരു ഗൗരവതരമായ പ്രശ്നമായി മാറിയ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കുടുംബശ്രീ നടത്തുന്ന 237 ഖരമാലിന്യ യൂണിറ്റുകൾ വലിയൊരാശ്വാസമാണ്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുവാനും പുനരധിവസിപ്പിക്കാനുമുള്ള 'ബഡ്സ്' സ്കൂളുകൾ സർക്കാർ അംഗീകാരത്തോടെ നടത്തിക്കൊണ്ട് കുടുംബശ്രീ അതിന്റെ സാമൂഹ്യ പ്രതിബദ്ധത വിളിച്ചോതുന്നു. കുടുംബശ്രീ നടത്തുന്ന ബാലസഭ 48,981 എണ്ണമായി വളർന്നിരിക്കുന്നു. കൂടാതെ ഓരോ ജില്ലയിലും ഒരു 'സമഗ്ര' പദ്ധതി വീതം നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

കൃഷി അന്യമായിക്കൊണ്ടിരിക്കുന്ന കേരളത്തിൽ 72,915 ഏക്കർ സ്ഥലത്ത് സംഘ കൃഷി നടത്തി കുടുംബശ്രീ അത്ഭുതം സൃഷ്ടിച്ചിരിക്കുന്നു. മാസച്ചന്തകളും, ഉത്സവച്ചന്തകളും നടത്തുന്നത് കുടുംബശ്രീ പതിവു രീതിയാക്കി മാറ്റി.

കുടുംബശ്രീ ഒരു മൈക്രോ ക്രെഡിറ്റ് സംരംഭവുമാണ്, പക്ഷെ മറ്റു മൈക്രോ ക്രെഡിറ്റു സംവിധാനങ്ങളിൽ നിന്നു വ്യത്യസ്തമായ ലഘുസമ്പാദ്യം ഉത്പാദന യൂണിറ്റുകളുടെ മൂലധനമാക്കി മാറ്റുന്ന സംവിധാനമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ ലക്ഷക്കണക്കിന് സ്ത്രീകളെ തൊഴിൽ സംരംഭങ്ങളിലെത്തിച്ചുകഴിഞ്ഞ കുടുംബശ്രീക്ക് കൂടുതൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങാനും അവയുടെ ഉത്പന്നങ്ങൾക്ക് സ്ഥിരമായ വിപണി ലഭിക്കാനും സാമൂഹിക പിന്തുണ അനിവാര്യമാണ്. അതു ലഭ്യമാക്കാനാണ് ജനകീയ ക്യാമ്പയിൻ. സ്വതന്ത്ര്യ വ്യാപാര കരാറുകൾ വഴി വിപണിയാകെ വിദേശ ഉത്പന്നങ്ങൾക്കു തുറന്നുകൊടുത്തുകൊണ്ടിരിക്കുമ്പോൾ പ്രാദേശിക ഉത്പാദന സംവിധാനങ്ങൾ ബലപ്പെടുത്തി പ്രാദേശിക വിപണി പിടിച്ചു നിർത്താനുള്ള പ്രാദേശിക ഉത്പാദകരുടെയും കുടുംബശ്രീയുടെയും ശ്രമങ്ങൾ പൊതുസമൂഹത്തിന്റെ അറിവിൽ കൊണ്ടുവരുന്നതിനും പിന്തുണ ഉറപ്പാക്കുന്നതിനുമാണ് ലക്ഷ്യം വയ്ക്കുന്നത്.

തൊഴിലുറപ്പ് പദ്ധതി

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നടപ്പിലാക്കിയ നിരവധി തൊഴിൽ പദ്ധതികളിൽ നിന്നും തികച്ചും വേറിട്ട് നിൽക്കുന്നതും എടുത്തു പറയേണ്ട ഒട്ടനവധി സവിശേഷതകൾ ഉള്ളതുമായ ഒരു പദ്ധതിയാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി. 2005 സെപ്തംബർ മാസം 2-ാം തീയതി ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ 2006 ഫെബ്രുവരി മുതൽ കേരളത്തിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നടപ്പാക്കി വരികയാണ്. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും, അതിലെ പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ തൊഴിൽ, നിയമം മൂലം ഈ പദ്ധതി ഉറപ്പാക്കുന്നു. തൊഴിൽ ലഭിച്ചില്ല എങ്കിൽ തൊഴിലില്ലായ്മ വേതനം നൽകുന്നു. ആവശ്യമുള്ളവർ, ആവശ്യപ്പെടുന്ന സമയത്ത് തൊഴിൽ നൽകുന്നു എന്നതാണ് എടുത്തു പറയേണ്ട സവിശേഷത. ഇന്ത്യയിലെ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശം നിയമത്തിന്റെ പിൻബലത്തോടെ സംരക്ഷിക്കപ്പെടുകയാണ് ഈ നിയമനിർവഹണത്തിലൂടെ ചെയ്യുന്നത്. ചൂഷണാധിഷ്ഠിതമായ തൊഴിൽ ബന്ധങ്ങളിൽ നിന്ന് തൊഴിലാളികളെ മോചിപ്പിച്ച് മാന്യമായ വേതനം നൽകി, അവരുടെ കുടുംബത്തിന്റെ വാങ്ങൽ ശേഷി വർദ്ധിപ്പിച്ച് ദാരിദ്ര്യത്തിൽ നിന്നും കരകയറ്റാൻ തൊഴിലുറപ്പു പദ്ധതിയിലൂടെ കഴിയുന്നു. തൊഴിലുറപ്പു പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നവരുടെയും ദാരിദ്ര്യം അനുഭവിക്കുന്നവരുടെയും കൈപിടിച്ചുയർത്തി, ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ മുഖഛായ തന്നെ മാറ്റിയെഴുതാൻ തക്കവണ്ണം ഫലപ്രദമായി നടപ്പാക്കണം എന്നതാണ് നമ്മുടെ സംസ്ഥാനത്തിന്റെ കാഴ്ചപ്പാട്.

പ്രാദേശിക ഭരണകൂടങ്ങളുടെ വികസന അജണ്ടകൾ വിജയത്തിലെത്തിക്കാൻ ആവശ്യമായ പിന്തുണ എല്ലാ ജനവിഭാഗങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. സാമ്പത്തികമാന്ദ്യത്തിന്റെയും വിലക്കയറ്റത്തിന്റെയും ഈ കാലഘട്ടത്തിൽ ദുർബല ജനവിഭാഗങ്ങളുടെ സുരക്ഷയെ ലക്ഷ്യമാക്കി ഏറ്റെടുക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് കക്ഷി ഭേദമന്യേ സമസ്ത ജനവിഭാഗങ്ങളുടെയും പിന്തുണ ആവശ്യമാണ്. പ്രാദേശിക സമ്പദ് വ്യവസ്ഥയ്ക്ക് ശക്തിപകരാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന ഊർജ്ജിത പ്രവർത്തന പരിപാടികൾ വിജയിപ്പിക്കാൻ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ പ്രതീക്ഷിക്കുന്നു. ■

ജനകീയാസൂത്രണം പുതിയ വിതാനങ്ങളിലേയ്ക്ക്

സി.പി. നാരായണൻ

ഇ.എം.എസ് സമ്പൂർണ ഭവന പദ്ധതി, തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ എന്നിവയെ കേന്ദ്രീകരിച്ചുകൊണ്ട് പ്രാദേശിക ഗവൺമെന്റുകളുടെ ആഭിമുഖ്യത്തിൽ ബൃഹത്തായ ഒരു തൊഴിലും വീടും പദ്ധതി കേരള ഗവൺമെന്റ് നടപ്പാക്കുകയാണ്. അതിന്റെ ഭാഗമായി പ്രാദേശിക സർക്കാരുകളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർക്കായി വിപുലമായ ഒരു പരിശീലനം ഗവൺമെന്റ് നടപ്പാക്കിവരികയാണ്. ഈ വർഷവും അടുത്തവർഷവും കൊണ്ട് 3-4 ലക്ഷം വീടുകൾ നിർമ്മിക്കൽ, 2000 കോടിയിലധികം രൂപ കൂലി നൽകാവുന്ന ഗ്രാമീണ പദ്ധതികൾ, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ രണ്ടുലക്ഷത്തോളം യൂണിറ്റുകളെയും 37 ലക്ഷത്തിൽപരം സ്ത്രീകളെയും പങ്കാളികളാക്കി കാർഷിക-കാർഷികോൽപന്ന സംസ്ക്കരണ-ചെറുകിട വ്യവസായ സംരംഭങ്ങളിലൂടെ ഒരു വലിയ ഉൽപാദന-വിപണന ശൃംഖല ഏർപ്പെടുത്തലും അതുവഴി ഗ്രാമീണ സമ്പദ് വ്യവസ്ഥയ്ക്ക് നവോന്മേഷം പകരലും എന്നിങ്ങനെ ഇതുവരെയുള്ള ഗ്രാമീണ വികസന പ്രവർത്തനത്തെ ബഹുദൂരം മുന്നോട്ടുകൊണ്ടുപോകുന്ന ഊർജ്ജിതപ്രവർത്തനം നടത്തുകയാണ് ലക്ഷ്യം.

ഈ പദ്ധതികളൊന്നും പുതുതല്ലല്ലോ; പിന്നെ എന്തിനാണ് അവയുടെ പേരിൽ വലിയ പ്രചരണവും പരിശീലന കോലാഹലവുമൊക്കെ എന്നു ചോദിക്കുന്നവരുണ്ട്. അവരുടെ സംശയം ന്യായമാണ്. ഇ.എം.എസ് ഭവനപദ്ധതി കഴിഞ്ഞ രണ്ട് സാമ്പത്തികവർഷങ്ങളിലായി നടപ്പാക്കിവരികയാണ്. രണ്ട് ലക്ഷം വീടുകൾ നിർമ്മിച്ചുകഴിഞ്ഞതിനുമുമ്പ് ഒമ്പതും പത്തും പദ്ധതികളിലായി 8 ലക്ഷത്തിലധികം വീടുകൾ നിർമ്മിച്ചു കഴിഞ്ഞിരുന്നു. ഇങ്ങനെ പത്തുലക്ഷത്തിലധികം വീടുകൾ നിർമ്മിക്കപ്പെട്ടതോടെ ഇനി ഏതാണ്ട് നാലുലക്ഷം കുടുംബങ്ങളാണ് സ്വന്തമായി വീടില്ലാതെ അവശേഷിക്കുന്നത് എന്നാണ് സ്ഥിതിവിവരക്കണക്ക്.

ഇനി വീടില്ലാത്തവരായി അവശേഷിക്കുന്നത് പരമദരിദ്രരും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവരുമായ കുടുംബങ്ങളാണ്. അവർക്ക് വീടുപണിയാൻ കുറച്ചുകൂടി തുക നൽകേണ്ടതാണ് എന്ന് ഗവൺമെന്റിനു ബോധ്യപ്പെട്ടു. അങ്ങനെ പട്ടികവർഗ്ഗ, പട്ടികജാതി, ജനറൽ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനു 25,000 രൂപ വീതം വർദ്ധിപ്പിച്ചു നൽകാൻ സർക്കാർ തീരുമാനിച്ചു.

പഴയപടി ഭവനനിർമ്മാണത്തിന് അടിത്തറ, ലിന്റൽ എന്നിങ്ങനെ ഓരോഘട്ടം കഴിയുമ്പോഴും ഓരോ ഗഡു കൊടുത്തതുകൊണ്ടുമാത്രം അവശേഷിക്കുന്ന ഭവനരഹിതർക്ക് വീട് പണിയാനാവില്ല. കാരണം അവരിൽ പലരും സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ആരോഗ്യപരമായും അത്രമാത്രം ദുർബ്ബലരാണ്. അതിനാൽ പണിയേണ്ട വീടിന്റെ പലതരം പ്ലാനുകൾ തയ്യാറാക്കി തങ്ങളുടെ കുടുംബത്തിനു ചേർന്നത് തിരഞ്ഞെടുക്കാൻ അവരെ പ്രാപ്തരാക്കണം. വീട് 25 മുതൽ 40 വരെ ച.മീ. മതിയെന്നു സർക്കാർ നിഷ്കർഷിക്കുന്നു. ഗവൺമെന്റ് നൽകുന്ന സഹായധനംകൊണ്ട് ഈ വലിപ്പത്തിലുള്ള വീട് പോലും നിർമ്മിക്കുക എളുപ്പമാവില്ല. അതിനാൽ വീടിന്റെ വലിപ്പവും ഉള്ളിലെ സൗകര്യങ്ങളും കൈയിലുള്ള പണത്തിനനുസരിച്ച് തീരുമാനിക്കാൻ ഗുണഭോക്താക്കളെ പ്രേരിപ്പിക്കേണ്ടതുണ്ട്.

ഭവനനിർമ്മാണത്തിനു ആവശ്യമായ സാമഗ്രികൾ കുറഞ്ഞ ചെലവിൽ നല്ല ഗുണമേന്മയോടെ ലഭ്യമാക്കണം. വീട് പണിയാൻ ആവശ്യമായ ജോലിക്കാർ തുടർച്ചയായി കിട്ടുമെന്ന് ഉറപ്പുവരുത്തണം. ഇത് പഞ്ചായത്തിലെ ജനപ്രതിനിധികൾക്കോ ഉദ്യോഗസ്ഥർക്കോ മാത്രം ചെയ്യാൻ കഴിയുന്ന കാര്യമല്ല. പഞ്ചായത്ത് തോറും സാങ്കേതിക വിദഗ്ദ്ധർ/നല്ല സാങ്കേതിക ജോലിക്കാർ, മറ്റുള്ളവർ അടങ്ങുന്ന പിന്തുണാസംവിധാനം തുടർച്ചയായി പ്രവർത്തിച്ചാൽ ഭവനനിർമ്മാണം ഊർജ്ജസ്വലമായി നടപ്പാക്കാൻ കഴിയും.

ഭവനനിർമാണത്തിനു ഓരോതരം (എസ്.സി., എസ്.ടി, പൊതു) വീടിനും വേണ്ട അടങ്കൽ തുക നിശ്ചയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രാഥമിക കാര്യങ്ങൾ തീരുമാനിച്ചു കഴിഞ്ഞാൽ തുക ഗഡുക്കളായി നൽകാൻ കഴിയും. ആവശ്യമായ തുക പഞ്ചായത്ത് വശം ബാങ്കിൽ നിന്ന് സർക്കാർ അനുമതിയോടെ എടുക്കുന്ന വായ്പ വഴി ലഭ്യമാകും. അത് ഗഡുക്കളായി നൽകപ്പെടും.

മുമ്പ് ഈ പണം സ്വരൂപിക്കലായിരുന്നു പഞ്ചായത്തിന്റെ മുഖ്യപ്രശ്നം. സംസ്ഥാന ഗവൺമെന്റ് തുക ഏർപ്പാ

കൃഷിയെ സഹായിക്കുന്ന രീതിയിൽ മണ്ണ്-ജലസംരക്ഷണം അഞ്ചേക്കറിൽ താഴെ വിസ്തീർണ്ണം വരുന്ന കൃഷിയിട/പുരയിടങ്ങളിൽ നടപ്പാക്കാൻ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ വ്യവസ്ഥകൾ അനുവദിക്കുന്നു. പഞ്ചായത്തിനു നീർത്തടമാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്നുമാത്രം. വേണ്ട രീതിയിൽ പദ്ധതികൾ ഉണ്ടാക്കിയാൽ പഞ്ചായത്തിലെ പൊതുസ്വകാര്യ ഭൂമികളിൽ വിപുലമായ വൃക്ഷവൽക്കരണം നടപ്പാക്കാൻ കഴിയും. തോടുകളും ജലാശയങ്ങളും മറ്റും മാലിന്യമുക്തമാക്കുന്നതിനും ഇ.എം.എസ് ഭവനനിർമ്മാണത്തിലെ ചില മൺപണികൾ ചെയ്യുന്നതിനും തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്താം.

ടാക്കിയിരിക്കുന്നതിനാൽ പഞ്ചായത്തിനു വീട് പണിചെയ്യിക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കാം. അതിനുവേണ്ട സംവിധാനവും സന്നദ്ധസേവകരെയും സൃഷ്ടിച്ച് വീടുപണിക്ക് വേഗം കൂട്ടലും സമയബന്ധിതമായി അത് പൂർത്തീകരിക്കലുമാണ് പഞ്ചായത്തിന്റെ മുഖ്യകടമ ഇപ്പോൾ. ഇതിനു ആവശ്യമായ വിധത്തിൽ പഞ്ചായത്തിന്റെ പ്രവർത്തനം പുനഃക്രമീകരിക്കേണ്ടതുണ്ട്. ഇ.എം.എസ്. ഭവനനിർമ്മാണപദ്ധതിയുമായി ബന്ധപ്പെട്ട് നടത്തപ്പെടുന്ന പരിശീലനങ്ങളുടെയും തയ്യാറാക്കപ്പെടുന്ന കൈപ്പുസ്തകങ്ങളുടെയുമൊക്കെ ലക്ഷ്യം ഇത് ബന്ധപ്പെട്ടവർക്ക് മനസ്സിലാക്കിക്കൊടുക്കുകയാണ്.

തൊഴിലുറപ്പ് നിയമം അനുസരിച്ച് ഗ്രാമീണ കുടുംബങ്ങളിൽ സന്നദ്ധരാകുന്ന ഓരോ കുടുംബത്തിനും പ്രതിവർഷം 100 ദിവസത്തെ ജോലിയും കൂലിയും ഏർപ്പെടുത്തലാണ് മറ്റൊരു പ്രധാന പദ്ധതി. ഇത് കഴിഞ്ഞവർഷം മുതൽ എല്ലാ ജില്ലകളിലും നടപ്പാക്കിവരികയാണ്. അഴിമതി ഇല്ലാതെയും സുതാര്യമായുമൊക്കെയാണ് നടത്തിപ്പ് പക്ഷെ, ഏതാനും ലക്ഷം കുടുംബങ്ങൾക്ക് ലഭിക്കാവുന്നതിന്റെ നാലിലൊന്നോളം ദിവസത്തെജോലിയും കൂലിയുമാണ് 2008-09ൽ ലഭിച്ചത്. ഇത് 100 ദിവസമായി വർദ്ധിപ്പിക്കണം.

അതിനുകഴിയണമെങ്കിൽ നടപ്പാക്കാവുന്ന നിരവധി പദ്ധതികൾ തയ്യാറാക്കപ്പെടണം. കൃഷിയെ സഹായിക്കുന്ന രീതിയിൽ മണ്ണ്-ജലസംരക്ഷണം അഞ്ചേക്കറിൽ താഴെ വിസ്തീർണ്ണം വരുന്ന കൃഷിയിട/പുരയിടങ്ങളിൽ നടപ്പാക്കാൻ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ വ്യവസ്ഥകൾ അനുവദിക്കുന്നു. പഞ്ചായത്തിനു നീർത്തടമാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്നുമാത്രം. വേണ്ട രീതിയിൽ പദ്ധതികൾ ഉണ്ടാക്കിയാൽ പഞ്ചായത്തിലെ പൊതുസ്വകാര്യ ഭൂമികളിൽ വിപുലമായ വൃക്ഷവൽക്കരണം നടപ്പാക്കാൻ കഴിയും. തോടുകളും ജലാശയങ്ങളും മറ്റും മാലിന്യമുക്തമാക്കുന്നതിനും ഇ.എം.എസ് ഭവനനിർമ്മാണത്തിലെ ചില മൺപണികൾ ചെയ്യുന്നതിനും തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്താം. അതിനുവേണ്ട ഗൃഹപാഠം പഞ്ചായത്ത് നടത്തണം.

ഇതുപോലെ കുടുംബശ്രീ സംവിധാനം സ്വയം സഹായ സംഘങ്ങളെ നയിക്കാനും സഹായിക്കാനും നടത്തുന്ന വിഭിന്ന പ്രവർത്തനങ്ങളെ സഹായിക്കുന്നതിനും അവയ്ക്ക് പിൻബലം നൽകുന്നതിനും പഞ്ചായത്തുകൾക്ക് കഴിയുമെന്ന് കഴിഞ്ഞ രണ്ടു വർഷങ്ങളിലെ അവയുടെ അനുഭവം വിളിച്ചോതുന്നു. ഇപ്പോൾ തന്നെ എഡിഎസ്/സിഡിഎസ് പ്രവർത്തനങ്ങളിൽ പഞ്ചായത്തുകൾ കാര്യമായ പങ്ക് വഹിക്കുന്നുണ്ട്. എന്നാൽ, കുടുംബശ്രീ യൂണിറ്റുകൾ കാർഷികരംഗത്തും പരമ്പരാഗത-ചെറുകിട വ്യവസായരംഗങ്ങളിലും മറ്റും ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്. അത് പ്രോത്സാഹിപ്പിക്കേണ്ട നല്ല കാര്യമാണ്. എങ്ങനെയാണത് പ്രാദേശിക സർക്കാരുകൾക്ക് ചെയ്യാനാവുക? കുടുംബശ്രീയുമായും സഹകരണസംഘങ്ങളുമായും സഹകരിച്ച് അവ വിപണനത്തിനും കുടുംബശ്രീയുമായി ബന്ധപ്പെട്ട് വിവിധതലങ്ങളിലുള്ളവരുടെ പരിശീലനത്തിനും പരിപാടി തയ്യാറാക്കി നടപ്പാക്കണം.

ഈ പദ്ധതികൾ വഴി പ്രാദേശിക സർക്കാരുകളുടെ വികസന പ്രവർത്തനം പുതിയൊരു വിതാനത്തിലേയ്ക്ക് ഉയർത്തപ്പെടും. അതിന്റെ രൂപരേഖ വരച്ചുകാട്ടാനും ആ സർക്കാരുകളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും അതിന്റെ അടിസ്ഥാനത്തിലുള്ള കർത്തവ്യനിർവഹണത്തിന് സജ്ജരാക്കാനും ആണ് ഒക്ടോബറിൽ നടക്കുന്ന വ്യാപകമായ പരിശീലനം.

ഇതേവരെ ചെയ്തുവന്ന പ്രവർത്തനങ്ങളിൽനിന്ന് അളവിലും ഗുണത്തിലുമുള്ള മാറ്റം ഇപ്പോൾ നടപ്പാക്കാൻ പോകുന്ന പദ്ധതികൾ വഴി ഉണ്ടാകും. അതിനു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ജനകീയാസൂത്രണത്തിന്റെ (ഒരു തരത്തിൽ പറഞ്ഞാൽ) സ്രഷ്ടാക്കളും പ്രയോക്താക്കളുമായ സന്നദ്ധ പ്രവർത്തകർ എന്നിവർ മാനസികമായും കായികമായും, ഔദ്യോഗികമായും ജനകീയമായും ഒരുങ്ങേണ്ടതുണ്ട്, ഒരുക്കപ്പെടേണ്ടതുണ്ട്. ഈ പദ്ധതികളുടെ ഉദ്ദേശ ലക്ഷ്യങ്ങളെയും സാധ്യതകളെയും കുറിച്ച് അവർക്ക് ഉണ്ടാകുന്ന അവബോധവും പ്രേരണയുമായിരിക്കും ഇനിയങ്ങോട്ട് നടപ്പാക്കപ്പെടാൻ പോകുന്ന പദ്ധതി പ്രവർത്തനത്തിന്റെ തിരികുറ്റി.

ചില പദ്ധതികൾ നടപ്പാക്കപ്പെടുന്നു എന്ന രീതിയിൽ കേവലമായല്ല ഇപ്പോഴത്തെ പ്രവർത്തനത്തെ കാണേണ്ടത്. എല്ലാ കേരളീയ കുടുംബങ്ങൾക്കും സ്വന്തമായി വീട് ലഭിക്കുന്നത് ജനങ്ങളുടെ ആകെ അവബോധത്തിൽ, സുരക്ഷാബോധത്തിൽ, സാമൂഹ്യബോധത്തിൽ മാറ്റം വരുത്തും. തൊഴിലുറപ്പ് പദ്ധതി വഴി കുറെ ലക്ഷം കുടുംബങ്ങൾക്ക് ലഭിക്കുന്ന സാമ്പത്തികമായ മെച്ചപ്പെടൽ ഗ്രാമീണമേഖലയിലാകെ പല മാറ്റങ്ങളും വരുത്തും. അവരും കുടുംബശ്രീ പ്രവർത്തകരും കൂടി കൃഷി, പരിസ്ഥിതി, മാലിന്യനിർമ്മാർജനം, സ്ത്രീയുടെ സാമൂഹ്യപദവി മുതലായ കാര്യങ്ങളിൽ മാറ്റത്തിന്റെ പുതിയൊരു അദ്ധ്യായമാണ് വരും വർഷങ്ങളിൽ കേരളത്തിൽ വിരചിക്കാൻ പോകുന്നത്. ■

ലേഖകൻ സംസ്ഥാന ആസൂത്രണ ബോർഡ് അംഗമാണ്

പ്രൊഫ. പി.കെ. രവീന്ദ്രൻ

തൊഴിലും വീടും ജനകീയ ക്യാമ്പയിൻ

പതിനൊന്നാം പദ്ധതിയുടെ രണ്ടാം പകുതിയിൽ ശക്തമായ ഒരു ജനകീയ ക്യാമ്പയിന് തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറെടുക്കുകയാണ്. പദ്ധതിയുടെ തുടക്കത്തിൽ ലക്ഷ്യമിട്ട പരിപാടികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ജനകീയ പ്രവർത്തനം ഇതാണ് "തൊഴിലും വീടും ജനകീയ ക്യാമ്പയിൻ."

പതിനൊന്നാം പദ്ധതിക്കാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻഗണനാമേഖലകളായി നിർണ്ണയിച്ചവയാണ് പാർപ്പിടവും തൊഴിലും. ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വീടു നൽകുന്നതിനുള്ള ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതി ഈ സാഹചര്യത്തിലാണ് രൂപം കൊണ്ടത്. ഒൻപതാം പദ്ധതിക്കാലത്ത് ആരംഭിച്ച ജനകീയാസൂത്രണത്തോടെയാണ് തദ്ദേശഭരണസ്ഥാപനങ്ങൾ ദുർബ്ബല ജനവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണം ഏറ്റെടുത്തത്. ഒമ്പതാം പദ്ധതിക്കാലത്ത് 5 ലക്ഷവും പത്താം പദ്ധതിക്കാലത്ത് 3 ലക്ഷവും വീടുകൾ നിർമ്മിച്ചുനൽകാൻ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കഴിഞ്ഞു. ഇനിയും ഒരഞ്ചു ലക്ഷം വീടുകൾകൂടി വേണ്ടിവരുമെന്നാണ് പതിനൊന്നാം പദ്ധതിയുടെ ആരംഭത്തിൽ അതിനുവേണ്ടി നിയോഗിച്ച സമിതി കണ്ടെത്തിയത്. ഇത്രയും വീടുകൾ പതിനൊന്നാം പദ്ധതിക്കാലത്ത് പൂർത്തിയാക്കിയാൽ കേരളം ഭവനരഹിതരില്ലാത്ത സംസ്ഥാനമാകും. ഈ അടിസ്ഥാനത്തിലാണ് ഇ.എം.എസ് സമ്പൂർണ്ണഭവനപദ്ധതി വിഭാവനം ചെയ്തത്. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 2 ലക്ഷത്തിലേറെ വീടുകൾ പതിനൊന്നാം പദ്ധതിയുടെ ആദ്യരണ്ട് വർഷങ്ങളിൽ തന്നെ പൂർത്തിയാക്കിക്കഴിഞ്ഞു. ഇനിയും അവശേഷിക്കുന്ന മൂന്നു ലക്ഷം വീടുകൾ രണ്ടുവർഷംകൊണ്ടു തീർക്കുന്നതിനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്. കേന്ദ്ര, സംസ്ഥാന ഏജൻസികളുടെ പദ്ധതികളുടെ സഹായം കൂടി സ്വീകരിച്ച് 2009-2011 കാലഘട്ടം കൊണ്ട് ലക്ഷ്യം പൂർത്തീകരിക്കാനുള്ള ശ്രമത്തിലാണ് തദ്ദേശഭരണസ്ഥാപനങ്ങൾ. ഇതിനാവശ്യമായ തുക ബാങ്കുകളിൽ നിന്ന് തദ്ദേശഭരണസ്ഥാപനങ്ങൾ വായ്പയെടുക്കുന്നു. പലിശ സംസ്ഥാന സർക്കാർ നൽകും. അർഹരായ ഭൂരഹിതർ ഭവനരഹിതർക്ക് ഭൂമിയും വീടും നൽകുകയും ഭവനരഹിത കുടുംബങ്ങൾക്ക് വീട് നൽകുകയും ചെയ്യുന്ന പ്രവർത്തനം ഒരു ജനകീയ ക്യാമ്പയിനായി പൂർത്തികരിക്കാനുള്ള പ്രവർത്തനത്തിനാണ് തുടക്കമിട്ടിട്ടുള്ളത്.

മൂവായിരം കോടിയുടെയെങ്കിലും മുതൽമുടക്ക് വേണ്ടിവരുന്ന പ്രവർത്തനമാണിത്. കേരള സമൂഹത്തിന്റെ മുഴുവൻ പങ്കാളിത്തം ഇതിനാവശ്യമാണ്. ഭവനരഹിതരില്ലാത്ത ഇന്ത്യയിലെ ആദ്യസംസ്ഥാനമായി കേരളത്തെ മാറ്റാൻ ഈ ബഹുജന പ്രസ്ഥാനത്തിനു കഴിയും. പഞ്ചായത്തുകളും നഗരസഭകളും തോറും രൂപീകരിക്കുന്ന ജനപിന്തുണാ സംവിധാനങ്ങളുടെ സഹായത്തോടെ ഈ ചരിത്രനേട്ടം കൈവരിക്കാനുള്ള ശ്രമത്തിലാണ് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ.

കാർഷിക മേഖലയ്ക്ക് മുൻഗണന നൽകി ഭക്ഷ്യധാന്യ ഉൽപാദനവും ഗ്രാമീണമേഖലയിൽ തൊഴിലവസരങ്ങളും വർദ്ധിപ്പിക്കാനാണ് പതിനൊന്നാം പദ്ധതി ലക്ഷ്യമിട്ടത്. ഭക്ഷ്യവസ്തുക്കൾക്കനുഭവപ്പെടുന്ന ദൗർലഭ്യം ഈ മേഖലയുടെ പ്രാധാന്യം വർദ്ധിപ്പിച്ചു. കുടുംബശ്രീ സംവിധാനത്തിന്റെ സംഘകൃഷിയും കാർഷികോൽപന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള ചെറുകിടതൊഴിൽ സംരംഭങ്ങളും ഈ രംഗത്തെ പ്രധാന സംരംഭങ്ങളാണ്. 50000 ഏക്കറിൽ വരെ സംഘകൃഷി നടത്താൻ കുടുംബശ്രീ സംരംഭകർക്ക് കഴിഞ്ഞവർഷം കഴിഞ്ഞു. അത് ഒരു ലക്ഷം ഏക്കറിലേയ്ക്ക് വർദ്ധിപ്പിക്കാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്. ആയിരക്കണക്കിന് തൊഴിലവസരങ്ങൾ ഇതുവഴി പുതുതായി സൃഷ്ടിക്കപ്പെടും. നെല്ല്, മരച്ചീനി, പച്ചക്കറികൾ എന്നിങ്ങനെ ഭക്ഷ്യ വസ്തുക്കളുടെ ഉൽപാദനം വർദ്ധിക്കുകയും ചെയ്യും.

ലഘുസമ്പാദ്യസംഘങ്ങൾ എന്ന അവസ്ഥയിൽ മാത്രമാണ് നിരവധി അയൽക്കൂട്ടങ്ങൾ ഇന്നു പ്രവർത്തിക്കുന്നത്. അവയെ ഉൽപാദനസംരംഭകരാക്കി മാറ്റേണ്ടതുണ്ട്. ലഘു സമ്പാദ്യം ഉൽപാദനത്തിനുള്ള മൂലധനമാകണം. ഇതോടൊപ്പംകൂട്ടാൻ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് മിതമായ പലിശയ്ക്ക് വായ്പ ലഭ്യമാകുകയും വേണം. ബാങ്കുകൾ നൽകുന്ന വായ്പ നാലുശതമാനം പലിശയ്ക്ക് അയൽകൂട്ടങ്ങൾക്ക് ലഭ്യമാക്കാൻ ആവശ്യമായത്ര പലിശ സബ്സിഡി നൽകാൻ സർക്കാർ തീരുമാനിച്ചത് ഈ സാഹചര്യത്തിലാണ്. ഇത്തരത്തിൽ രൂപമെടുക്കുന്ന സൂക്ഷ്മതൊഴിൽ സംരംഭങ്ങളും "സമഗ്ര" പദ്ധതികളും വഴി പതിനായിരങ്ങൾക്ക് തൊഴിൽ നൽകാൻ കഴിയുന്ന സാഹചര്യമാണുള്ളത്.

ഇത്തരം സംരംഭങ്ങളെ സഹായിക്കാൻ കഴിയുന്ന തരത്തിൽ കേരളത്തിലെ കാർഷികമേഖലയ്ക്ക് പിന്തുണ നൽകാൻ കഴിയുന്ന രീതിയിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ഉപയോഗിക്കാനാണ് ജനകീയക്യമ്പയിൻ ലക്ഷ്യമിടുന്നത്. 10 ലക്ഷം കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ ലഭ്യമാക്കാനും അതുവഴി 1000 കോടി രൂപയെങ്കിലും ചെലവിടാനുമാണ് ലക്ഷ്യമിടുന്നത്.

മണ്ണ്-ജല സംരക്ഷണപ്രവർത്തനങ്ങൾക്കും വനവൽക്കരണത്തിനുമാണ് പ്രാമുഖ്യം. പൊതു ഭൂമിക്കുപുറമെ ചെറുകിട നാമമാത്രകർഷകരുടെ ഭൂമിയിൽ നീർത്തടാധിഷ്ഠിത പദ്ധതിയുടെ അടിസ്ഥാനത്തിൽ ജലസംരക്ഷണപ്രവർത്തനങ്ങൾക്കും ഹോർട്ടിക്കൾച്ചറൽ പ്രവർത്തനങ്ങൾക്കും അനുവാദമുണ്ട്. ഒറ്റത്തവണ നടത്താവുന്ന ഭൂവികസനപ്രവർത്തനങ്ങളുടെ കൂട്ടത്തിൽ തരിശുഭൂമികൃഷിയോഗ്യമാക്കാനും പറ്റും. ഓരോ പ്രദേശത്തുമുള്ള സാധ്യതകൾക്കനുസരിച്ച് പ്രവർത്തികൾ കണ്ടെത്താനും നടത്തിക്കാനും കഴിയുന്ന രീതിയിൽ പ്രാദേശികമായ ജനകീയ സംവിധാനങ്ങൾ രൂപപ്പെടണം. തൊഴിലുറപ്പു പദ്ധതിയിൽ കീഴിൽ അവിദഗ്ദ്ധതൊഴിലെടുക്കുന്നവരുടെ സംഘശക്തി പഞ്ചായത്തുകളിൽ ലേബർ ഗ്രൂപ്പുകളായും ലേബർ ബാങ്കുകളായും രൂപപ്പെടണം. പ്രാദേശികമായ ഉത്പാദന വികസനപ്രവർത്തനങ്ങൾക്കാവശ്യമായ തൊഴിൽശേഷി ഈ സംവിധാനങ്ങളിൽ നിന്നാണുണ്ടാകേണ്ടത്.

ഇത്തരത്തിൽ ജനകീയ പങ്കാളിത്തത്തോടെ ഇടപെട്ടാൽ ഭവനരഹിതർക്കെല്ലാം വീടും തൊഴിലെടുക്കാൻ താൽപര്യമുള്ളവർക്കെല്ലാം തൊഴിലും നൽകാൻ ഈ ചുരുങ്ങിയ കാലംകൊണ്ടു കഴിയും. ഇതിനാവശ്യമായ പശ്ചാത്തലം സൃഷ്ടിക്കലാണ് തൊഴിലും വീടും ജനകീയ ക്യാമ്പയിൻ. ■

ലേഖകൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയാണ്.

പതിനൊന്നാം പദ്ധതിയുടെ രണ്ടാം പകുതിയിൽ ശക്തമായ ഒരു ജനകീയ ക്യാമ്പയിന് തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറെടുക്കുകയാണ്. പദ്ധതിയുടെ തുടക്കത്തിൽ ലക്ഷ്യമിട്ട പരിപാടികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ജനകീയ പ്രവർത്തനം ഇതാണ് "തൊഴിലും വീടും ജനകീയ ക്യാമ്പയിൻ."

ശാരദാ മുരളീധരൻ

തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന്

കുടുംബശ്രീയുടെ കർമ്മ പരിപാടികൾ

ഇക്കഴിഞ്ഞ ഓണത്തിന് 1000 ചന്തകളും 5 കോടി രൂപ വിൽപ്പനയും ലക്ഷ്യമിട്ടു കൊണ്ടാണ് കുടുംബശ്രീ മിഷൻ ഓണചന്തകൾ ആസൂത്രണം ചെയ്തത്. എന്നാൽ സംഘാടന നേതൃത്വം പഞ്ചായത്തുകളും നഗരസഭകളും ഏറ്റെടുത്തതോടെ 1019 ചന്തകളും 12 കോടി രൂപയുടെ വില്പനയും കൈവരിക്കാൻ കഴിഞ്ഞു. 65000 യൂണിറ്റുകളാണ് ഓണച്ചന്തകളിൽ ഉത്പ്പന്നങ്ങളുമായി പങ്കെടുത്തത്. മാത്രമല്ല കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സംഘകൃഷിയിലൂടെ ഉത്പാദിപ്പിച്ച പച്ചക്കറികൾക്ക് ഓണച്ചന്തകളിൽ വലിയ സ്വീകാര്യത ലഭിച്ചു. സംരംഭകരെ പ്രോത്സാഹിപ്പിക്കൽ, ചന്തയ്ക്കാവശ്യമായ അളവിൽ ഉത്പാദനത്തിനുള്ള പിന്തുണ നല്കൽ, ചന്തയ്ക്കനുയോജ്യമായ സ്ഥലം കണ്ടെത്തൽ, വിപുലമായ പ്രചാരണം, പൊതു സംഘാടനം തുടങ്ങി എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കിയത് പഞ്ചായത്തുകളും നഗരസഭകളുമായിരുന്നു. പ്രാദേശികമായ ഉത്പാദനവും ഉപഭോഗവും ബന്ധിപ്പിക്കുന്നതിന് അനുയോജ്യമായ പ്രാദേശിക ഉത്പാദന വിപണന ശൃംഖല രൂപപ്പെടുത്താൻ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും നേതൃത്വപരമായ പങ്കുവഹിക്കാൻ കഴിയുമെന്നാണ് ഇത്തവണത്തെ കുടുംബശ്രീ ഓണചന്തയിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾ തെളിയിച്ചത്. കുടുംബശ്രീ ഓണചന്തകൾ വിജയിപ്പിക്കുന്നതിന്, ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും നല്കിയ സംഭാവനയ്ക്ക് കുടുംബശ്രീ മിഷന്റെ പ്രത്യേക നന്ദിയും അഭിനന്ദനവും രേഖപ്പെടുത്തുന്നു.

കുടുംബശ്രീയുടെ പ്രവർത്തനത്തിൽ കാതലായ മാറ്റം വന്നു കഴിഞ്ഞു. കുടുംബശ്രീയുടെ രൂപീകരണ ഘട്ടത്തിലും വ്യാപന കാലഘട്ടത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്നതിൽ നിന്നും തികച്ചും വ്യത്യസ്തവും ഉത്തരവാദിത്വപൂർണ്ണവുമായ ഘടനയും പ്രവർത്തനയിടവുമാണ് ഇന്ന് ഉള്ളത്. സ്ത്രീകളുടെ സാമൂഹ്യ സംഘടനയായ കുടുംബശ്രീയുടെ സ്വതന്ത്രമായ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും അതിനാവശ്യമായ അനുകൂല പരിതസ്ഥിതി സൃഷ്ടിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതലയുണ്ട്. അതോടൊപ്പം സാമ്പത്തിക സാമൂഹ്യ ശാക്തീകരണത്തിന് ആവശ്യമായ പ്രവർത്തന പരിപാടികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പിന്തുണാ സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വ സ്ഥാനത്തുണ്ടാവണം.

കുടുംബശ്രീ രൂപീകരണത്തിനും വ്യാപനത്തിനും നേതൃത്വം നല്കിയത് പഞ്ചായത്ത്/നഗരസഭകളാണ്. ജനകീയാസൂത്രണത്തിന്റെ ഒന്നാം ഘട്ടത്തിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച വച്ച 250 ഗ്രാമ പഞ്ചായത്തുകളിലാണ് കുടുംബശ്രീ പ്രവർത്തനത്തിന് തുടക്കം കുറിച്ചത്. ഇന്ന് പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ കുടുംബശ്രീ സൂക്ഷ്മ സംഘടനാ സംവിധാനത്തിനും വലിയ സംഭാവന ചെയ്യാൻ കഴിയും. ആസൂത്രണ പങ്കാളിത്തം, വികസന പ്രവർത്തനങ്ങളുടെ നിർവ്വഹണ മേൽനോട്ടം, സാമൂഹിക വിലയിരുത്തൽ തുടങ്ങി എല്ലാ പ്രക്രിയകളിലും സ്ത്രീ പങ്കാളിത്തവും നേതൃത്വവും ലഭ്യമാക്കാൻ കുടുംബശ്രീ സംഘടനാ സംവിധാനത്തിന് കഴിയുന്നുണ്ട്.

കേരളത്തിലെ ഗ്രാമങ്ങളുടെ സ്വഭാവം, വാർഡുകളുടെ വലിപ്പം എന്നിവ വികസന പ്രവർത്തന ത്തിൽ ഗ്രാമസഭകളുടെ ക്രിയാത്മക പങ്കാളിത്തത്തെ പ്രതികൂലമായി ബാധിക്കുന്നു. അയൽക്കൂട്ടം, ഏരിയാ ഡവലപ്മെന്റ് സൊസൈറ്റി എന്നീ സംഘടനാ തലങ്ങൾ വികസന പ്രക്രിയയിൽ സൂക്ഷ്മതല പങ്കാളിത്തം ക്രിയാത്മകമാക്കാൻ സഹായിക്കും. ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ, മേൽനോട്ടം, സാമൂഹിക ആഡിറ്റിംഗ് എന്നിവ ഗുണപരമാകുന്നത് ജനപങ്കാളിത്തം വർ ദ്ധിക്കുമ്പോൾ മാത്രമാണ്. അധികാരവികേന്ദ്രീകരണവും പ്രാദേശിക ആസൂത്രണവും ശക്തിപ്പെടുന്നതിനും വ്യവസ്ഥാപിതമാക്കുന്നതിനും ജനപങ്കാളിത്തം ഉയർന്നേ മതിയാകൂ. ഇതിൽ കുടുംബശ്രീക്ക് നിർണായക പങ്കുവഹിക്കാൻ കഴിയും. കേരളത്തിലെ അധി കാര വികേന്ദ്രീകരണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനും വികസന നിർവ്വഹണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കുടുംബശ്രീ പ്രസ്ഥാനത്തെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയും. കേവലം സാമ്പത്തികാനുകൂല്യ സമ്പാദനം എന്ന രീതിയിൽ നിന്നും അവകാശാധിഷ്ഠിത സമീ പനത്തിലേയ്ക്കുള്ള മാറ്റത്തിന് ഈ സംഘടനാ പ്രവർത്തനം ഉതകുന്നു. സാമ്പത്തിക-സാമൂഹിക സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കാനും നടപ്പിലാക്കാനും കഴിയുന്ന തരത്തിൽ സംഘടനാ സംവിധാനത്തെ കെട്ടുറപ്പുള്ളതാക്കാൻ കഴിഞ്ഞിട്ടുണ്ട്. അവകാശാധിഷ്ഠിതമായ ഒരു പ്രവർത്തന ശൈലി സ്വാംശീകരിക്കുന്നതിനും പ്രായോഗികമാക്കുന്നതിനും ആവശ്യമായ തരത്തിൽ സംഘടനാ സംവിധാനത്തെ രൂപാന്തരപ്പെടുത്താൻ കഴിഞ്ഞു. സംഘടനാ സംവിധാനത്തിന്റെ ജനാധിപത്യ സ്വാതന്ത്ര്യം നിലനിർത്തുന്നതിനും പ്രായോഗികമാക്കുന്നതിനും കുടുംബശ്രീ ബൈലോ പരിഷ്കരിച്ചിട്ടുണ്ട്. പുതിയ ചുമതലകൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ പരിശീലനം സി.ഡി. എസ്., എ.ഡി.എസ്. അയൽക്കൂട്ട ഭാരവാഹികൾക്ക് നല്കിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയായ ദാരിദ്ര്യ നിർമ്മാർജ്ജനം, സാമൂഹ്യ ശാക്തീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ സഹായിക്കുവാനുള്ള പ്രാപ്തി കുടുംബശ്രീ സംഘടനാ സംവിധാനം ആർജ്ജിച്ചു വരുന്നു. അതിന് അനുയോജ്യമായ രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനവും തമ്മിലുള്ള ബന്ധം വ്യക്തമായി നിർവ്വചിക്കാനും കഴിഞ്ഞിട്ടുണ്ട്.

കുടുംബശ്രീയുടെ പ്രവർത്തനത്തിൽ കാതലായ മാറ്റം വന്നു കഴിഞ്ഞു. കുടുംബശ്രീയുടെ രൂപീകരണ ഘട്ടത്തിലും വ്യാപന കാലഘട്ടത്തിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്നതിൽ നിന്നും തികച്ചും വ്യത്യസ്തവും ഉത്തരവാദിത്വപൂർണ്ണവുമായ ഘടനയും പ്രവർത്തനയിടവുമാണ് ഇന്ന് ഉള്ളത്. സ്ത്രീകളുടെ സാമൂഹ്യ സംഘടനയായ കുടുംബശ്രീയുടെ സ്വതന്ത്രമായ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും അതിനാവശ്യമായ അനുകൂല പരിതസ്ഥിതി സൃഷ്ടിക്കുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ചുമതലയുണ്ട്.

വിലയിരുത്തൽ സമിതി

കുടുംബശ്രീ സംഘടനാ സംവിധാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട തലമാണ് വിലയിരുത്തൽ സമിതി. പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/മേയറുടെ അദ്ധ്യക്ഷതയിലുള്ള വിലയിരുത്തൽ സമിതിക്ക് വിപുലമായ അധികാരങ്ങളും ചുമതലകളുമാണുള്ളത്. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ വാർഷിക കർമ്മ പദ്ധതിക്ക് അംഗീകാരം നല്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളാണ്. സി.ഡി.എസ്. കർമ്മ പദ്ധതി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് വിലയിരുത്തൽ സമിതിക്ക് നല്കുകയും വിലയിരുത്തൽ സമിതി വിശദമായ പരിശോധനയും ശുപാർശകളും അടങ്ങുന്ന റിപ്പോർട്ട് സഹിതം പഞ്ചായത്ത്/നഗരസഭാ കൗൺസിലുകളിൽ അവതരിപ്പിച്ച് അംഗീകാരം നേടുകയും ചെയ്യുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അംഗീകാരം ലഭിച്ച കർമ്മ പദ്ധതിയുടെ നിർവ്വഹണ പുരോഗതിയും ഗുണപരതയും യഥാസമയം വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമുള്ള നടപടി നിർദ്ദേശിക്കുന്നതിനും വിലയിരുത്തൽ സമിതികൾക്ക് അധികാരമുണ്ട്. എന്നാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വിലയിരുത്തൽ സമിതി പ്രവർത്തനം വേണ്ടത്ര സജീവമായിട്ടില്ല. ഒരു പ്രദേശത്തെ സാമൂഹ്യ സാമ്പത്തിക ശാക്തീകരണത്തിന് സഹായകമായ കർമ്മ പദ്ധതിയാണോ രൂപപ്പെട്ടത്, ഇതിലെ പരിമിതികളും പോരായ്മകളും എന്താണ്; ഇവ നിർവ്വഹണ സാധ്യമാണോ, വിട്ടുപോയ

ഘടകങ്ങൾ ഉണ്ടോ; തുടങ്ങി സൂക്ഷ്മമായ വിശകലനത്തിനും തുടർന്ന് മാർഗ്ഗനിർദ്ദേശങ്ങൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും വിലയിരുത്തൽ സമിതികൾക്കും കഴിയേണ്ടതാണ്. ഇത്തരം നയപരമായ കാര്യങ്ങൾ കൂട്ടായി ആലോചിച്ച് ആവിഷ്കരിക്കാനുള്ള കഴിവാണ് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വളർച്ചയിലും വികാസത്തിനും അനിവാര്യമായിട്ടുള്ളത്. അതേസമയം അയൽക്കൂട്ട-എ.ഡി.എസ്.- സി.ഡി.എസ്. സംവിധാനങ്ങളുടെ പ്രവർത്തന സ്വാതന്ത്ര്യത്തെ നിരന്തരം വളർത്താനും പ്രോത്സാഹിപ്പിക്കുവാനുമുള്ള ജനാധിപത്യ ശൈലിയും സ്വീകരിക്കേണ്ടതാണ്.

വിലയിരുത്തൽ സമിതിയും സി.ഡി.എസ് കർമ്മ പരിപാടിയും

സി.ഡി.എസ് കർമ്മ പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകാരം നല്കി കഴിഞ്ഞു. സി.ഡി.എസ് പ്ലാൻ ഒരു ഡിമാന്റ് പ്ലാൻ മാത്രമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനം, കുടുംബശ്രീ മിഷൻ, മറ്റു വകുപ്പുകൾ, ഏജൻസികൾ തുടങ്ങി വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സഹായങ്ങൾ കൂട്ടിയോജിപ്പിക്കലാണ് സി.ഡി.എസ് കർമ്മ പദ്ധതിയിലൂടെ നിർവ്വഹിക്കുന്നത്. സി.ഡി.എസ് കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന സാമൂഹ്യ സാമ്പത്തിക വികസന പ്രവർത്തനങ്ങൾ യഥാസമയം പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിന് ആവശ്യമായ പിന്തുണ തദ്ദേശഭരണ സ്ഥാപനങ്ങൾ നല്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന പദ്ധതിയുമായി സംയോജിപ്പിക്കേണ്ടവയെ സംയോജിപ്പിക്കുകയും വേണം. ഏതായാലും വാർഷിക കർമ്മ പദ്ധതിയുമായി ബന്ധപ്പെടുത്തി ഇക്കൊല്ലം അടിയന്തരമായി ചെയ്തു തീർക്കാവുന്നതും ദാരിദ്ര്യ ലഘൂകരണത്തിന് ഉതകുന്നതുമായ താഴെപ്പറയുന്ന പരിപാടികൾ വിജയിപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തീർച്ചയായും കഴിയണം.

1. ലഘുസമ്പാദ്യ വായ്പയും ലിങ്കേജും - കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യത

പാവപ്പെട്ടവരും സാധാരണക്കാരുമായ ബഹുഭൂരിപക്ഷത്തിനും വിദ്യാഭ്യാസ-ചികിത്സാവശ്യങ്ങൾ ഉൾപ്പെടെ ഉള്ള ഉപഭോഗാവശ്യങ്ങൾക്കും നിത്യവൃത്തിക്കായുള്ള വരുമാനദായക സ്വയം സംരംഭങ്ങൾക്കും പണമൂലധനാവശ്യങ്ങൾക്കും വായ്പ അത്യാവശ്യമാണ്. ഔപചാരിക ബാങ്കിംഗ് സംവിധാനങ്ങളിലൂടെ ഇത്തരം വായ്പകൾ പാവപ്പെട്ടവന് അപ്രാപ്യമാണ്. ഇവിടെയാണ് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വീട്ടുമുറ്റത്തെ ബാങ്കുകൾ എന്ന നിലയിൽ കേരളത്തിലൊട്ടാകെ പാവപ്പെട്ടവർക്ക്

> സംരംഭ വികസനത്തിനായി നടക്കുന്ന പ്രവർത്തനങ്ങളിൽ വിപണി വികസനത്തിന് ഉയർന്ന പരിഗണന നൽകണം. ഓണച്ചന്തയുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മാസച്ചന്ത, ആഴ്ചച്ചന്ത സാധ്യതകൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കണം. പ്രാദേശിക ഉത്സവങ്ങളും ആഘോഷങ്ങളുമായി ബന്ധപ്പെടുത്തി ചന്ത സംഘടിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. ഇത്തരം ശ്രമങ്ങളിലൂടെയുള്ള ഉത്പ്പന്നങ്ങൾക്ക് പ്രാദേശിക ഉപഭോക്താക്കളെ കണ്ടെത്താനുള്ള ശ്രമം സംഘടനാ സംവിധാനത്തിന്റെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

എപ്പോഴും പ്രാപ്യമായ ഒരു അനൗപചാരിക ബാങ്കിംഗ് നെറ്റ്‌വർക്ക് സംവിധാനം രൂപപ്പെടുത്തിയിട്ടുള്ളതും ഇത്തരം വായ്പാവശ്യങ്ങൾ യഥാവസരത്തിലും വിശ്വാസ്യതയോടെയും നിർവ്വഹിച്ചു പോരുന്നതും. ലഘുസമ്പാദ്യത്തിലൂടെയുള്ള ആഭ്യന്തര വായ്പാ പദ്ധതി പ്രകാരം ഇതു പൂർണ്ണമായി നിറവേറ്റപ്പെടുക സാധ്യമല്ല. ഇവിടെയാണ് ബാങ്ക് ലിങ്കേജ് വായ്പയുടെ പ്രസക്തി. മാത്രമല്ല, കേരള സർക്കാർ ഇത്തവണത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച് നടപ്പിലാക്കാൻ പോകുന്ന 4 ശതമാനം പലിശയ്ക്ക് അയൽക്കൂട്ടങ്ങൾക്ക് വായ്പ പ്രസ്തുത അനൗപചാരിക ബാങ്കിംഗ് സംവിധാനത്തെ അരക്കിട്ടുറപ്പിക്കുകയും ചെയ്യുന്നു. പാവപ്പെട്ടവർക്ക് ലഭിക്കാൻ പോകുന്ന ഈ സാധ്യത ലഭ്യമാക്കുന്നതിന് തദ്ദേശഭരണത്തിന്റെ പിന്തുണ അനിവാര്യമാണ്.

1. ആറുമാസം പ്രായമായ അയൽക്കൂട്ടങ്ങളെല്ലാം ഗ്രേഡിംഗിന് വിധേയമാകണം
2. ബാങ്ക് ലിങ്കേജ് ഉറപ്പാക്കണം
3. ബാങ്കുകളുടെ സഹകരണം ആർജ്ജിച്ച് വായ്പാ മേളകൾ സംഘടിപ്പിക്കണം
4. വായ്പാമേളകൾ വിപണന മേളകളായി വളർത്തണം
5. പാവപ്പെട്ടവരും സാധാരണക്കാരുമായ ഏവരേയും (ബി.പി.എൽ/എ.പി.എൽ വ്യത്യാസമില്ലാതെ) അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാക്കണം. പ്രാന്തവത്ക്കരണത്തിന് വിധേയരാക്കപ്പെടുന്ന എല്ലാവരും അയൽക്കൂട്ടങ്ങളിൽ എത്തണം.

2. സംഘകൃഷി

ഭക്ഷ്യസുരക്ഷയും നാടൻ ഭക്ഷ്യോത്പാദനമാവുമായി ബന്ധപ്പെടുത്തിയും കാർഷിക സംസ്കൃതിയുടെ പുനരുജ്ജീവനവും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിയും എൻ.ആർ.ഇ.ജി.എസിലൂടെ ലഭിക്കുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടും സംഘകൃഷി ഗ്രാമ-നഗര വ്യത്യാസമന്യേ വ്യാപിപ്പിക്കുകയാണ് ഉദ്ദേശം. ഇതിന് എന്തൊക്കെ ചെയ്യണം.

1. സി.ഡി.എസ് ആക്ഷൻപ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന സംഘകൃഷി സാധ്യത നടപ്പിലാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുക.
2. കൃഷിയോഗ്യമായ പൊതു സ്വകാര്യ തരിശുഭൂമി കണ്ടെത്തി തിട്ടപ്പെടുത്തലും കൃഷിക്ക് ലഭ്യമാക്കലും
3. അനുയോജ്യരായ കുടുംബശ്രീ കാർഷിക സംഘങ്ങളുടെ രൂപീകരണം
4. കൃഷിഭവൻ ഉൾപ്പെടെയുള്ള കാർഷിക വിജ്ഞാന-ഗവേഷണ കേന്ദ്രങ്ങളുമായി കാർഷിക സംഘങ്ങളെ ബന്ധപ്പെടുത്തലും പരിശീലനവും
5. ഉത്സവ-ആഘോഷങ്ങളുമായി ബന്ധപ്പെടുത്തിയുള്ള കൃഷിയും വിളവെടുപ്പും
6. കൃഷിസ്ഥലം ഒരുക്കലിനും പിന്നോക്ക വിഭാഗത്തിന്റെ പുരയിടകൃഷിക്കും ആവശ്യമായ എൻ.ആർ.ഇ.ജി.എസ് അവസരങ്ങൾ കണ്ടെത്തുകയും നടപ്പിലാക്കുകയും
7. ജൈവ-നാടൻ ഉത്പ്പന്ന വിപണി സജീവമാക്കൽ
8. ഏരിയാ ഇൻസെന്റീവും പ്രോഡക്ട് ഇൻസെന്റീവും കുടുംബശ്രീ വഴി ലഭ്യമാക്കൽ
9. കുറഞ്ഞ പലിശയ്ക്ക് വായ്പാ ലഭ്യത ഉറപ്പാക്കൽ

3. സൂക്ഷ്മ തൊഴിൽ സംരംഭ സാധ്യതകൾ

സ്വയം തൊഴിൽ രംഗത്തേയ്ക്ക് യുവാക്കളേയും യുവതികളേയും ആകർഷിച്ച് തുടങ്ങുന്ന സംരംഭങ്ങൾ നിലനിർത്തുന്നതിനാവശ്യമായ മൂലധന-സാങ്കേതിക വിപണി സംവിധാനങ്ങൾക്കാവശ്യമായ സഹായങ്ങൾ തുടർന്നും നൽകി തൊഴിലും വരുമാനവും ഉറപ്പിക്കുകയാണ് ലക്ഷ്യം. ഉടൻ ചെയ്യാവുന്നതെന്തൊക്കെ ?

1. സി.ഡി.എസ് ആക്ഷൻപ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന സംരംഭ സാധ്യതകൾ തിട്ടപ്പെടുത്തൽ
2. പ്രാദേശികാടിസ്ഥാനത്തിൽ നിലവിലുള്ളതും കൊഴിഞ്ഞുപോയതുമായ സംരംഭ സംഗമങ്ങൾ-പ്രശ്നങ്ങൾക്ക് പരിഹാരം
3. പുതിയ സംരംഭകരെ കണ്ടെത്തുവാനായി ജനറൽ ഓറിയന്റേഷൻ ട്രെയിനിംഗ്
4. ഉചിതമായ സംരംഭങ്ങളും മൂലധനവും കണ്ടെത്തുന്നതിന് കുടുംബശ്രീയുടെ മൈക്രോ എന്റർപ്രൈസ് കൺസൽട്ടന്റുമാരുടെ (എം.ഇ.സി) സേവനം ലഭ്യമാക്കൽ.
5. കുടുംബശ്രീ സഹായങ്ങളായ പരിശീലനങ്ങൾ, ഇന്നവേഷൻ ഫണ്ട്, ടെക്നോളജി ഫണ്ട്, റിവോൾവിംഗ് ഫണ്ട്, പലിശ സബ്സിഡി എന്നിവ ലഭ്യമാക്കൽ.

സംരംഭ വികസനത്തിനായി നടക്കുന്ന പ്രവർത്തനങ്ങളിൽ വിപണി വികസനത്തിന് ഉയർന്ന പരിഗണന നൽകണം. ഓണച്ചന്തയുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മാസച്ചന്ത, ആഴ്ചച്ചന്ത സാധ്യതകൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കണം. പ്രാദേശിക ഉത്സവങ്ങളും ആഘോഷങ്ങളുമായി ബന്ധപ്പെടുത്തി ചന്ത സംഘടിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. ഇത്തരം ശ്രമങ്ങളിലൂടെയുള്ള ഉത്പ്പന്നങ്ങൾക്ക് പ്രാദേശിക ഉപഭോക്താക്കളെ കണ്ടെത്താനുള്ള ശ്രമം സംഘടനാ സംവിധാനത്തിന്റെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

4. ആശ്രയ പുനഃപരിശോധന

അഗതികളായി നമ്മുടെ സമൂഹത്തിൽ അവശേഷിക്കുന്ന രണ്ടു ശതമാനത്തോളം വരുന്ന ജനതയെ അവരുടെ അതിജീവനാവശ്യങ്ങൾ നിവർത്തിക്കുവാൻ തക്ക സഹായങ്ങൾ നൽകുവാനുള്ള സാമൂഹ്യ ഉത്തരവാദിത്വമാണ് ആശ്രയ പുനഃപരിശോധനയിലൂടെ ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി ഉടനെ ചെയ്യേണ്ടവ.

1. നിലവിലുള്ള പദ്ധതികളുടെ പരാധീനതകൾ പരിഹരിച്ച് നവംബർ മാസത്തിനുള്ളിൽ ആശ്രയ ലക്ഷ്യ സാക്ഷാത്കാരത്തിനുള്ള പുനപരിശോധന പൂർത്തീകരിക്കൽ.
2. ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അൻപതിനായിരത്തിൽപ്പരം അഗതികൾക്ക് ഭക്ഷണം, ചികിത്സ, മരുന്ന് തുടങ്ങിയ അതിജീവനാവശ്യങ്ങൾ ഉടനെ ലഭ്യമാക്കൽ.
3. പദ്ധതിയിൽ നേരത്തെ തന്നെ ഉൾപ്പെട്ടുത്തിയിട്ടുള്ള സേവന ഘടകങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുക.

5. സ്ത്രീപദവി സ്വയം പഠന പ്രക്രിയ

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ മുന്നുപാധികളായ സാമ്പത്തിക ശാക്തീകരണം, സാമൂഹ്യശാക്തീകരണം എന്നീ യത്നങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് സ്ത്രീ ശാക്തീകരണം. ഇന്നത്തെ കേരളീയ സാഹചര്യങ്ങളിൽ സ്ത്രീശാക്തീകരണത്തിന്റെ പ്രസക്തി വളരെ കൂടുതലാണ്. 37 ലക്ഷത്തിൽപ്പരം കുടുംബങ്ങൾ ഉൾപ്പെടുന്ന കുടുംബശ്രീ ശൃംഖലയിലെ രണ്ടു ലക്ഷത്തോളം അയൽക്കൂട്ടങ്ങളിൽ സ്ത്രീകൾ സ്വയം തങ്ങളുടെ സ്വത്വം തിരിച്ചറിയുന്ന ഒരു പഠനബോധന പ്രക്രിയ നവംബർ മാസത്തിൽ ആരംഭിക്കുന്നു. എൻ.ആർ.ഇ.ജി.എസിലെ സ്ത്രീപക്ഷ സമീപനം പാഠ്യവിഷയമാക്കി സമാരംഭിക്കുന്ന ഈ വിദ്യാഭ്യാസ പരിപാടി മലയാളി സമൂഹത്തിന്റെ സാമൂഹ്യ സാംസ്കാരിക കാഴ്ചപ്പാടിൽത്തന്നെ പുതിയ ദിശാമാറ്റത്തിന് നാന്ദിയാകുന്നതാണ്. ഇത്തരം വിപുലമായ ഒരു ബഹുജന വിദ്യാഭ്യാസ പരിപാടി ഇതുവരെ കേരളം ദർശിച്ചിട്ടുള്ളതിൽ നിന്നും വിഭിന്നമായിരിക്കും. ■

ലേഖിക കുടുംബശ്രീ മിഷനിൽ എക്സിക്യൂട്ടീവ് ഡയറക്ടറാണ്

തൊഴിലുറപ്പ് പദ്ധതി ഇനി ശ്രദ്ധിക്കേണ്ടത്

വി.എൻ. ജിതേന്ദ്രൻ

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നടപ്പാക്കിയിട്ടുള്ള എല്ലാ പൊതു തൊഴിൽ പരിപാടികളിൽ നിന്നും പാടേ വ്യത്യസ്തമാണ് ദേശീയ ഗ്രാമീണ തൊഴിൽ നിയമം. ആവശ്യപ്പെടുന്ന സമയത്ത് സ്വന്തം വീടിനടുത്ത് തൊഴിൽ ലഭിക്കുവാനുള്ള അവകാശം, തൊഴിൽ കിട്ടിയില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം, മാന്യമായ തൊഴിൽ സാഹചര്യങ്ങൾ കിട്ടുവാനുള്ള അവകാശം, മിനിമം കൂലിക്കുള്ള അവകാശം, സ്ത്രീക്കും പുരുഷനും തുല്യ വേതനത്തിനുള്ള അവകാശം എന്നിങ്ങനെ തൊഴിലുമായി ബന്ധപ്പെട്ട് നിരവധി നിയമ പ്രാബല്യമുള്ള അവകാശങ്ങൾ തൊഴിലാളികൾക്ക് പ്രദാനം ചെയ്യുന്ന നിയമമാണിത്. പ്രവർത്തികളുടെ മേൽനോട്ടച്ചുമതല കുടുംബശ്രീ പ്രവർത്തകർക്കു നൽകികൊണ്ടും തൊഴിലാളികളുടെ കൂലി അവരുടെ ബാങ്ക് അക്കൗണ്ടിലൂടെ നൽകി കൊണ്ടും ഇടനിലക്കാരെ ഒഴിവാക്കാനും അഴിമതി ഇല്ലാതാക്കാനുമുള്ള അവസരം തൊഴിലുറപ്പു പദ്ധതി തുറന്നു നൽകിയിട്ടുണ്ട്.

പാവപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തികൊണ്ടും ജലസ്രോതസ്സുകൾ സംരക്ഷിച്ചുകൊണ്ടും മണ്ണിനേയും ജൈവ സമ്പത്തിനെയും പരിപോഷിപ്പിച്ചു കൊണ്ടും തൊഴിലുറപ്പു പദ്ധതി കേരളത്തിലെ ഗ്രാമങ്ങളിൽ വലിയ മാറ്റം വരുത്തിക്കൊണ്ടിരിക്കുകയാണ്. തൊഴിലുറപ്പു പദ്ധതിയുടെ നിർവ്വഹണത്തിലൂടെ ഇന്ത്യയ്ക്കു മാതൃകയായ നിരവധി വിജയകഥകൾ നമ്മുടെ പല പഞ്ചായത്തുകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ഈ വർഷം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

1. പരമാവധി കുടുംബങ്ങൾക്ക് തൊഴിൽ നൽകുക

കഴിഞ്ഞ വർഷം സംസ്ഥാനത്ത് 7 ലക്ഷത്തോളം കുടുംബങ്ങൾക്ക് തൊഴിൽ നൽകി. ഇതിനായി 224 കോടി രൂപ തൊഴിലുറപ്പു പദ്ധതിയിൽ ചെലവഴിച്ചു.

ഈ വർഷം ചുരുങ്ങിയത് 10 ലക്ഷം കുടുംബങ്ങൾക്ക് ശരാശരി 80 ദിവസമെങ്കിലും തൊഴിൽ നൽകാനാകണം. 1000 കോടി രൂപ തൊഴിലുറപ്പു പദ്ധതിയിൽ ചെലവഴിക്കാനായാൽ സാമ്പത്തികമാന്ദ്യത്തെ മറികടക്കാനുള്ള ശക്തമായ ഒരു ഉത്തേജന പ്രവർത്തനമായതു മാറും. പരമാവധി കുടുംബങ്ങളെ തൊഴിലെടുക്കാൻ എത്തിക്കുവാനും അവർക്ക് 100 ദിവസത്തെ പണി നൽകുവാനുമുള്ള പ്രവർത്തനം വാർഡുതലത്തിലാണ് നടക്കേണ്ടത്. ഇത്തരത്തിലുള്ള ഒരു സമാഹരണ പ്രവർത്തനത്തിന് വാർഡുമെമ്പർമാർ നേതൃത്വം നൽകണം.

2. വലിയ പ്രവർത്തികൾ സംഘടിപ്പിക്കണം

കഴിഞ്ഞ വർഷം ഏകദേശം 55000 ചെറിയ പ്രവർത്തികളാണ് തൊഴിലുറപ്പു പദ്ധതിയിൽ ഏറ്റെടുത്തത്. മിക്ക പ്രവർത്തികളും ശരാശരി 25000 രൂപയ്ക്കു താഴെ മാത്രം അടങ്കൽ വരുന്നവയായിരുന്നു. തൊഴിലുറപ്പു പദ്ധതിയുടെ നിർവ്വഹണ രീതികൾ ചെയ്തു പഠിക്കുന്ന ഒരു ഘട്ടമായിരുന്നത്. ഈ വർഷം വലിയ പ്രവർത്തികൾ ഏറ്റെടുത്തുകൊണ്ട് ഈടുറ്റ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുവാനുള്ള ആത്മാർത്ഥമായ ശ്രമം വേണം. നമ്മുടെ നദികളുടെയും പുഴകളുടെയും പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ തൊഴിലുറപ്പു പദ്ധതിയിൽ ഏറ്റെടുക്കാൻ സാധിക്കണം.

3. നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

തൊഴിലുറപ്പു പദ്ധതി നടപ്പിലാക്കുന്നത് ഒരു നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിബന്ധന വയ്ക്കുന്നതിന് മൂന്നു പ്രധാന കാരണങ്ങളുണ്ട്.

(1) തൊഴിലുറപ്പു പദ്ധതി അടിസ്ഥാനപരമായി ഒരു ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയാണ്. ദാരിദ്ര്യത്തിന്റെ പല കാരണങ്ങളിലൊന്ന് പരിസ്ഥിതി തകർച്ചയാണ്. നിലനിൽപ്പിനുവേണ്ടി പ്രകൃതി വിഭവങ്ങളെ ആശ്രയിക്കുന്ന, നമ്മൾ കരുതുന്നതിലും വലിയ ഒരു പാർശ്വ സമൂഹം കേരളത്തിലുണ്ട്. തഴയും പുല്ലും കൊണ്ട് പായ നെയ്യുന്നവർ, മുളയും ഈറയും ചൂരലും കൊണ്ട് നിത്യോപയോഗസാധനങ്ങളുണ്ടാക്കുന്നവർ, ഔഷധ സസ്യങ്ങൾ ശേഖരിച്ച് ഉപജീവനം നടത്തുന്നവർ, കുരുമുളക്-കാപ്പി തോട്ടങ്ങളിൽ നിന്നും വരുമാനം കിട്ടാതായ ചെറുകിട കർഷകർ, ഇവരൊക്കെ പരിസ്ഥിതി തകർച്ചയുടെ ഇരകളാണ്.

(2) നമ്മുടെ കാർഷിക പ്രതിസന്ധിക്കു പിന്നിൽ ഒരു പാരിസ്ഥിതിക പ്രതിസന്ധികൂടിയുണ്ട്. ഇത് മറികടക്കാൻ കുറുക്കുവഴിയൊന്നുമില്ല. നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

(3) തൊഴിലുറപ്പു പദ്ധതിയിൽ ഏറ്റെടുക്കാനാവശ്യമായത്ര പ്രവർത്തികൾ കണ്ടെത്താനാകുന്നില്ലെന്നുള്ള പരാതി പലരും ഉന്നയിക്കുന്നുണ്ട്. നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണെങ്കിൽ വരുന്ന അഞ്ച് വർഷക്കാലത്തേയ്ക്ക് നടപ്പിലാക്കാൻ സാധ്യതയുള്ള എല്ലാ പ്രവർത്തികളും രേഖപ്പെടുത്തിയിരിക്കും. അതിനാൽ പഞ്ചായത്തുകൾക്ക് ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കാൻ എളുപ്പമായിരിക്കും. മാത്രമല്ല പല വികസന മേഖലകളുടെ പ്രവർത്തനം ഏകോപിപ്പിക്കാനും നീർത്തട മാസ്റ്റർ പ്ലാൻ സഹായിക്കും. വികസനം നമ്മുടെ മണ്ണിനെയും ജലത്തേയും ജൈവ സമ്പത്തിനേയും നശിപ്പിക്കുന്നതാകരുത് എന്ന തിരിച്ചറിവും നീർത്തടകാഴ്ചപ്പാടിലൂടെ നൽകാനാകും.

4. ലേബർബാങ്ക്

കായികാധ്വാന ശേഷിമാത്രം സമ്പത്തായുള്ള ജനവിഭാഗത്തിന്റെ കാഴ്ചപ്പാടിലൂടെയാണ് തൊഴിലുറപ്പു നിയമം രൂപകൽപ്പന ചെയ്തിട്ടുള്ളത്. തൊഴിൽ ഉറപ്പു പദ്ധതിയിൽ പണിയെടുക്കാൻ സന്നദ്ധരായി വരുന്ന പാവപ്പെട്ടവരായ കുടുംബങ്ങളുമായി പഞ്ചായത്തിന് നിരന്തരമായ ആത്മബന്ധം സ്ഥാപിക്കാനുള്ള അവസരം ഇതിലൂടെ സംജാതമാകുന്നു. അസംഘടിതരായ ഈ ജനവിഭാഗത്തിനെ സംഘടിപ്പിച്ച് തൊഴിൽ മാന്യതയും തൊഴിൽ സുരക്ഷിതത്വവും ഉറപ്പുവരുത്തുകയും അതിലൂടെ ദാരിദ്ര്യലഘൂകരണം സാധ്യമാകുകയും ചെയ്യാൻ ലേബർ ബാങ്കുകളുടെ പ്രവർത്തനത്തിലൂടെ കഴിയുന്നതാണ്. തൊഴിലുറപ്പു പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാനും പ്രാദേശിക സാമ്പത്തിക വികസനം കൈവരിക്കുന്നതിനും ലേബർ ബാങ്കിന്റെ രുപീകരണം സഹായിക്കുന്നതാണ്.

പാവപ്പെട്ടവരുടെ ജീവിതനിലവാരം
ഉയർത്തികൊണ്ടും
ജലസ്രോതസ്സുകൾ
സംരക്ഷിച്ചുകൊണ്ടും മണ്ണിനേയും
ജൈവസമ്പത്തിനെയും
പരിപോഷിപ്പിച്ചുകൊണ്ടും
തൊഴിലുറപ്പു പദ്ധതി
കേരളത്തിലെ ഗ്രാമങ്ങളിൽ
വലിയ മാറ്റം
വരുത്തിക്കൊണ്ടിരിക്കുകയാണ്.
തൊഴിലുറപ്പു പദ്ധതിയുടെ
നിർവ്വഹണത്തിലൂടെ ഇന്ത്യയ്ക്കു
മാതൃകയായ നിരവധി
വിജയകഥകൾ നമ്മുടെ
പല പഞ്ചായത്തുകളിൽ നിന്നും
റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

5. പ്രവർത്തികളുടെ സംഘാടനം

പ്രവർത്തികളുടെ സംഘാടനത്തിന് ജനകീയവും സുതാര്യവും പങ്കാളിത്തപൂർണ്ണവുമായ ഒരു മാതൃക വികസിപ്പിച്ചെടുക്കാൻ സംസ്ഥാനത്തിനായിട്ടുണ്ട്. സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിലുള്ള എസ്റ്റിമേറ്റ്, പ്രോജക്ട് ഇനിസിയേഷൻ മീറ്റിംഗ്, സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്, ജാഗ്രതാ മേൽനോട്ടസമിതികൾ, കണക്കുകളുടെ പ്രദർശനം, ഫോട്ടോഗ്രാഫുകളടങ്ങുന്ന ഡോക്യുമെന്റേഷൻ എന്നീ ഘടകങ്ങൾ പണികളുടെ സംഘാടനത്തിലുണ്ടാകണം. എല്ലാ പ്രവർത്തികളുടെയും പ്രോജക്ട് ഫയൽ ജനങ്ങളുടെ പരിശോ

ധനയ്ക്കു ലഭ്യമായിരിക്കണം. ഈ ഘടകങ്ങൾ നിർവ്വഹണ ചുമതലയുള്ളവർ പ്രാവർത്തികമാക്കുന്നു എന്ന് ഉറപ്പുവരുത്തണം.

6. തൊഴിലാളികളുടെ ആവശ്യത്തിന് അനുസരിച്ച് (demand based) **പുനഃസംഘടിപ്പിക്കുക**

തൊഴിലുറപ്പു പദ്ധതിയുടെ അടിസ്ഥാന തത്വങ്ങളിലൊന്ന് തൊഴിൽ കാർഡുടമകൾ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ നൽകുക എന്നതാണ്. പക്ഷേ ഇപ്പോഴും ഒരു പ്രവർത്തിക്ക് ഭരണാനുമതി നൽകി അതിലേയ്ക്ക് തൊഴിലാളികളെ വിടുന്ന ഒരു രീതിയാണ് അവലംബിച്ചു വരുന്നത്. ഇത് മാറ്റണം. ഇതിനായി വാർഡ് തലത്തിലോ, രണ്ടോ മൂന്നോ വാർഡുകൾ ചേർന്നോ തൊഴിലാളികളുടെ യോഗം വിളിച്ചു ചേർക്കണം. ഈ യോഗത്തിൽ വച്ച് അവർക്ക് എന്തൊക്കെ, എത്ര ദിവസം വച്ച് തൊഴിൽ ആവശ്യമുണ്ടെന്ന് തിട്ടപ്പെടുത്തണം. ഇന്നപ്രവർത്തികളിലായിരിക്കും അവർക്ക് പണി നൽകുക എന്ന് ഈ യോഗത്തിൽ വച്ച് തന്നെ അവരോട് പറയാൻ സാധിക്കണം.

7. സമന്വയം (convergence)

ഭക്ഷ്യ സുരക്ഷ, ജലസുരക്ഷ, വനവത്ക്കരണം, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പഞ്ചായത്തിന്റെ പദ്ധതി, സർക്കാർ വകുപ്പുകളുടെ പദ്ധതികൾ, ഗവേഷണ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായം എന്നിവയൊക്കെ തൊഴിലുറപ്പു പദ്ധതിയുമായി സംയോജിപ്പിക്കാൻ സഹായിക്കും. തൊഴിലുറപ്പു പദ്ധതിയിലെ അധികംവരുന്ന സാധന സാമഗ്രികളുടെ ഘടകം മറ്റു പദ്ധതികളിൽ നിന്നും കണ്ടെത്താൻ പറ്റും. മറ്റു പദ്ധതികളിലെ വേതനത്തിന്റെ ഘടകം തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്താം. നാട്ടിലെ ജലസേചന കനാലുകളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യാനും അവയുടെ മെയിന്റനൻസ് നടത്താനും തൊഴിലുറപ്പു പദ്ധതി പ്രയോജനപ്പെടുത്താം.

കഴിഞ്ഞവർഷം നടപ്പിലാക്കിയ 'ഹരിതകേരളം' പദ്ധതി ഇതിനൊരു ഉദാഹരണമാണ്. 33 ലക്ഷം വൃക്ഷത്തൈകൾ വനം വകുപ്പ് ഉത്പാദിപ്പിച്ചു. ഇവ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നട്ടു പരിപാലിക്കുന്ന സംയോജനത്തിന്റെ പല മാതൃകകളും വയനാട്, പാലക്കാട്, തിരുവനന്തപുരം, ഇടുക്കി, മലപ്പുറം ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് വ്യാപകമാക്കാനുള്ള പരിശ്രമം വേണം.

8. സോഷ്യൽ ഓഡിറ്റ്

തൊഴിലുറപ്പു പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്, വിലയിരുത്തൽ എന്നീ ഘട്ടങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കണമെങ്കിൽ പദ്ധതിയുടെ എല്ലാ വിശദാംശങ്ങളും ജനങ്ങൾക്ക് ലഭ്യമാകണം. പദ്ധതിയുടെ എല്ലാ വിശദാംശങ്ങളും പരമാവധി ജനങ്ങളിൽ എത്തുമ്പോഴാണ് അതിൽ പങ്കാളികളാകാൻ ജനങ്ങൾ സന്നദ്ധരാകുന്നത്. ഇതിനായി സുതാര്യതയിലും പങ്കാളിത്തത്തിലും അധിഷ്ഠിതമായ ഒരു നിർവ്വഹണ രീതി സ്വീകരിക്കണം. തൊഴിലുറപ്പു പദ്ധതിയിലെ പരാതികൾ പരിഹരിക്കുന്നതു സംബന്ധിച്ച് വിശദമായ ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിലുറപ്പു നിയമം അനുശാസിക്കുന്ന അധികാരാവകാശങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ എന്നുള്ളതിന്റെ ജനകീയ പരിശോധനയാണ് സോഷ്യൽ ഓഡിറ്റിലൂടെ നടത്തേണ്ടത്.

തൊഴിലുറപ്പു നിയമം
അനുശാസിക്കുന്ന
അധികാരാവകാശങ്ങൾ
തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ
എന്നുള്ളതിന്റെ ജനകീയ
പരിശോധനയാണ് സോഷ്യൽ
ഓഡിറ്റിലൂടെ നടത്തേണ്ടത്.
ആണ്ടിൽ രണ്ടുതവണ സോഷ്യൽ
ഓഡിറ്റ് ഗ്രാമസഭകൾ ചേരണമെന്ന്
തൊഴിലുറപ്പു നിയമം വ്യവസ്ഥ
ചെയ്തിട്ടുണ്ട്.
പൊതുസംവിധാനത്തിന്
ജനങ്ങളോടുള്ള ഉത്തരവാദിത്വം
ഉറപ്പാക്കാനുള്ള ഏറ്റവും
ഫലപ്രദമായ ഉപാധികൂടിയാണിത്

ആണ്ടിൽ രണ്ടുതവണ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ ചേരണമെന്ന് തൊഴിലുറപ്പു നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൊതു സംവിധാനത്തിന് ജനങ്ങളോടുള്ള ഉത്തരവാദിത്വം ഉറപ്പാക്കാനുള്ള ഏറ്റവും ഫലപ്രദമായ ഉപാധികൂടിയാണിത്. 2009 ഓഗസ്റ്റ് – സെപ്തംബർ മാസങ്ങളിൽ സംസ്ഥാനത്തെ ഭൂരിപക്ഷം പഞ്ചായത്തുകളിലും തൊഴിലുറപ്പു പദ്ധതിയുടെ പ്രത്യേക സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ വിളിച്ചു ചേർക്കുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ ക്രോഡീകരിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ഇവയാണ്.

1. തൊഴിലിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നില്ല. അപേക്ഷ സ്വീകരിച്ചാൽ തന്നെ കൈപ്പറ്റ് രസീത് നൽകിയിട്ടില്ല.
2. 15 ദിവസത്തിനകം തൊഴിൽ നൽകിയില്ല.
3. പ്രോജക്ട് ഇൻസിയേഷൻ മീറ്റിംഗ് നടത്തിയില്ല.
4. പണിസ്ഥലത്ത് ബോർഡ് സ്ഥാപിച്ചില്ല.
5. വേതനം കിട്ടാൻ കാലതാമസം വന്നു.
6. പ്രയോജനമില്ലാത്ത പണികൾ ചെയ്തു.
7. കൃഷിപണിക്ക് ആളെ കിട്ടുന്നില്ല.
8. പ്രവർത്തികൾ പരിശോധിക്കുന്നില്ല
9. പണിയായുധങ്ങൾ തികയുന്നില്ല

ഈ പ്രശ്നങ്ങൾ പരക്കെ സംഭവിക്കുന്നു എന്നല്ല. പക്ഷെ, ഒറ്റപ്പെട്ട സ്ഥലങ്ങളിൽപ്പോലും ഇവ സംഭവിച്ചു കൂടാത്തതാണ്. സോഷ്യൽ ഓഡിറ്റ് നടക്കുന്നു എന്നും സോഷ്യൽ ഓഡിറ്റിലെ കണ്ടെത്തലുകൾ സമയബന്ധിതമായി പരിഹരിക്കുന്നു എന്നും ഉറപ്പാക്കേണ്ട ഉത്തരവാദിത്വം നിർവ്വഹണ സംവിധാനത്തിനുണ്ട്.

കുറച്ചു പേർക്ക് ഏതാനും കാലത്തേയ്ക്ക് തൊഴിൽ നൽകുന്ന ഒരു സേവന പരിപാടിയായിട്ടല്ല തൊഴിലുറപ്പു പദ്ധതിയെ വിഭാവനം ചെയ്തിട്ടുള്ളത്. അവിദഗ്ധ തൊഴിൽ മേഖലയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനോടൊപ്പം ഭാവിയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകരമായ പ്രകൃതി വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ മണ്ണിനേയും ജലസ്രോതസ്സിനേയും ജൈവസമ്പത്തിനേയും പരിരക്ഷിക്കാൻ തൊഴിലുറപ്പു പദ്ധതി നൽകുന്ന അവസരം പ്രയോജനപ്പെടുത്താം. ജനകീയതയും സുതാര്യതയും തൊഴിലുറപ്പു പദ്ധതിയുടെ അനിവാര്യ ഘടകങ്ങളാണ്. ഇവ ഉറപ്പാക്കിക്കൊണ്ട് തൊഴിലുറപ്പു പദ്ധതിയുടെ പ്രയോജനം യഥാർത്ഥ തൊഴിൽ അവകാശികൾക്ക് ലഭ്യമാക്കാം.■

ലേഖകൻ ദേശീയ തൊഴിലുറപ്പു മിഷൻ ഡയറക്ടറാണ്.

ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതി

ചോദ്യവും ഉത്തരവും

1. വീടിന്റെ തറ വിസ്തീർണ്ണം $40m^2$ എന്നത് വർദ്ധിപ്പിക്കാമോ?

ഇ.എം.എസ് ഭവന പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന വീടുകളുടെ തറ വിസ്തൃതി കുറഞ്ഞത് 25 ചതുരശ്ര മീറ്ററും കൂടിയത് 40 ചതുരശ്ര മീറ്ററും ആയിരിക്കണം. അതിൽ മാറ്റം വരുത്താൻ പാടില്ല . ഗുണഭോക്താക്കളെ കടക്കെണിയിലാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് സഹായം ലഭിക്കാതിരിക്കുന്നതിനും വേണ്ടിയാണ് തറ വിസ്തൃതിയുടെ കൂടിയ പരിധി നിശ്ചയിക്കുന്നത്. ഗുണഭോക്താവിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് പിന്നീട് വലുതാക്കാവുന്നതാണ്.

2. വസ്തുവിന്റെ ആധാരം മോർട്ട്ഗേജ് ചെയ്യണമെന്ന നിബന്ധന പിൻവലിക്കാമോ?

പ്രമാണം പണയമായി തദ്ദേശഭരണ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതില്ല. പദ്ധതി പ്രകാരം ലഭിച്ച വീട് യാതൊരു വിധത്തിലും അന്യാധീനപ്പെടാൻ പാടില്ല. അതുകൊണ്ട് പ്രമാണത്തിൽ 10 വർഷത്തേയ്ക്ക് കൈമാറ്റം അനുവദിക്കുന്ന തരത്തിലുള്ള പ്രമാണപ്പെടുത്തലിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇത് നിർബന്ധമായും പാലിക്കേണ്ടതുണ്ട്.

3. എ.പി.എൽകാർക്ക് വീട് / സ്ഥലം അനുവദിക്കാമോ?

കഴിയില്ല

4. റേഷൻകാർഡ് ഉള്ള ഒരു കുടുംബത്തിന് മാത്രമേ വീട് നൽകാവുയെന്ന് പറഞ്ഞു. ഒരേ കാർഡിൽപ്പെട്ട ഒന്നിലേറെ കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുന്നുവെങ്കിൽ അവർക്ക് വീട് നൽകാമോ?



ഭവന രഹിതരായ അർഹതയുള്ളവർക്കാണ് വീട് നൽകുന്നത്. ഒരു വീട്ടിൽ താമസിക്കുന്ന റേഷൻകാർഡുള്ള ഒന്നിലേറെ കുടുംബങ്ങൾക്ക് മാനദണ്ഡ പ്രകാരം വീട് ലഭിക്കുവാൻ അർഹതയില്ല.

5. ഭൂരഹിതർക്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള മാനദണ്ഡം എന്താണ്?

വീട് നിർമ്മിക്കുന്നതിന് സ്ഥലം ലഭിക്കുന്നത് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പ്രകാരമായിരിക്കണം.

1. കുടുംബം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽ ഉൾപ്പെട്ടതായിരിക്കണം.
2. കുടുംബാംഗങ്ങളിൽ ആരുടെയും പേരിൽ സ്ഥലം ഉണ്ടായിരിക്കാൻ പാടില്ല.
3. കുടുംബാംഗങ്ങളിൽ ഒരാൾക്കുപോലും അനന്തരാവകാശമായി ഭൂമി ലഭിക്കാൻ സാധ്യത ഇല്ലായ്മ.
4. കുടുംബാംഗങ്ങളിൽ ആരും തന്നെ കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കുള്ളിൽ ഭൂമി അന്യാധീനപ്പെടുത്തുകയോ ചെയ്യാതിരിക്കാൻ.

6. ഇ.എം.എസ് പദ്ധതിയ്ക്ക് ബാങ്ക് വായ്പ എടുക്കുന്നതിന് പദ്ധതി പ്രോജക്ടിൽ വായ്പ സംഖ്യ ഉൾപ്പെടുത്താൻ പഞ്ചായത്തിന് മാത്രമേ കഴിയുകയുള്ളോ?

തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാന പ്രകാരം തദ്ദേശഭരണ സ്ഥാപനമാണ് വായ്പയെടുക്കുന്നത്. ഗുണഭോക്താവ് നേരിട്ട് അല്ല. ഇത് കേരള ലോക്കൽ അതോറിറ്റി ലോൺ ആക്ട് പ്രകാരമുള്ള സർക്കാരനുമതികൾക്ക് വിധേയമായിട്ടാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനത്തിനു 2009–10 വർഷത്തിൽ ലഭിക്കുന്ന വികസന ഫണ്ടിന്റെ 15 ശതമാനത്തിന്റെ പത്തിരട്ടി വരുന്ന തുക വായ്പ എടുക്കാം. ഓരോ തദ്ദേശഭരണ സ്ഥാപനവും ക്രമപ്രകാരം തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി വേണം വായ്പ എടുക്കേണ്ടത്. ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടിൽ ഗ്രാമപഞ്ചായത്തെടുക്കുന്ന പദ്ധതി വിഹിതത്തിന്റെ 15% ന്റെ 10 ഇരട്ടി വരുന്ന തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തണം. ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും അവർ എടുക്കുന്ന വായ്പയുടെ വിനിയോഗ ക്രമം പ്രോജക്ടിൽ രേഖപ്പെടുത്തണം. ഈ വായ്പയുടെ മുതലിന്റെ തിരിച്ചടവ്

ഇപ്പോൾ തയ്യാറാക്കുന്ന ബഹു വർഷ പ്രോജക്ടിലാണ് കാണിക്കേണ്ടത്.

7. ഭൂമി നിലമാണെങ്കിൽ അർഹരായവർക്ക് വീട് വയ്ക്കുന്നതിന് അനുവാദം നൽകുവാൻ കഴിയുമോ? കെ.എ .യു. ആവശ്യമുണ്ടോ?

നിലവിൽ നെൽവയൽ നീർത്തട നിയമത്തിൽ പറയുന്നതു പ്രകാരമേ ഈ പദ്ധതിക്കു കീഴിലും വീട് വയ്ക്കാൻ കഴിയൂ. അതിൻ പ്രകാരം മറ്റ് വസ്തുക്കളില്ലാതിരിക്കുകയും വയൽ ഭൂമി മാത്രം വീട് വെയ്ക്കുന്നതിനും ലഭ്യമായിരിക്കുകയും ചെയ്യുന്ന ഗുണഭോക്താവിന് തണ്ണീർത്തട കമ്മിറ്റിയുടെ അനുമതിയോടെ ഗ്രാമപ്രദേശങ്ങളിൽ 10 സെന്റും, നഗര പ്രദേശങ്ങളിൽ 5 സെന്റും സ്ഥലത്ത് വീട് വയ്ക്കാനുള്ള അനുമതിയാണ് നൽകിയിട്ടുള്ളത്.

8. ഇ.എം.എസ് ഭവനപദ്ധതിയ്ക്ക് നീക്കിവെച്ച 15% ഫണ്ടിൽ നിന്നും ജനറൽ വിഭാഗത്തിന് സ്ഥലം വാങ്ങാൻ 50% സബ്സിഡി നൽകാമോ?

കഴിയും, ഗ്രാമപഞ്ചായത്തിൽ 37500 രൂപ, മുനിസിപ്പാലിറ്റിയിൽ 45000 രൂപ, കോർപ്പറേഷനിൽ 50000 രൂപ എന്നീ നിരക്കിൽ പരമാവധി സബ്സിഡി നൽകാൻ കഴിയും. അത് 50% മായി പരിമിതപ്പെടുത്തേണ്ടതാണ്.

9. 529 ഗുണഭോക്താക്കൾ ഉണ്ട്. ഇതിൽ 54 പേർക്ക് ഭൂമിയും വീടും വേണ്ടവരാണ്. ഞങ്ങളുടെ പഞ്ചായത്ത് 300 ഗുണഭോക്താക്കൾക്ക് വീടുകൊടുക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. 50,000 രൂപ പ്രകാരം 1,50,00,000 (ഒരു കോടി അൻപത് ലക്ഷം രൂപ) രൂപ വായ്പയെടുക്കാൻ ഉദ്ദേശിച്ചിരിക്കുന്നു. ബാക്കിയുള്ളവർക്ക് വീട് വെയ്ക്കുന്നതിന് സർക്കാരിന്റെ ഭാഗത്തു നിന്നും കൂടുതൽ ധനസഹായം അനുവദിക്കുവാൻ താല്പര്യപ്പെടുന്നു.

തദ്ദേശഭരണ സ്ഥാപനം ഗുണഭോക്താക്കളുടെ പട്ടിക പൂർത്തിയാക്കി കഴിഞ്ഞാൽ അതിനനുസരിച്ചുള്ള വിഭവ വിനിയോഗത്തിനുള്ള സാധ്യതകൾ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വികസന ഫണ്ടിന്റെ 15% ന്റെ 10 ഇരട്ടി വായ്പയെടുക്കുന്നതിന് പുറമേ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്ക് അവരുടെ പരിധിയിൽ വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനും വായ്പയെടുക്കാവുന്നതാണ്. ജില്ലയിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ തയ്യാറാക്കുന്ന ലിസ്റ്റിനനുസൃതമായിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും ധനസഹായം ക്രമീകരിക്കുന്നത്.

10. സ്വന്തമായി വീട് പണിയാത്തവർക്ക് സന്നദ്ധസംഘടന മുഖാന്തിരം ചെയ്തുകൊടുക്കുമ്പോൾ പണം ഗുണഭോക്താവിന് തന്നെ കൊടക്കേണ്ടതില്ലേ? ചില ഗുണഭോക്താക്കൾ മാനസിക നില തെറ്റിയവരുണ്ട്. അത് എന്തുചെയ്യും? ഒറ്റയ്ക്ക് കഴിയുന്നവരുണ്ട്.

ഇ.എം.എസ് ഭവനപദ്ധതിയുടെ വ്യത്യസ്തത വീട് വയ്ക്കുന്നതിന് പണം നൽകുക എന്നതിൽ ഈ പദ്ധതി ഒതുങ്ങുന്നില്ല എന്നതാണ്. വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പിൻതുണ ഉറപ്പുവരുത്തേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഇത്തരം പ്രത്യേക കേസുകൾ പരിഗണിച്ചുകൊണ്ട് നേരിട്ടോ/ മറ്റു സന്നദ്ധ സംഘടനാ സംവിധാനങ്ങൾ ഉപയോഗിച്ചോ വീട് വച്ച് നൽകേണ്ടതാണ്. പണം പഞ്ചായത്ത് തീരുമാനിക്കുന്ന സംവിധാനം വഴി ചെലവഴിക്കുന്നതാകും ഉചിതം.

11. ഇ.എം.എസ് ഭവനപദ്ധതി ഗുണഭോക്താവിന് മണൽ ഒഴികെയുള്ള മറ്റ് മെറ്റീരിയൽസ് ജില്ലാതലത്തിൽ കുറഞ്ഞ നിലക്ക് നൽകാൻ സംവിധാനം ഉണ്ടാക്കാൻ കഴിയുമോ?

ഇതിന് കഴിയണം. പ്രാദേശികമായി വീട് നിർമ്മാണത്തിനാവശ്യമായ ഇഷ്ടിക, മണൽ , വെട്ടുകല്ല്, തടി തുടങ്ങിയവ ഒരുമിച്ച് വാങ്ങി വിതരണം ചെയ്യുക. ഒരു പഞ്ചായത്തിൽ പെടുന്ന ഒരു കൂട്ടം ഗുണഭോക്താക്കൾക്ക് ആവശ്യമായ നിർമ്മാണ സാമഗ്രികൾ കൂട്ടായി വാങ്ങുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. പഞ്ചായത്തുതലത്തിൽ രൂപീകരിക്കുന്ന സന്നദ്ധ നിർവഹണ സംവിധാനം ഈ പ്രവർത്തനങ്ങൾ നടത്തണം. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിലുള്ള കലവറയുമായി ബന്ധപ്പെട്ട്, വീട് നിർമ്മാണത്തിനാവശ്യമായ വിവിധ സാമഗ്രികൾ ഒരുമിച്ച് വാങ്ങി വിതരണം നടത്തുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

12. ഐ.എ.വൈ യുടെ ബ്ലോക്കിൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും ഐ.എ.വൈ വീടുകൾ നൽകാമോ? അതോ ഇ.എം.എസ് ഭവനപദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നുമാണോ നൽകേണ്ടത്?

ഇ.എം.എസ് പദ്ധതിയുടെ ഭാഗമായിട്ടാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന എല്ലാ ഭവന പദ്ധതികളും നടപ്പാക്കപ്പെടുന്നത്. ഇ.എം.എസ് ഭവനപദ്ധതിയുടെ ലിസ്റ്റ് എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിലുള്ള വീട് ആവശ്യമുള്ള/ അർഹതയുള്ളവരുടെ ലിസ്റ്റാണ്. അതിനാൽ 2009 ഏപ്രിൽ ഒന്നുമുതൽ ഐ.എ.വൈ വിഹിതവും ഇ.എം.എസ് ഭവന പദ്ധതിയുടെ ലിസ്റ്റിൽ നിന്നുള്ള ഗുണഭോക്താവിനാണ് നൽകേണ്ടത്.

13. റവന്യൂ പുറമ്പോക്കുകളും ഇറിഗേഷൻ പുറമ്പോക്കുകളും സർക്കാരിന്റെ ഉത്തരവിലൂടെ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യാൻ കഴിയുമോ?

റവന്യൂ പുറമ്പോക്കുകളും ഇറിഗേഷൻ പുറമ്പോക്കുകളും വീട് നിർമ്മിക്കുന്നതിന് ലഭ്യമാക്കേണ്ടതാണ്. ഇതിനായി തദ്ദേശഭരണ സ്ഥാപനവും ബന്ധപ്പെട്ട വകുപ്പും സംയുക്തമായി ശ്രമം നടത്തി ഭൂമി വേർതിരിച്ച് പട്ടികപ്പെടുത്തണം. ഇതിനു വേണ്ടി സേർച്ച് കമ്മിറ്റിയെ പഞ്ചായത്തുതലത്തിൽ രൂപീകരിക്കേണ്ടതുണ്ട്.

14. ഐ.എ.വൈ ഗുണഭോക്താവിന് ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ 50:25 എന്ന അനുപാതത്തിൽ വകയിരുത്താതെ വരുന്ന സാഹചര്യത്തിൽ ഗുണഭോക്താവിന് പണി പൂർത്തിയാക്കുവാൻ കഴിയാതെ വരുന്നു. ഇ.എം.എസ് ഭവനപദ്ധതിയിലും ഇതാവർത്തിച്ചാൽ 2 വർഷത്തിനകം പൂർത്തീകരിക്കുവാൻ കഴിയുമോ?

ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തു നിലവിൽ 25:50:25 എന്ന അനുപാതത്തിൽ പണം നീക്കിവെയ്ക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഐ.എ.വൈ വിഹിതം നിർബന്ധമായും നീക്കിവെക്കേണ്ടതുണ്ട്. നീക്കി വക്കാതിരിക്കുക, വിനിയോഗിക്കാതിരിക്കുക എന്ന പ്രശ്നം ഉണ്ടാകുന്നില്ല. ഇ.എം.എസ് ഭവന പദ്ധതിയിൽ സർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പ്രവർത്തിക്കേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബാദ്ധ്യതയാണ്.

15. പാർപ്പിട പദ്ധതിയ്ക്ക് വാനംവെട്ടൽ എൻ.ആർ.ഇ.ജി.എ യിൽ ഉൾപ്പെടുത്താമെന്ന് പറഞ്ഞു. അതിനുപുറമേ നിശ്ചയിച്ച സംഖ്യ പൂർണ്ണമായി കൊടുക്കാൻ കഴിയുമോ? ഇതിനുവേണ്ടി ആക്ഷൻ പ്ലാൻ പ്രത്യേകം തയ്യാറാക്കേണ്ടതുണ്ടോ?

ഇ.എം.എസ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിക്കുമ്പോൾ നിലം ഒരുക്കൽ , വാനംവെട്ടൽ , മണ്ണു നിറക്കൽ എന്നീ ജോലികൾക്ക് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി തൊഴിലാളികളെ വയ്ക്കാവുന്നതാണ്. ഇതിനു പറ്റുന്ന തരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ആക്ഷൻപ്ലാൻ ഉണ്ടാക്കണം. എന്നാൽ വീടിന് നിശ്ചയിച്ചിട്ടുള്ള സബ്സിഡി തുകയിൽ മാറ്റം ഉണ്ടാകില്ല. ഇത് അധികമായി ലഭിക്കുന്നതാണ്.

16. സർക്കാർ ഉത്തരവുപ്രകാരം 25:50:25 ശതമാന പ്രകാരമാണ് ഐ.എ.വൈ അധികവിഹിതം ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ വയ്ക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും തിരഞ്ഞെടുക്കുന്ന എസ്.സി ഗുണഭോക്താക്കൾക്ക് മുഴുവൻ 50% തുക അധിക വിഹിതം ബ്ലോക്ക് പഞ്ചായത്തുകൾ വയ്ക്കേണ്ടതുണ്ട്. അത് വലിയൊരു തുക ആയതുകൊണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ അടുത്ത് 2 വർഷത്തെ എസ്.സി വിഹിതമെടുത്താലും തികയില്ല. ബാക്കി തുക ബ്ലോക്ക് പഞ്ചായത്തുകൾ എങ്ങനെ കണ്ടെത്തും? ഈ ശതമാനക്കണക്കിൽ വ്യത്യാസം വരുത്താൻ കഴിയുമോ?

തിരുവനന്തപുരത്ത് നടന്ന എല്ലാവർക്കും വീട് എല്ലാവർക്കും തൊഴിൽ ജനകീയ ക്യാമ്പയിന്റെ മേഖലാ യോഗം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി ഉദ്ഘാടനം ചെയ്യുന്നു. ധനകാര്യ വകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്, സംസ്ഥാന പ്ലാനിംഗ് ബോർഡംഗം സി.പി. നാരായണൻ, തിരുവനന്തപുരം കോർപ്പറേഷൻ മേയർ ജയൻ ബാബു, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആനാവൂർ നാഗപ്പൻ, പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് ഐ.എ.എസ്. തുടങ്ങിവർ സമീപം.

ഇത് വളരെ അപൂർവ്വമായേ സംഭവിക്കൂ. അങ്ങിനെ വരുന്ന സാഹചര്യത്തിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുക. സർക്കാർ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

17. റേഷൻ കാർഡ് ലഭ്യമായിട്ടില്ലാത്ത കുടുംബങ്ങളെ ഇ.എം.എസ് ഭവനപദ്ധതിയിൽ പരിഗണിക്കാമോ?

സവിശേഷമായ കേസുകൾ പരിഗണിച്ചുകൊണ്ട് വീട് നൽകേണ്ടതാണെങ്കിൽ അതു അനുവദിക്കാൻ കഴിയും. എന്നാൽ അത്തരം കേസുകളൊഴിച്ച് റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് വീട് നൽകാൻ ഈ ഘട്ടത്തിൽ സാധ്യമല്ല. തുടർ പദ്ധതികളിൽ പരിഗണിക്കും.

18. പുറമ്പോക്കിൽ ഇ.എം.എസ് ഭവനപദ്ധതിയിൽ വീട് പണിയുവാൻ കെ.എം.ബി.ആർ പ്രകാരം അനുമതി കൊടുക്കാമോ? വീട് പണി കഴിഞ്ഞാൽ നമ്പർ നൽകാമോ? തീരദേശ പുറമ്പോക്കിൽ വീട് പണിയാമോ?

ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് നമ്പർ അനുവദിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിൽ ക്രമീകരണം ഉണ്ടാക്കുന്നതാണ്. പുറമ്പോക്കിൽ താമസിക്കുന്നവർക്ക് കൈവശാവകാശ രേഖയുണ്ടെങ്കിൽ വീട് നിർമ്മിക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

19. എല്ലാവർക്കും വീടായാൽ 2011 നുശേഷം ഐ.എ.വൈ, എസ്.സി/എസ്.ടി തുടങ്ങിയവ നഷ്ടപ്പെടില്ലേ?

എല്ലാവർക്കും വീട് എന്നത് നിലവിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരം അർഹതയുള്ളവർക്ക് വീട് നൽകുന്നതിലൂടെയാണ് സാക്ഷാത്കരിക്കപ്പെടുന്നത്. ഈ ലിസ്റ്റ് പ്രകാരമുള്ള എല്ലാവർക്കും വീട് നൽകി കഴിയുമ്പോൾ പുതിയ പദ്ധതികൾ പ്രകാരം വീട് നൽകേണ്ടതായി വരും.

20. ഭവന നിർമ്മാണത്തിനുള്ള ലിസ്റ്റ് തയ്യാറാക്കുമ്പോൾ നിലവിൽ വീടുള്ള ആൾക്ക് അത് താമസയോഗ്യമല്ലെങ്കിൽ ലിസ്റ്റിൽ ഉൾപ്പെടുത്താമോ?

പുനരുദ്ധാരണം വഴി വാസയോഗ്യമാക്കാൻ കഴിയുന്ന വീടുകൾ ഉൾപ്പെടുത്താൻ കഴിയില്ല. അല്ലാത്ത സാഹചര്യത്തിൽ അർഹതാ മാനദണ്ഡപ്രകാരം വാസയോഗ്യമല്ലാത്ത വീടുള്ളവർക്ക് വീട് നൽകാം.

21. ഇ.എം.എസ് ഭവനപദ്ധതി സംസ്ഥാനത്തിൽ ഒരേ രൂപത്തിൽ ആയിരിക്കണം. $40m^2$ കൂടാത്ത വിധത്തിലുള്ള ഒരു പ്ലാൻ സംസ്ഥാന സർക്കാർ തയ്യാറാക്കി തരണം.

ഇ.എം.എസ് ഭവന പദ്ധതിയുടെ ഭാഗമായി നിർദ്ദേശിച്ചിട്ടുള്ള 25 ചതുരശ്ര അടി മുതൽ 40 ചതുരശ്ര അടി വരെയുള്ള പരിധിയിൽ വരുന്ന 18 തരം ഡിസൈനുകൾ തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതികസഹായി എന്ന കൈപ്പുസ്തകം വീട് നിർമ്മിക്കുന്നതിന് ഗുണഭോക്താവിന് സാങ്കേതിക സന്നദ്ധ പ്രവർത്തകർക്ക് സഹായകരമായിരിക്കും. ഡിസൈനുകൾ മാത്രമല്ല കാലാവസ്ഥ, പരിസ്ഥിതി, ഗുണഭോക്താവിന്റെ തൊഴിൽ സാഹചര്യങ്ങൾ തുടങ്ങിയ കാര്യങ്ങളിലെല്ലാം സ്വീകരിക്കേണ്ട സമീപനം വിശദമാക്കുന്നുണ്ട്. ചെലവുകുറഞ്ഞ പരിസ്ഥിതി സൗഹൃദപരമായ വീട് നിർമ്മിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ മാർഗ്ഗരേഖയാണ് സാങ്കേതിക സഹായി.

22. ഇ.എം.എസ് ഭവനപരിപാടി സംയോജിത പരിപാടിയാണെന്ന് അറിയിച്ചു. 2009-10 ലക്ഷം വീട് പുനർനിർമ്മാണത്തിന് പഞ്ചായത്തുകൾ പ്രോജക്ട് തയ്യാറാക്കിയിട്ടുമുണ്ട്. എന്നാൽ എം.എൻ ലക്ഷം വീട് പുനർ നിർമ്മാണം ഇനി പ്രത്യേകമായി തുടരേണ്ടതുണ്ടോ?

ഇ.എം.എസ് ഭവന പദ്ധതിയുടെ ഭാഗമായിരിക്കണം ലക്ഷം വീടുകളുടെ പുനർ നിർമ്മാണം നടത്തുന്ന എം.എൻ. ലക്ഷം വീട് പദ്ധതിയും.

23. ഇ.എം.എസ് ഭവന പദ്ധതിയുടെ അർഹതാ പരിശോധനാ വേളയിൽ ഒരേ കുടുംബത്തിൽ നിന്ന് ഭാവിയിൽ മാറി താമസിപ്പിക്കുമെന്ന് കരുതുന്നവരെ ലിസ്റ്റിൽ ഉൾപ്പെടുത്തിന്നതിന് കഴിയുമോ?

അനുവദിക്കില്ല. റേഷൻകാർഡുള്ള വാസയോഗ്യമല്ലാത്ത വീട്ടിൽ താമസിക്കുന്നവർക്കാണ് ആനുകൂല്യം ലഭിക്കുന്നത്.

ശേഷം പേജ് 25

(അവസാന ഭാഗം)

നോവൽ ഇൻഫ്ളുവൻസ

A H_1N_1 or H_1N_1 പനി

ഡോ. ജോസ്മോൻ ജോർജ്ജ്

രഘു എന്തുണ്ട് വിശേഷം? ചായ കുടിക്കൂ. ഭാര്യ ചായയുമായി വന്നു. ചായ കുടിക്കുന്നതിനിടയിൽ രഘു ചോദിച്ചു. രോഗം ഒരാളിൽ നിന്നും എത്ര നാൾവരെ മറ്റുള്ളവരിലേയ്ക്ക് പകരാം?

രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നതിന് ഒരു ദിവസം മുമ്പുമുതൽ രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നതിനു ശേഷം 7 ദിവസംവരെയോ, രോഗം പൂർണ്ണമായി മാറുന്നതുവരെയോ, രോഗിയിൽനിന്നും മറ്റുള്ളവരിലേയ്ക്ക് രോഗം പകരാവുന്നതാണ്.

രഘു: എപ്പോൾ ആണ് ഒരാൾക്ക് H_1N_1 രോഗം ഉണ്ടെന്ന് പറയുന്നത്?

നോവൽ ഇൻഫ്ളുവൻസ A H_1N_1 രോഗമുള്ളവരെയും രോഗം ഉണ്ടാവാൻ സാദ്ധ്യത ഉള്ളവരെയും 3 ആയി തരം തിരിച്ചിരിക്കുന്നു.

A. നോവൽ ഇൻഫ്ളുവൻസ A H_1N_1 രോഗം ഉണ്ടെന്ന് സംശയിക്കപ്പെടുന്നവർ (Suspected case)

38^0 സെൽഷ്യസോ അതിലധികമോ പനിയും, ശ്വസനവ്യവസ്ഥ സംബന്ധമായ രോഗലക്ഷണങ്ങളുള്ള (ജലദോഷം, ചുമ, മൂക്കൊലിപ്പ്, തൊണ്ടവേദന തുടങ്ങിയവ), സ്ഥിരീകരിക്കപ്പെട്ട ഓന്നോ അതിലധികമോ H_1N_1 രോഗികളുടെ സമൂഹത്തിൽ ജീവിക്കുന്നവരെയും, അങ്ങനെയുള്ള ഒരു പ്രദേശത്തേയ്ക്കോ, സമൂഹത്തിലേയ്ക്കോ യാത്ര ചെയ്തതിനു ശേഷം 7 ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നവരെയും, സ്ഥിരീകരിക്കപ്പെട്ട H_1N_1 രോഗമുള്ള ഒരാളുമായുള്ള സമ്പർക്കത്തിനുശേഷം 7 ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നവരെയും Suspected case എന്നുപറയുന്നു.

B. നോവൽ ഇൻഫ്ളുവൻസ A H_1N_1 രോഗം ആവാൻ സാധ്യതയുള്ളവർ (Probable case)

മേൽപറഞ്ഞ രോഗലക്ഷണങ്ങളുള്ള (പനി, ചുമ, മൂക്കൊലിപ്പ്, ജലദോഷം തുടങ്ങിയവ) ഇൻഫ്ളുവൻസ A രോഗാണുബാധയുണ്ടെന്ന് ലാബ് പരിശോധനയിലൂടെ സ്ഥിരീകരിക്കപ്പെട്ടവരും എന്നാൽ H_1N_1 എന്ന് തെളിയിക്കപ്പെടാത്തവരും; Suspected case എന്ന വിഭാഗത്തിൽപ്പെട്ട, ഇൻഫ്ളുവൻസ A രോഗാണുബാധ ഉണ്ടെന്ന് സ്ഥിരീകരിക്കപ്പെട്ടവരെയും probable case എന്നു പറയുന്നു.

c. നോവൽ ഇൻഫ്ളുവൻസ A H_1N_1 രോഗം സ്ഥിരീകരിക്കപ്പെട്ടവർ (Confirmed case)

മേൽപറഞ്ഞ രോഗലക്ഷണങ്ങളുള്ള, റിയൽ ടൈം PCR, വൈറൽ കൾച്ചർ, ഇൻഫ്ളുവൻസ A H_1N_1 വൈറസിനെതിരെയുള്ള ആന്റിബോഡിയിലുള്ള നാലിരട്ടി വർദ്ധന എന്നീ ലാബ് ടെസ്റ്റുകളിലൂടെ രോഗം ഉണ്ടെന്ന് സ്ഥിരീകരിക്കപ്പെട്ടവരെ confirmed case എന്നു പറയുന്നു.

H_1N_1 രോഗം ഉണ്ടെന്നു സംശയിക്കപ്പെടുന്നവരുടെ തൊണ്ടയിൽ നിന്നോ, മൂക്കിൽ നിന്നോ, തൊണ്ടയും മൂക്കും തമ്മിൽ ചേരുന്ന ഭാഗത്തു നിന്നോ ശേഖരിക്കുന്ന സാമ്പിളുകളിൽ നിന്നോ, രക്തസാമ്പിളുകളിൽ നിന്നോ, ലാബ് പരിശോധനകളിലൂടെ രോഗം സ്ഥിരീകരിക്കാവുന്നതാണ്. 3 ലാബ് ടെസ്റ്റുകളാണ് സാധാരണയായി ഉപയോഗിക്കുന്നത്.

(i) റിയൽടൈം പോളിമെറേസ് ചെയിൻ റിയാക്ഷൻ (Real time PCR)

(ii) വൈറൽ കൾച്ചർ (Viral culture)

(iii) H_1N_1 രോഗാണുവിനെതിരെയുള്ള ആന്റിബോഡികളുടെ അളവിലുള്ള നാലിരട്ടി വർദ്ധന. (four fold rise in swine influenza A (H_1N_1) virus specific neutralizing antibodies.

രഘു: എപ്പോഴാണ് നമ്മൾ ഈ സാമ്പിളുകൾ ശേഖരിക്കേണ്ടത്?

രോഗലക്ഷണങ്ങൾ കണ്ടു തുടങ്ങുമ്പോൾ തന്നെയോ, മരുന്നുകൾ കൊടുക്കുന്നതിനു മുൻപെയോ സാമ്പിളുകൾ ശേഖരിക്കേണ്ടതാണ്.

രഘു:- എവിടെയാണ് സാമ്പിളുകൾ ശേഖരിക്കപ്പെടുന്നത്? ആരാണ് ഇതെടുക്കുന്നത്?

രോഗലക്ഷണങ്ങളുള്ളയാളിൽ നിന്നും ആരോഗ്യപ്രവർത്തകരാണ് സാമ്പിളുകൾ ശേഖരിക്കുന്നത്. എല്ലാ ജില്ലാ താലൂക്ക് ഗവ:ആശുപത്രികളിലും ഇതിനുള്ള സൗകര്യങ്ങളുണ്ട്. രോഗിയെ പരിശോധിക്കുന്ന ഡോക്ടറാണ് പരിശോധനയ്ക്കായി സാമ്പിളുകൾ ശേഖരിക്കണമോ എന്ന് തീരുമാനിക്കുന്നത്.

രഘു:- സാർ പറഞ്ഞ പരിശോധനകൾ ഇവിടെ ലഭ്യമാണോ?

രോഗിയിൽ നിന്നും ശേഖരിക്കപ്പെടുന്ന സാമ്പിളുകൾ 3 കുപ്പികളുള്ള പ്രത്യേകം തയ്യാറാക്കപ്പെട്ട പാത്രങ്ങളിലാണ് സൂക്ഷിക്കുന്നത്. ഈ സാമ്പിളുകൾ 48 മണിക്കൂറിനുള്ളിൽ പരിശോധന നടത്തുന്ന ലബോറട്ടറികളിൽ എത്തിക്കേണ്ടതാണ്. 48 മണിക്കൂറിനുള്ളിലെങ്കിൽ 4^0 സെൽഷ്യസിലും, 48 മണിക്കൂറിൽ കൂടുതൽ സമയം, സാമ്പിളുകൾ പരിശോധനാസ്ഥലത്തെത്തിക്കുവാൻ ആവശ്യമെങ്കിൽ -70^0 സെൽഷ്യസിലും സാമ്പിളുകൾ സൂക്ഷിക്കേണ്ടതാണ്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി-പുനെ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസ്-ഡൽഹി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോളറ ആൻഡ് എറിക് ഡിസീസസ്-കൽക്കട്ട, റീജിയണൽ മെഡിക്കൽ റിസർച്ച് സെന്റർ-ഡിബ്രുഗർ, സെൻട്രൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്-കസൗളി, ഹാഫ്കിൻ ഇൻസ്റ്റിറ്റ്യൂട്ട്, മുംബെ എന്നീ ലബോറട്ടറികളിലും, കേരളത്തിൽ രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജിയിലും H_1N_1 രോഗ പരിശോധനയ്ക്കുള്ള ലാബ് സൗകര്യം ലഭ്യമാണ്. തിരുവനന്തപുരം ഗവ:മെഡിക്കൽ കോളേജിൽ പരിശോധനാസൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

രഘു:- ഈ രോഗത്തിന് ചികിത്സ ലഭ്യമാണോ?

തീർച്ചയായും. രോഗപ്രതിരോധത്തിനും, രോഗചികിത്സയ്ക്കും മരുന്നുകൾ ലഭ്യമാണ്. പനിക്ക് പാരസെറ്റമോൾ നല്കാവുന്നതാണ്. രോഗം സംശയിക്കപ്പെടുന്നവർ 7 മുതൽ 10 ദിവസം വരെ പൂർണ്ണമായ വിശ്രമം എടുക്കേണ്ടതാണ്. ധാരാളം വെള്ളം കുടിക്കുകയും, ശരിയായ രീതിയിൽ ഭക്ഷണം കഴിക്കുകയും ചെയ്യേണ്ടതാണ്. രോഗിക്ക് ധാരാളം ഉറക്കം ആവശ്യമാണ്. രോഗത്തിന്റെ തീവ്രതയനുസരിച്ചാണ് ചികിത്സ നിർണ്ണയിക്കുന്നത്.

ഒസൾട്ടാമിവിർ എന്ന മരുന്നാണ് H_1N_1 രോഗചികിത്സയ്ക്കും രോഗപ്രതിരോധത്തിനും ഉപോഗിക്കുന്നത്. രോഗിയുടെ തൂക്കമനുസരിച്ചാണ് ഈ മരുന്നി ന്റെ ഡോസ് നിർണ്ണയിക്കുന്നത്. ഒസൾ ട്ടാമിവിർ ഗുളികകളും സിറപ്പുകളും ലഭ്യമാണ്. ചികിത്സയുമായി 5 ദിവസവും രോഗപ്രതിരോധത്തിനായി 7 മുതൽ 10 ദിവസംവരെയും മരുന്നുകൾ നൽകാറുണ്ട്. കൂടാതെ രോഗപ്രതിരോധമനുസരിച്ച്, ഓക്സിജൻ, ഡ്രിപ്പുകൾ, ആന്റിബയോട്ടിക്കുകൾ, വെന്റിലേറ്റർ സപ്പോർട്ട്, പ്രഷർ കൂട്ടുവാനുള്ള മരുന്നുകൾ തുടങ്ങിയവ ഉപയോഗിക്കേണ്ടിവരാം. ആസ്പിരിൻ ഗുളികകൾ ഒരു കാരണവശാലും രോഗം സംശയിക്കുന്നവർക്ക് കൊടുക്കരുത്.

രഘു:- ഈ മരുന്ന് മെഡിക്കൽഷോപ്പുകളിൽ ലഭ്യമാണോ?

ഇല്ല. ഒസൾട്ടാമിവിർ (ടാമിഫ്ളൂ) മരുന്നുകൾ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ മാത്രമേ ലഭിക്കുകയുള്ളൂ. ഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ് ഈ മരുന്നുകൾ സൂക്ഷിക്കുന്നതും വിതരണം ചെയ്യപ്പെടുന്നതും.

രഘു:- സർ, രോഗം വന്നാൽ എന്തു ചെയ്യണം?

H_1N_1 എന്ന രോഗത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയാൽ എത്രയും വേഗം അടുത്തുള്ള ഡോക്ടറെ കണ്ട് പരിശോധിപ്പിക്കേണ്ടതാണ്. H_1N_1 രോഗമാവാൻ സാധ്യതയുണ്ടെങ്കിൽ സാധാരണയായി 7 ദിവസം രോഗിയെ നിരീക്ഷണത്തിനു വിധേയമാക്കും. 7 ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ മാറുന്നില്ലെങ്കിൽ H_1N_1 രോഗനിർണ്ണയത്തിനുള്ള സാമ്പിളുകൾ രോഗിയിൽ നിന്നു ശേഖരിച്ച് പരിശോധനയ്ക്കു വിധേയമാക്കേണ്ടതാണ്.

രോഗത്തിന്റെ തീവ്രതയനുസരിച്ചാണ് ചികിത്സാവിധികൾ തീരുമാനിക്കുന്നത്. രോഗലക്ഷണങ്ങൾ തീവ്രമല്ലെങ്കിൽ രോഗിയെ വീട്ടിൽവെച്ചുതന്നെ ചികിത്സിക്കാവുന്നതാണ്. ധാരാളം വെളിച്ചവും വായുസഞ്ചാരവുമുള്ള ഒരു മുറിയിൽ രോഗിയെ ഒറ്റയ്ക്കു താമസിപ്പിക്കേണ്ടതാണ്. 7 ദിവസം രോഗിയെ നിരീക്ഷണത്തിനു വിധേയമാക്കും. രോഗി മറ്റു സ്ഥലങ്ങളിലേയ്ക്കുള്ള യാത്ര ഒഴിവാക്കേണ്ടതാണ്. വീട്ടിലുള്ള മറ്റംഗങ്ങൾ രോഗിയുമായി കൂടുതൽ അടുത്തിടപഴകരുത്. കഴിവതും സന്ദർശകരെ ഒഴിവാക്കേണ്ടതാണ്. രോഗിയെ ശുശ്രൂഷിക്കുന്നവർ അവർക്കായുള്ള പേഴ്സണൽ പ്രൊട്ടക്ടീവ് എക്വിപ്മെന്റ്സ് ഉപയോഗിക്കേണ്ടതാണ്. (Personal Protective equipments PPE).

രോഗലക്ഷണങ്ങൾ തീവ്രമാണെങ്കിൽ രോഗിയെ ആശുപത്രിയിൽ പ്രത്യേകം തയ്യാറാക്കിയ മുറികളിൽ പ്രവേശിപ്പിച്ച് ചികിത്സിപ്പിക്കേണ്ടതാണ്.

രഘു:- എന്താണ് ഈ പേഴ്സണൽ പ്രൊട്ടക്ടീവ് എക്വിപ്മെന്റ്?

H_1N_1 രോഗമുള്ളവരിൽനിന്നും മറ്റുള്ളവരിലേയ്ക്ക് രോഗം പകരാനുള്ള സാദ്ധ്യത വളരെയേറെയാണ്. ആരോഗ്യപ്രവർത്തകരും രോഗിയെ ശുശ്രൂഷിക്കുന്നവരുമാണ് രോഗം പിടിപെടാൻ ഏറെ സാദ്ധ്യതയുള്ളവർ. ഇങ്ങനെയുള്ളവർക്ക് രോഗം പകരാതിരിക്കാൻ നല്കുന്ന പ്രത്യേക ഉപാധിയാണ് PPE അഥവാ പേഴ്സണൽ പ്രൊട്ടക്ടീവ് എക്വിപ്മെന്റ്. ഇതിൽ N-95 മാസ്കുകൾ (മുഖാവരണം), കൈയ്യുറകൾ, കണ്ണടകൾ, തൊപ്പി, കാലുറകൾ, ഉടുപ്പ് എന്നിവ ഉൾപ്പെട്ടിരിക്കും.

രഘു:- രോഗം പിടിപെടാതിരിക്കാൻ ഞാൻ എന്തു ചെയ്യണം?

1. രോഗം പിടിപെടാതിരിക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗം സോപ്പ്, അണുനാശിനികൾ എന്നിവ ഉപയോഗിച്ച് ഇടയ്ക്കിടെ കൈകഴുകുകയെന്നതാണ്. കൈ തുടയ്ക്കുവാൻ ഡിസ്പോസിബിൾ ടിഷ്യൂ പേപ്പറോ തുണിയോ ഉപയോഗിക്കാവുന്നതാണ്. രോഗിയുടെ കഫം കൈകാര്യം ചെയ്തതിനുശേഷവും ഭക്ഷണം കഴിക്കുന്നതിനു മുമ്പും നിർബന്ധമായും കൈ കഴുകണം.
2. തുമ്മുകയും ചുമയ്ക്കുകയും ചെയ്യുമ്പോൾ മൂക്കും വായും ടിഷ്യുപേപ്പർ ഉപയോഗിച്ചോ, ഹാൻഡ്കർച്ചീഫ് ഉപയോഗിച്ചോ നിർബന്ധമായും മൂടേണ്ടതാണ്.
3. കഫം എടുക്കുവാൻ ഉപയോഗിച്ച

ടിഷ്യൂ ശരിയായ രീതിയിൽ നശിപ്പിക്കേണ്ടതാണ്.

4. കഴിവതും രോഗികളുമായുള്ള സമ്പർക്കം ഒഴിവാക്കേണ്ടതാണ്. അഥവാ ബന്ധപ്പെടേണ്ടിവരികയാണെങ്കിൽ രോഗിയിൽ നിന്നും കൈയ്യെത്താത്ത ദൂരം പാലിക്കേണ്ടതാണ്. ഹസ്തദാനം ഒഴിവാക്കുകയും ഇടയ്ക്കിടെ കൈകഴുകുകയും ചെയ്യേണ്ടതാണ്.
5. രോഗിയുടെ കുടുംബാംഗങ്ങളും, രോഗിയുമായി ബന്ധപ്പെടുന്ന മറ്റുള്ളവരും മുഖാവരണം (Three layered surgical mask) ധരിക്കേണ്ടതാണ്.
6. രോഗമുള്ള സ്ഥലങ്ങളിലേയ്ക്കുള്ള അത്യാവശ്യമില്ലാത്ത യാത്രകൾ ഒഴിവാക്കേണ്ടതാണ്.
7. ധാരാളം ആളുകൾ ഒത്തുചേരുന്ന ആഘോഷങ്ങൾ, പൊതുസമ്മേളനങ്ങൾ, മതസമ്മേളനങ്ങൾ, റാലികൾ എന്നിവ ഒഴിവാക്കേണ്ടതാണ്.
8. കണ്ണുകൾ, മൂക്ക്, വായ് എന്നിവിടങ്ങളിൽ ഇടയ്ക്കിടെ സ്പർശിക്കുന്നത് ഒഴിവാക്കണം.

രോഗം ഒരുപ്രദേശത്ത് വളരെ പെട്ടെന്ന് വ്യാപിക്കുകയാണെങ്കിൽ സ്ക്കൂളുകൾ, ഓഫീസുകൾ, മാർക്കറ്റുകൾ തുടങ്ങിയവ അടച്ചിടേണ്ടിവരും.

രഘു:- ഒരു മാസ്ക് നമുക്ക് എത്രനാൾ ഉപയോഗിക്കാം?

യഥാർത്ഥത്തിൽ ഒരു മാസ്ക്ക് തുടർച്ചയായി 6 മണിക്കൂർ മാത്രമേ ഉപയോഗിക്കാവൂ. അതിനുശേഷം ഈ മാസ്ക് നശിപ്പിച്ചുകളയേണ്ടതാണ്.

രഘു:- എന്തൊക്കെ രോഗലക്ഷണങ്ങൾ കാണുമ്പോഴാണ് അടിയന്തര വൈദ്യ സഹായം തേടേണ്ടത്?

കുട്ടികളിൽ, ത്വരിതഗതിയിലുള്ള ശ്വാസോഛ്വാസം, ശ്വാസതടസം, ത്വക്കിന് നീലനിറം കാണുക, ഭക്ഷണവും ശരിയായ അളവിൽ കഴിക്കുവാൻ വിമുഖത കാട്ടുക, ഉറക്കമുണരുന്നത് സാവധാനത്തിലാവുക, മറ്റു കുട്ടികളുമായി ഇടപെഴുകുവാൻ വിമുഖത കാണിക്കുക, അസ്വസ്ഥനാവുക, രോഗലക്ഷണങ്ങൾക്ക് ശമനം കണ്ടതിനുശേഷം വീണ്ടും പനിയും ചുമയും കലശലാവുക, ത്വക്കിൽ തിണർപ്പുകളോടുകൂടിയുള്ള പനി തുടങ്ങിയ ലക്ഷണങ്ങൾ കണ്ടാൽ എത്രയും വേഗം വൈദ്യസഹായം തേടേണ്ടതാണ്.

മുതിർന്നവരിൽ ശ്വാസംമുട്ടൽ, ശ്വാസതടസ്സം, നെഞ്ചുവേദന, വയറുവേദന, നെഞ്ചിനുള്ളിൽ ഭാരം അനുഭവപ്പെടുക, പെട്ടെന്നുണ്ടാകുന്ന തലകറക്കം, തുടർച്ചയായ ഛർദ്ദി, ഓർമ്മക്കുറവ് തുടങ്ങിയ ലക്ഷണങ്ങൾ കണ്ടാൽ രോഗിയെ എത്രയും വേഗം ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടതാണ്.

രഘു:- സർ, പന്നിയിറച്ചി കൈകാര്യം ചെയ്താലോ, കഴിച്ചാലോ H_1N_1 രോഗം വരാമോ?

ഒരിക്കലുമില്ല. ശരിയായ രീതിയിൽ പാചകം ചെയ്ത പന്നിയിറച്ചി കഴിക്കുന്നത് തികച്ചും സുരക്ഷിതമാണ്.

രഘു:- ഈ രോഗത്തിനെതിരെ എന്തെങ്കിലും പ്രതിരോധ മരുന്നുകൾ ലഭ്യമാണോ?

നിലവിൽ H_1N_1 രോഗത്തിനെതിരെ ഫലപ്രദമായ പ്രതിരോധ മരുന്നുകൾ (വാക്സിനേഷൻ) കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ഇതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വൈറസുകളിൽ വളരെ പെട്ടെന്നുണ്ടാകുന്ന, അടിക്കടിയുള്ള ജനിതകവ്യതിയാനമാണ് ഇതിനുള്ള പ്രധാന തടസ്സം. സാധാരണ ഇൻഫ്ളുവൻസ വൈറസുകൾക്കെതിരെയുള്ള വാക്സിനുകൾ നോവൽ ഇൻഫ്ളുവൻസ H_1N_1 രോഗത്തിനെതിരെ ഫലപ്രദമല്ല.

കൂടാതെ ചില കാര്യങ്ങൾ നാം ചെയ്യുന്നതും ചെയ്യാതിരിക്കുന്നതും രോഗം പകരുന്നത് തടയാൻ സഹായിക്കും.

ചെയ്യേണ്ടവ

- ഇടയ്ക്കിടെ കൈകൾ വൃത്തിയായി കഴുകുക.
- തുമ്മുകയും, ചുമയ്ക്കുകയും ചെയ്യുമ്പോൾ കർച്ചീഫോ, ടിഷ്യൂപേപ്പറോ ഉപയോഗിച്ച് മുഖം മറയ്ക്കുക.
- ആൾക്കൂട്ടമുള്ള സ്ഥലങ്ങളിലേയ്ക്ക് പ്രവേശിക്കാതിരിക്കുക.
- രോഗ ലക്ഷണമുള്ളവരിൽനിന്നും കൈയ്യെത്താത്തത്ര ദൂരം പാലിക്കുക (ഒരു കൈപ്പാടകലം)
- നന്നായി ഉറങ്ങുക
- ധാരാളം വെള്ളം കുടിക്കുകയും പോഷക ഗുണമുള്ള ഭക്ഷണം കഴിക്കുകയും ചെയ്യുക.

ചെയ്യാതിരിക്കേണ്ടവ

- പൊതുസ്ഥലങ്ങളിൽ തുപ്പാതിരിക്കുക
- ഹസ്തദാനം നല്കിയും കെട്ടിപ്പിടിച്ചും ആളുകളെ അഭിവാദ്യം ചെയ്യുന്നത് ഒഴിവാക്കുക.
- ഡോക്ടറുടെ നിർദ്ദേശമില്ലാതെ മരുന്നുകൾ കഴിക്കുന്നത് ഒഴിവാക്കുക.

സർ, അപ്പോൾ ഈ നോവൽ ഇൻഫ്ളുവൻസ H_1N_1 രോഗത്തെ അത്രയ്ക്ക് ഭയപ്പെടേണ്ടതില്ല അല്ലെ. വ്യക്തിശുചിത്വം പാലിക്കുകയും രോഗലക്ഷണങ്ങൾ കണ്ടാൽ എത്രയുംവേഗം വൈദ്യസഹായം തേടുകയും ചെയ്താൽ രോഗം മൂർഛിക്കാതെ വളരെ വേഗത്തിൽ ചികിത്സിച്ച് ഭേദമാക്കാം. അല്ലെ. നന്ദി സർ. ഒത്തിരി നന്ദി.

രഘുവിന്റെ മുഖഭീതി മാറിയിരിക്കുന്നു. സന്തോഷവാനായി ഉൻമേഷത്തോടെ രഘു വീട്ടിലേയ്ക്ക് പോകുന്നത് നോക്കി ഞാൻ നിന്നു.■

ലേഖകൻ കോട്ടയം ഗവ: മെഡിക്കൽ കോളേജിൽ ലക്ചറർ (മെഡിസിൻ) ആണ്.

ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതി: ചോദ്യവും ഉത്തരവും

പേജ് 21-ൽ നിന്ന്

ഒരുമിച്ച് താമസിക്കുന്ന കുടുംബങ്ങളെ വിഭജിച്ച് പുതിയ വീട് നൽകുന്നതിന് കഴിയില്ല. ഇത് അടുത്ത ഘട്ടത്തിൽ പരിഗണിക്കാവുന്നതാണ്.

24. ഇ.എം.എസ് ഭവനപദ്ധതിയ്ക്ക് $40m^2$ കൂടുതൽ വിസ്തീർണ്ണം അനുവദിക്കാമോ?

കഴിയില്ല.

25. ഇ.എം.എസ് ഭവന പദ്ധതി പ്രകാരം നിയമ ലംഘനം നടത്തി $40m^2$ കൂടുതൽ വിസ്തീർണ്ണത്തിൽ വീട് നിർമ്മിച്ചാൽ പഞ്ചായത്ത് എന്ത് നടപടി സ്വീകരിക്കണം?

പദ്ധതി പ്രകാരം $40m^2$ മാത്രമേ പരമാവധി തറ വിസ്തൃതി വരാവു. അതിലധികം തറ വിസ്തൃതിയിൽ വീട് നിർമ്മിക്കുന്നവരിൽ നിന്നും നൽകിയ പണം തിരികെ പിടിക്കേണ്ടതാണ്.

26. ഇ.എം.എസ് ഭവനപദ്ധതി ലിസ്റ്റിൽപ്പെട്ടവർക്ക് മാത്രം ഐ.എ.വൈ ഭവനം നൽകാവൂ എന്നുണ്ടോ?

ഇ.എം.എസ് ഭവന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ലിസ്റ്റിൽ നിന്നു മാത്രമേ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എല്ലാ പദ്ധതികൾക്കുമുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവൂ.

27. പ്ലാൻ ഫണ്ടിന്റെ 15 ശതമാനത്തിന്റെ 10 മടങ്ങ് മാത്രം വായ്പ ലഭിക്കുന്ന സാഹചര്യത്തിൽ കൂടുതൽ ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉണ്ടെങ്കിൽ ആദ്യവർഷം ആനുകൂല്യം നൽകേണ്ട ഗുണഭോക്താക്കളുടെ മുൻഗണന നിശ്ചയിക്കുന്നതിന് മാനദണ്ഡങ്ങളുണ്ടോ? ഉണ്ടെങ്കിൽ എന്താണ്?

മുൻഗണന നിശ്ചയിക്കേണ്ടി വരും. മുൻഗണനകളുടെ വിശദാംശങ്ങളെ കുറിച്ച് സർക്കാർ നിർദ്ദേശം ഉണ്ടാകും.

28. ഇ.എം.എസ് ഭവനപദ്ധതി ഉത്തരവ് ഇറങ്ങുന്നതിന് മുമ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പൂർണ്ണമായിട്ടില്ല. ബാക്കി വരുന്ന ഭാഗം ഇ.എം.എസ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്താമോ?

ഉൾപ്പെടുത്താം

29. റേഷൻ കാർഡ് ഗൃഹനാഥന്റെ പേരിൽ എന്ന് വിഭാവനം ചെയ്താൽ നിലവിൽ നീക്കിവച്ച തുകക്കുതന്നെ ഗുണഭോക്താവില്ലാതെ വരും. ആയതിനാൽ കുടുംബത്തിൽ ഉൾപ്പെട്ട അംഗങ്ങളായും ഉൾപ്പെടുത്തിക്കൂടെ?

വീടിന് അർഹതയുള്ള കുടുംബത്തെയാണ് ഈ ഘട്ടത്തിൽ പരിഗണിക്കുന്നത്. അവരുടെ സംഖ്യതന്നെ 3 ലക്ഷത്തിൽ അധികം വരും. ഇത്രയും വീട് പൂർത്തീകരിച്ചതിന് ശേഷം തുടർന്നുള്ളത് തുടർ പദ്ധതികളിൽ ആലോചിക്കാവുന്നതാണ്.

30. ഒരു റേഷൻ കാർഡിൽ പേരുള്ള ഒരാൾ വേറെ സ്ഥലം വാങ്ങി തറ കെട്ടിയിട്ടുണ്ട്. അവർക്ക് വീട് കൊടുക്കാൻ കഴിയുമോ? പാവപ്പെട്ട കുടുംബമാണ്. അവർ കടം വാങ്ങി തറ കെട്ടിയതാണ്. കുടുംബപ്രശ്നങ്ങളാണ് കാരണം.

കഴിയില്ല. നിലവിൽ റേഷൻകാർഡാണ് മാനദണ്ഡം ഇത്തരം കേസുകൾ അടുത്ത ഘട്ടത്തിൽ പരിഗണിക്കും.

31. ബി.പി.എൽ ലിസ്റ്റിൽ നിന്നും കുടുംബശ്രീ തയ്യാറാക്കി നൽകിയിട്ടുള്ള ലിസ്റ്റിൽ സ്വന്തമായി ഭൂമി ഉള്ളവരുടെ ചില കുടുംബങ്ങളുണ്ട്. ഈ വിഭാഗത്തിൽ ബി.പി.എൽ ലിസ്റ്റിലെ വിവരങ്ങൾ മാനദണ്ഡമാക്കാതെ തീരുമാനമെടുക്കാനാവുമോ?

ആരോഗ്യ ഇൻഷ്വറൻസിന് വേണ്ടി തയ്യാറാക്കിയിട്ടുള്ള ബി.പി.എൽ പട്ടികയുടെ അർഹതാ പരിശോധനയുടെ അടിസ്ഥാനത്തിൽ അന്തിമമാക്കി ഗ്രാമ സഭയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതാണ് ഇ.എം.എസ് ഭവന പദ്ധതിയുടെ ലിസ്റ്റ്. മറ്റുള്ളവയൊന്നും പരിഗണിക്കാനാവില്ല.

32. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിനെ സർവ്വേ ലിസ്റ്റിൽ നിന്ന് വേർതിരിച്ച് എസ്.സി.പി, ടി.എസ്.പി ഫണ്ടിൽ ഉൾപ്പെടുത്തി ഈ വർഷത്തെ പദ്ധതികൾ സമർപ്പണം കഴിഞ്ഞതിനാൽ ഇത് ഫലപ്രദമായി നടത്താൻ കഴിയുമോ?

പദ്ധതികൾ റിവൈസ് ചെയ്യണം.

33. അനിവാര്യമായവയൊഴിച്ചുള്ളവ സാധ്യമായത്ര ക്ലസ്റ്റർ വീട് എന്നതു കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ഭൂരഹിതർക്കും ഭവന നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കണം.വൈദ്യുതി, കുടിവെള്ളം മുതലായ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയുന്ന തരത്തിൽ അഞ്ചു മുതൽ പത്തുവരെ കുടുംബങ്ങൾക്ക് എങ്കിലും ഒരു പ്രദേശത്ത് തന്നെ വീട് നിർമ്മിക്കുവാൻ സ്ഥലം കണ്ടെത്തുവാൻ ശ്രമിക്കാവുന്നതാണ്. ഭൂമിയുടെ ലഭ്യത വളരെ കുറവും വാങ്ങാൻ കഴിയാത്തതരത്തിൽ വില വളരെ കൂടുതലും ആയ പ്രദേശങ്ങളിലാണ് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കു വിധേയമായി മൂന്ന് നിലകൾ വരെയുള്ള ഫ്ളാറ്റുകൾ പരിഗണിക്കേണ്ടത്. വീട് നിർമ്മിക്കുന്നതിന് സ്ഥലം ലഭിക്കുന്നതിന് കുടുംബം ദാരിദ്ര്യരേഖയ്ക്ക് താഴെയായിരിക്കണം. കുടുംബത്തിൽ ആരുടേയും പേരിൽ സ്ഥലം ഉണ്ടാകാൻ പാടില്ല. കുടുംബാംഗങ്ങളിൽ ഒരാൾക്കുപോലും അനന്തരാവകാശമായി ഭൂമി ലഭിക്കാൻ സാധ്യത ഉണ്ടാകരുത്.

34. പലപഞ്ചായത്തുകളിലും സ്വന്തമായിട്ട് ഭൂമിയുണ്ടായിട്ടും പട്ടയമോ കൈവശരേഖയോ ഇല്ലാത്ത സ്ഥിതിയാണ്. എങ്ങനെ വീട് നിർമ്മിക്കാം?

കൈവശരേഖ ഉണ്ടെങ്കിലേ വീട് നിർമ്മിക്കാൻ കഴിയൂ. പുറമ്പോക്ക് ഭൂമി കണ്ടെത്തി പട്ടികപ്പെടുത്തുന്നത് സർച്ച് കമ്മിറ്റിയുടെ ചുമതലയാണ്.

35. ഇ.എം.എസ് ഭവന പദ്ധതി കൂടാതെ പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് മറ്റൊരു പദ്ധതി തയ്യാറാക്കാമോ? അതിന് വേണ്ട ഗുണഭോക്താക്കൾ ഇ.എം.എസ് ഭവന പദ്ധതിയുടെ നോംസ് പ്രകാരം തിരഞ്ഞെടുക്കണോ?

കഴിയില്ല.

36. ഇ.എം.എസ് ഭവന ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്ന് മാത്രമേ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവൂ - വ്യക്തമാക്കാമോ?

നിലവിലുള്ള എല്ലാ ഭവന പദ്ധതികളും ഇ.എം.എസ് ഭവന പദ്ധതിയുടെ ഭാഗമാണ്. ഐ.എ.വൈ ഗുണഭോക്താക്കൾക്കു സഹായവും, വീട് പുനർ നിർമ്മാണവും ഈ പദ്ധതിയുടെ ഭാഗമായാണ് പരിഗണിക്കുന്നത്. അർഹതാ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഭൂരഹിതഭവനരഹിതരായ എല്ലാ ഗുണഭോക്താക്കളുടെയും ലിസ്റ്റാണ് തദ്ദേശഭരണ സ്ഥാപനത്തിലെ ഇ.എം.എസ് ഭവന പദ്ധതി ലിസ്റ്റ്.

37. ഇ.എം.എസ് ഭവന പദ്ധതി പ്രകാരം തയ്യാറാക്കിയ വീട് കൈമാറ്റം ചെയ്യാമോ?

കഴിയില്ല

38. അന്യസംസ്ഥാനത്തു നിന്നും വന്നു താമസിക്കുന്നവർക്ക് ഐ.ഡി., റേഷൻകാർഡ് എന്നിവയുണ്ട്. എന്നാൽ അവരുടെ സ്ഥലത്ത് ഭൂമിയുള്ളവരാണ്. ഇവർ ആരോഗ്യ ഇൻഷ്വറൻസ് ലിസ്റ്റിലും ഉണ്ട്. ഇവരെ അവരുടെ സ്ഥലത്ത് നിന്നും ഭൂമിയും വീടും ഇല്ലായെന്ന സമ്മതപത്രം കൊണ്ടു വരുന്ന മുറയ്ക്ക് പട്ടികയിൽ ഉൾപ്പെടുത്തിയാൽ മതിയോ?

ഇത്തരം കേസുകൾ അടുത്തഘട്ടത്തിൽ പരിഗണിക്കാം.■

(കടപ്പാട്: ജനകീയാസൂത്രണം സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്)

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്തുകളിൽ അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായം

അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം ത്രിതല പഞ്ചായത്തുകളിൽ നടപ്പിൽ വരികയാണ്. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ (സി.എ.ജി) രൂപീകരിച്ച ടാസ്ക് ഫോഴ്സ് നഗരസഭകളിൽ അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കണമെന്ന് ശുപാർശ ചെയ്തു. തുടർന്ന് സി.എ.ജി.യും കേന്ദ്ര നഗരാസൂത്രണ മന്ത്രാലയവും ചേർന്ന് നാഷണൽ മുനിസിപ്പൽ അക്കൗണ്ട്സ് മാന്വലിന് രൂപം നൽകി. ഈ മാന്വൽ മാതൃകയാക്കിയാണ് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ നഗരസഭകളിൽ അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കിയത്. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ പഞ്ചായത്ത് -നഗരസഭാ വ്യത്യാസമില്ലാതെയാണ് പ്രവർത്തിക്കുന്നത്. അതിനാൽ ഒരേ തരത്തിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായം നഗരസഭകളിലും പഞ്ചായത്തുകളിലും നടപ്പാക്കുന്നത് സ്വാഭാവികമായ നടപടിക്രമമാണ്. നാഷണൽ മുനിസിപ്പൽ മാന്വലിന്റെ സത്ത ഉൾക്കൊണ്ടാണ് കേരള മുനിസിപ്പാലിററി (അക്കൗണ്ട്സ്) ചട്ടങ്ങൾക്കും കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വലിനും രൂപം നൽകിയത്. അതേ രീതിയിൽ തന്നെയാണ് കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളും കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് മാന്വലും തയ്യാറാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

അക്രൂവൽ

വരുമാനം, ചെലവ്, ആസ്തി, ബാദ്ധ്യത എന്നിവ സംബന്ധിച്ച് കൈവരുന്ന അവകാശങ്ങളും ഏറ്റെടുക്കുന്ന ബാദ്ധ്യതകളും (claims and obligations) അവ സംഭവിക്കുന്ന മുറയ്ക്കു തന്നെ അക്കൗണ്ടിൽ രേഖപ്പെടുത്തുന്ന രീതിയാണ് അക്രൂവൽ അക്കൗണ്ടിംഗ്. ഒരു നടപടി, കാലപ്പഴക്കം, സേവനം നൽകൽ, കരാർ പൂർത്തിയാക്കൽ, മൂല്യത്തിൽ കുറവ് (any event, passage of time, rendering of services, fulfillment of contracts, diminution in values), തുടങ്ങിയവയിൽ ഏതെങ്കിലും സംഭവിച്ചാൽ മതി; യഥാർത്ഥത്തിൽ പണം ലഭിക്കുകയോ നൽകുകയോ ചെയ്യണമെന്നില്ല.

ഉദാഹരണം

- വസ്തു നികുതി, തൊഴിൽ നികുതി, വാടക തുടങ്ങിയവയുടെ ഡിമാന്റ് തയ്യാറാക്കുന്ന മുറയ്ക്ക് വർഷാരംഭത്തിൽ തന്നെ വരുമാനം അക്കൗണ്ടിൽ ഉൾപ്പെടുത്തുന്നു.
- മാസത്തിലെ അവസാന പ്രവൃത്തി ദിവസം ശമ്പളച്ചെലവ് അക്കൗണ്ടിൽ രേഖപ്പെടുത്തുന്നു.
- സപ്ലൈ ഓർഡറിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ കമ്പ്യൂട്ടർ ലഭിച്ച് സ്റ്റോക്കിൽ എടുത്ത ഉടനെ ചെലവ് രേഖപ്പെടുത്തുന്നു.

ഡബിൾ എൻട്രി

ഓരോ സാമ്പത്തിക ഇടപാടിനും രണ്ട് തലങ്ങളുണ്ട്. ആനുകൂല്യം നൽകുന്ന ഒരു തലവും ആനുകൂല്യം ലഭിക്കുന്ന മറ്റൊരു തലവും. അതിനാൽ ഓരോ ഇടപാടിനും രണ്ട് ഭാഗങ്ങളുണ്ട്; ഡെബിറ്റും, ക്രെഡിറ്റും. ഓരോ സ്ഥാപനവും സൂക്ഷിക്കുന്ന അക്കൗണ്ട് ബുക്കുകളിൽ നിരവധി അക്കൗണ്ടുകളുണ്ടാവും. ഓരോ സാമ്പത്തിക ഇടപാടും ഇവയിലെ ഏതെങ്കിലും രണ്ട് അക്കൗണ്ടുകൾ വീതം ഉൾപ്പെടുന്നതായിരിക്കും. ഒരു അക്കൗണ്ട് ആനുകൂല്യം കൈപ്പറ്റുന്നു; അതിനാൽ ആ അക്കൗണ്ടിനെ ഡെബിറ്റ് ചെയ്യുന്നു. മറ്റേ അക്കൗണ്ട് ആനുകൂല്യം നൽകുന്നു; അതിനാൽ ആ അക്കൗണ്ടിനെ ക്രെഡിറ്റ് ചെയ്യുന്നു. ആദ്യത്തെ അക്കൗണ്ടിനെ ഡെറ്റർ (debtor) എന്നും രണ്ടാമത്തെ അക്കൗണ്ടിനെ ക്രെഡിറ്റർ (creditor) എന്നും വിളിക്കാം.

ഉദാഹരണം

- വിനോദ നികുതി, കാഷ് എന്നിവ പഞ്ചായത്തിന്റെ അക്കൗണ്ട് പുസ്തകങ്ങളിലുള്ള രണ്ട് അക്കൗണ്ടുകളാണ്. വിനോദ നികുതിയിനത്തിൽ പഞ്ചായത്തിന് 5000 രൂപ ലഭിക്കുന്നു. വിനോദ നികുതി എന്ന അക്കൗണ്ട് കാഷ് എന്ന അക്കൗണ്ടിന് നൽകുന്നതാണിത്. അതിനാൽ കാഷ് അക്കൗണ്ടിനെ ഡെബിറ്റ് ചെയ്യുന്നു; വിനോദനികുതി അക്കൗണ്ടിനെ ക്രെഡിറ്റ് ചെയ്യുന്നു.
- പഞ്ചായത്തിന്റെ അക്കൗണ്ട് ബുക്കുകളിൽ 'കമ്പ്യൂട്ടർ' എന്ന പേരിലും 'സപ്ലൈയർ' എന്ന പേരിലും ഓരോ അക്കൗണ്ടുകളുണ്ട്. സപ്ലൈ ഓർഡറിന്റെ അടിസ്ഥാനത്തിൽ സപ്ലൈയർ പഞ്ചായത്തിന് 25000 രൂപ വിലയുള്ള കമ്പ്യൂട്ടർ നൽകുന്നു. കമ്പ്യൂട്ടർ ലഭിച്ചു, സ്റ്റോക്കിൽ എടുത്തു. ഈ ഇടപാടിൽ കമ്പ്യൂട്ടർ എന്ന അക്കൗണ്ടിനാണ് ആനുകൂല്യം ലഭിക്കുന്നത്. ആനുകൂല്യം നൽകുന്നത് സപ്ലൈയർ എന്ന അക്കൗണ്ടാണ്. അതിനാൽ ഈ ഇടപാട് പഞ്ചായത്തിന്റെ അക്കൗണ്ടിൽ രേഖപ്പെടുത്തുന്നത് കമ്പ്യൂട്ടർ എന്ന അക്കൗണ്ടിന് ഡെബിറ്റും സപ്ലൈയർ എന്ന അക്കൗണ്ടിന് ക്രെഡിറ്റും നൽകിയാണ്.

1494 ൽ ലൂക്കോ പാച്ചിയോലി എന്ന ഇറ്റാലിയൻ കച്ചവടക്കാരനാണ് ഈ സമ്പ്രദായത്തിന് രൂപം നൽകിയത്. ഓരോ ഇടപാടും ഒരേ സമയം തന്നെ രണ്ട് അക്കൗണ്ടുകളിൽ രേഖപ്പെടുത്തുന്നതിനാലാണ് (അതായത് ഒരേ സമയം രണ്ട് എൻട്രി നടത്തുന്നതിനാലാണ്) ഈ സമ്പ്രദായത്തെ 'ഡബിൾ എൻട്രി' എന്നു വിളിക്കുന്നത്.

അക്രൂവൽ അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ മെച്ചം

പഞ്ചായത്തിൽ നിലവിലുള്ളത് കാഷ് അടിസ്ഥാനത്തിലുള്ള സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളും ഇതേ സമ്പ്രദായം തന്നെയാണ് ഇതുവരെ പിന്തുടർന്നത്. എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അക്കൗണ്ടുകളും അക്രൂവൽ സമ്പ്രദായത്തിലേക്ക് താമസിയാതെ മാറുന്നതാണ്. അതിനുള്ള 'റോഡ് മാപ്പ്' (Road Map) തയ്യാറാക്കാൻ 'ഗവണ്മെന്റ് അക്കൗണ്ട്സ് സ്റ്റാന്റേർഡ് അഡ്വൈസറി ബോർഡി (GASAB)ന് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ പഞ്ചായത്തിനു മാത്രമായി മാറി നിൽക്കാനാവില്ല.

'കാഷ്' അടിസ്ഥാനത്തിലുള്ള സമ്പ്രദായത്തിൽ പണം ലഭിക്കുകയോ ചെലവ് ചെയ്യുകയോ ചെയ്താൽ മാത്രമേ അക്കൗണ്ടിൽ രേഖപ്പെടുത്തുകയുള്ളൂ. എന്നാൽ

പണം ലഭിച്ചാലും ലഭിച്ചില്ലെങ്കിലും വരുമാനവും ചെലവും ബാദ്ധ്യതയും ആസ്തിയും രേഖപ്പെടുത്തുന്നതാണ് അക്രൂവൽ അടിസ്ഥാനത്തിലുള്ള സമ്പ്രദായം.

താഴെ കൊടുക്കുന്ന താരതമ്യം ശ്രദ്ധിക്കുക

കാഷ് അടിസ്ഥാനത്തിലുള്ള സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം	അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം	അക്രൂവൽ അടിസ്ഥാനത്തിലുള്ള സമ്പ്രദായത്തിന്റെ മെച്ചം
പണം ലഭിക്കുമ്പോഴും ചെലവ് ചെയ്യുമ്പോഴും മാത്രമേ അക്കൗണ്ടിൽ രേഖപ്പെടുത്തുന്നുള്ളൂ. അതിനാൽ വിവരം പൂർണ്ണമല്ല.	വരവും ചെലവും ഉത്ഭവിക്കുമ്പോൾ തന്നെ അക്കൗണ്ടിൽ രേഖപ്പെടുത്തുന്നു. അതിനാൽ രേഖപ്പെടുത്തിയ വിവരം പൂർണ്ണമാണ്.	ഓരോ അക്കൗണ്ട് സംബന്ധിച്ചുമുള്ള പൂർണ്ണ വിവരം ലഭ്യമാകുന്നു.
കാഷ് ബുക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 'വരവ്-ചെലവ് സ്റ്റേറ്റ്മെന്റ് (Receipts and Payments Statement)' ആണ് വാർഷിക ധനകാര്യ പത്രിക. ഇത് വഴി ഓരോ ഇനത്തിലേയും വരവും ചെലവും സ്ഥാപനത്തിന്റെ നീക്കിയിരിപ്പും മാത്രമേ അറിയാൻ കഴിയുകയുള്ളൂ. ആസ്തി ബാദ്ധ്യതകളുടെ വിവരം പ്രത്യേകം രജിസ്റ്ററുകളിലാണ് സൂക്ഷിച്ചിട്ടുള്ളത്. അക്കൗണ്ടിൽ ഈ വിവരം ലഭ്യമല്ല	കാഷ് ബുക്കിന്റെയും ജേണൽ ബുക്കിന്റെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന മൂന്ന് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ വർഷാന്ത്യം തയ്യാറാക്കുന്നു. 1. Balance Sheet 2. Income and expenditure Statement 3. Receipts and Payments Statement	Receipts and Payments Statement തയ്യാറാക്കുന്നതിനാൽ കാഷ് അടിസ്ഥാനത്തിലുള്ള സമ്പ്രദായ പ്രകാരമുള്ള മുഴുവൻ വിവരവും ഇവിടെയും ലഭിക്കുന്നു. ബാലൻസ് ഷീറ്റ് തയ്യാറാക്കുന്നതിനാൽ മൊത്തം ആസ്തി ബാദ്ധ്യതകളുടെ ചിത്രം അക്കൗണ്ടിലൂടെ തന്നെ ലഭിക്കുന്നു. Income and expenditure Statement വഴി ഓരോ വർഷത്തേയും പ്രവർത്തനം മിച്ചത്തിലാണോ കമ്മിയിലാണോ കലാശിച്ചതെന്ന് അക്കൗണ്ടിൽ നിന്നു തന്നെ അറിയാൻ കഴിയുന്നു
ഓരോ വർഷവും തയ്യാറാക്കുന്ന കണക്കിൽ തന്നാണ്ടത്തെ വരവ് ചെലുകൾക്ക് പുറമെ മുൻവർഷങ്ങളെ സംബന്ധിച്ച കുടിശ്ശിക വരവ് ചെലവുകളും ഉൾപ്പെടുത്തിയിരിക്കാൻ ഇടയുണ്ട്. ഭാവി വർഷങ്ങളിലേയ്ക്കുള്ള അഡ്വാൻസ് വരവ് ചെലവുകളും ഉൾപ്പെട്ടേയ്ക്കാം.	ഓരോ വർഷത്തേയും Income and expenditure Statement ൽ ആവർഷത്തെ വരുമാനവും ചെലവും മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ	Income and expenditure Statement തയ്യാറാക്കുന്നതിനാൽ ഓരോ വർഷത്തെ കണക്കും മുൻവർഷത്തെ കണക്കുമായി താരതമ്യം ചെയ്യാൻ കഴിയും. കാഷ് അടിസ്ഥാനത്തിലുള്ള സമ്പ്രദായത്തിൽ ഇത് സാദ്ധ്യമല്ല.

ഡബിൾ എൻട്രി - പരിചയപ്പെടൽ

അക്കൗണ്ടുകളെ മൂന്നായി തരം തിരിക്കാം

1. Personal Account

ഉദാ. ഒരു കരാറുകാരന്റെ പേരിലുള്ള അക്കൗണ്ട്, ഒരു സ്ഥാപനത്തിന്റെ പേരിലുള്ള അക്കൗണ്ട്.

2. Real Account

ഉദാ. കാഷ് അക്കൗണ്ട്, ബാങ്ക് അക്കൗണ്ട്, ഭൂമി, കെട്ടിടം, വാഹനം.

3. Nominal Account

ഉദാ. വാടക, ശമ്പളം, പലിശ, വസ്തു നികുതി, വൈദ്യുതി ചാർജ്, വാട്ടർ ചാർജ്.

ഇവയിൽ ഓരോ അക്കൗണ്ടിനേയും ഡെബിറ്റും ക്രെഡിറ്റും എങ്ങനെ ബാധിക്കുമെന്ന് വിവരിക്കുന്നത് താഴെ നൽകിയിരിക്കുന്ന മൂന്ന് സുവർണ്ണ നിയമങ്ങളിലൂടെയാണ്.

ആദ്യം അക്കൗണ്ടുകളെ Personal, Real, Nominal എന്നിങ്ങനെ വിഭജിക്കുക. തുടർന്ന് അവയെ ഡെബിറ്റും ക്രെഡിറ്റും എങ്ങനെ ബാധിക്കുമെന്ന് പരിശോധിക്കുക.

1. Personal Account : Debit the receiver; credit the giver.
2. Real Account : Debit what comes in; credit what goes out.
3. Nominal Account : Debit all expenses and losses; credit all incomes and gains.

ഇടപാടുകൾ താഴെ കാണിക്കുന്ന രീതിയിലായിരിക്കും രേഖപ്പെടുത്തുക.

1. വിനോദ നികുതിയിനത്തിൽ 5,000 രൂപ കാഷ് ലഭിച്ചു.

Particulars	Debit Amount (Rs.)	Credit Amount (Rs)
Cash A/c Dr.	5,000	
To Entertainment Tax A/c (Being the collection of Entertainment Tax)		5,000

2. സപ്ലൈയറിൽ നിന്ന് 25,000 രൂപ വിലയുള്ള കമ്പ്യൂട്ടർ ലഭിച്ചു, സ്റ്റോക്കിൽ എടുത്തു

Particulars	Debit Amount (Rs.)	Credit Amount (Rs)
Computer A/c Dr.	25,000	
To Supplier A/c (Being the cost of Computer)		25,000

മറ്റൊരു രീതി:

ഡെബിറ്റും ക്രെഡിറ്റും അക്കൗണ്ടുകളെ എങ്ങനെ ബാധിക്കുമെന്ന്, മറ്റൊരു രീതിയിൽ, താഴെ പറയുന്ന നാല് നിയമങ്ങളിലൂടെ വിശദീകരിക്കാം.

അക്കൗണ്ടുകളെ ആദ്യം നാലായി വിഭജിക്കുക.

1. Income, 2. Expenditure,
3. Liability, 4. Asset

തുടർന്ന് താഴെ പറയുന്ന നാല് നിയമങ്ങൾ അവലംബിക്കുക

1. If debited, Expenditures and Assets increase
2. If credited, Expenditures and Assets decrease
3. If credited, Incomes and Liabilities increase
4. If debited, Incomes and Liabilities decrease

പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളുടേയും പഞ്ചായത്ത് രാജ് അക്കൗണ്ട്സ് മാന്വലിന്റേയും (കരട്) രത്നച്ചുരുക്കം.

താഴെ പറയുന്ന കോഡുകൾ ഉണ്ടായിരിക്കുന്നതാണ്;

1. Fund Codes 2.Function Codes,
3. Functionary Codes 4.Account Codes

ഫണ്ട് കോഡ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 212-ാം വകുപ്പ് പ്രകാരം പഞ്ചായത്തിന്റെ എല്ലാ വരവുകളും ഉൾപ്പെട്ടതാണ് 'പഞ്ചായത്ത് ഫണ്ട്'. 2006 ഏപ്രിൽ 12 ലെ ജി.ഒ (പി) 177/2006/ഫിൻ നമ്പർ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച 'എ' മുതൽ 'ജി' വരെയുള്ള എല്ലാ ഫണ്ടുകളും പഞ്ചായത്ത് ഫണ്ടിൽ ഉൾപ്പെടുന്നു. സർക്കാരിന് ആവശ്യമെന്ന് തോന്നുന്ന പക്ഷം പഞ്ചായത്ത് ഫണ്ടിനകത്ത് മൈനർ ഫണ്ടുകൾ സൃഷ്ടിക്കാം. ഉദാഹരണം: ഇടുക്കി ജില്ല പഞ്ചായത്തിൽ ലയിപ്പിച്ച ഇടുക്കി ജില്ല വികസന അതോറിറ്റിയുമായി ബന്ധപ്പെട്ട 'വികസന വിഭാഗം ഫണ്ട്'. ഇടുക്കി ജില്ല പഞ്ചായത്തിന്റെ അക്കൗണ്ടിൽ വികസന വിഭാഗം ഫണ്ടിന്റെ കണക്ക് പ്രത്യേകമായി കാണിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് ഒരു മൈനർ ഫണ്ടായി അക്കൗണ്ട് ചെയ്യുന്നത്. ഇടുക്കി ജില്ല പഞ്ചായത്തിൽ രണ്ട് ഫണ്ടുകളും, അവയ്ക്ക് പ്രത്യേക അക്കൗണ്ടുകളും, അവ ചേർന്ന ഒരു സംയോജിത അക്കൗണ്ടും ഉണ്ടായിരിക്കും. മറ്റെല്ലാ പഞ്ചായത്തുകളിലും 'പഞ്ചായത്ത് ജനറൽ ഫണ്ട്' എന്ന ഒരൊറ്റ ഫണ്ട് മാത്രമേ ഉണ്ടാവൂ.

ഫങ്ഷൻ കോഡ്

കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ മൂന്ന്, നാല്, അഞ്ച് പട്ടികകളിലായി യഥാക്രമം ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇവയുടെ അടിസ്ഥാനത്തിൽ ഫങ്ഷനുകൾക്ക് കോഡ് നൽകിയിരിക്കുന്നു. ഇതിനാൽ ഓരോ ഫങ്ഷൻ സംബന്ധിച്ചും വരവും ചെലവും ആസ്തിയും ബാദ്ധ്യതയും എത്രയെന്ന് അറിയാൻ കഴിയും.

ഫങ്ഷണറി കോഡ്

പഞ്ചായത്ത് സെക്രട്ടറിയും നിർവഹണ ഉദ്യോഗസ്ഥരുമാണ് ഫങ്ഷണറിമാർ. ഓരോ ഫങ്ഷണറിക്കും പ്രത്യേക കോഡ് നൽകുന്നു. ഇതിലൂടെ ഓരോ ഫങ്ഷണറിയെ സംബന്ധിച്ചുമുള്ള ധനകാര്യ വിവരങ്ങൾ ലഭിക്കും.

അക്കൗണ്ട് കോഡ്

അക്കൗണ്ടുകളെ നാലായി തരം തിരിച്ചിരിക്കുന്നു.

➢ Income
➢ Expenditure
➢ Liability
➢ Asset

ഓരോ അക്കൗണ്ടിനും ഒമ്പത് അക്കങ്ങളുള്ള കോഡ് നൽകിയിരിക്കുന്നു. ഇവയിൽ ആദ്യത്തെ മൂന്ന് അക്കങ്ങൾ മേജർ ഹെഡ് കോഡ് ആണ്. പിന്നീടുള്ള ഓരോ രണ്ട് അക്കവും യഥാക്രമം മൈനർ ഹെഡ്, ഡീറ്റെയിൽഡ് ഹെഡ്, ഡീറ്റെയിൽഡ് സബ്ഹെഡ് എന്നിവയെ സൂചിപ്പിക്കുന്നു.

അക്കൗണ്ട് ഗ്രൂപ്പുകളുടെ ഒന്നാമത്തെ അക്കം അവ ഏത് ഗ്രൂപ്പിൽപ്പെട്ടതാണെന്ന് സൂചിപ്പിക്കുന്നു.

Account Group	First Digit
Income	1
Expenditure	2
Liability	3
Asset	4

ബജറ്റ് സെന്റർ

പ്രത്യേക ബജറ്റ് വിഹിതം നീക്കിവെച്ചിട്ടുള്ള ഓരോ യൂണിറ്റിനേയുമാണ് 'ബജറ്റ് സെന്റർ' എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. 'ഫങ്ഷൻ-ഫങ്ഷണറി' എന്നിവ ചേർന്നതാണ് ഒരു ബജറ്റ് സെന്റർ. ഉദാഹരണം: 1. അഡ്മിനിസ്ട്രേഷൻ– സെക്രട്ടറി; 2. അഗ്രികൾച്ചർ –അഗ്രിക്കൾച്ചറൽ ഓഫീസർ.

ഓരോ അക്കൗണ്ട് ഹെഡിനും അവ ചേർന്ന ബജറ്റ് സെന്ററിനും എത്ര തുക നീക്കി വെച്ചിട്ടുണ്ടെന്ന് ബജറ്റിൽ നിർദ്ദേശിക്കുന്നു.

ഉദാഹരണം: അടുത്ത പേജിലെ പട്ടിക A കാണുക.

അക്കൗണ്ടിംഗ് ഡോക്യുമെന്റുകൾ

താഴെ പറയുന്ന നാല് അക്കൗണ്ടിംഗ് ഡോക്യുമെന്റുകൾ വഴി എല്ലാ ഇടപാടുകളും അക്കൗണ്ടിൽ രേഖപ്പെടുത്തുന്നു.

1. Receipt Voucher
2. Payment Voucher
3. Journal Voucher
4. Contra Voucher

താഴെ പറയുന്ന രീതിയിലാണ് രേഖപ്പെടുത്തുന്നത്

➢ കാഷ്/ബാങ്ക് ഇടപാടുകളുള്ള എല്ലാ വരവുകളും Receipt Voucher വഴി.
➢ കാഷ്/ബാങ്ക് ഇടപാടുകളുള്ള എല്ലാ ചെലവുകളും Payment Voucher വഴി.
➢ Cash Account, Bank Account ഉൾപ്പെടാത്ത ഇടപാടുകൾ Journal Voucher വഴി.
➢ Cash to Bank, Bank to Cash, Bank to Bank എന്നിവ Contra Voucher വഴി.

Books of Accounts

താഴെ പറയുന്നവയായിരിക്കും അക്കൗണ്ട് ബുക്കുകൾ;

1. Cash Book
2. Bank Book
3. Journal Book
4. Ledger

'Books of Original Entry' യാണ് ആദ്യത്തെ മൂന്നും. ഇവയിൽ രേഖപ്പെടുത്തുന്ന ഓരോ എൻട്രിക്കും ലെഡ്ജറിൽ ഒരു പോസ്റ്റിംഗ് ഉണ്ടായിരിക്കും.

ഉദാഹരണം **പട്ടിക A**

അക്കൗണ്ട് കോഡ്	ഹെഡ് ഓഫ് അക്കൗണ്ട്	ബജറ്റ് തുക (രൂപ)
	Administration - Secretary	
210100101	ശമ്പളം – സെക്രട്ടറി	3,00,000
210100104	ശമ്പളം – സ്ഥിരം ജീവനക്കാർ	12,00,000
210300101	പെൻഷൻ കോൺട്രിബ്യൂഷൻ – സെക്രട്ടറി	45,000
210300104	പെൻഷൻ കോൺട്രിബ്യൂഷൻ – സ്ഥിരം ജീവനക്കാർ	1,80,000
220120101	ടെലിഫോൺ ചാർജ്ജ്	35,000
230530101	വാഹനങ്ങളുടെ റിപ്പയറും മെയിന്റനൻസും	50,000
	ആകെ	**18,10,000**
	Agriculture - Agricultural Officer	
250400101	കൃഷിയും അനുബന്ധമേഖലകളും	10,00,000
	ആകെ	**10,00,000**

മാസാവസാനം ബാങ്ക് റിക്കൺസിലിയേഷൻ നടത്തി 'ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്' തയ്യാറാക്കണം.

Annual Financial Statements

വർഷാന്ത്യത്തിൽ താഴെ പറയുന്ന 'Annual Financial Statements' തയ്യാറാക്കണം

1. Balance Sheet
2. Income and Expenditure Statement
3. Receipts and Payments Statement
4. Statement of Cash Flows

മേയ് 15 നകം വർഷാന്ത്യക്കണക്ക് തയ്യാറാക്കി പഞ്ചായത്ത് അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കണം.

അക്കൗണ്ടിംഗ് പൂർണ്ണമായും കമ്പ്യൂട്ടറിൽ

പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം പൂർണ്ണമായും കമ്പ്യൂട്ടർവൽകൃതമായിരിക്കും.

ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്തതും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് കോർപ്പറേഷനിൽ അക്കൗണ്ടിംഗ് ചെയ്യാൻ ഉപയോഗിച്ചു കൊണ്ടിരിക്കുന്നതുമായ 'സാംഖ്യ' എന്ന ഡബിൾ എൻട്രി അക്കൗണ്ടിംഗ് ആപ്ലിക്കേഷൻ പഞ്ചായത്ത് അക്കൗണ്ടിനു വേണ്ടി ആവശ്യമായ മാറ്റം വരുത്തി നടപ്പാക്കുന്നതാണ്. കോഴിക്കോട് കോർപ്പറേഷനിൽ ഇപ്പോൾ 'സാംഖ്യ' വഴി ദിവസേന അതാത് ദിവസത്തെ വരവ് ചെലവുകൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി കാഷ് ബുക്കിന്റെയും ബാങ്ക് ബുക്കിന്റെയും പ്രിന്റ് ഔട്ട് എടുത്ത് അക്കൗണ്ട്സ് ഓഫീസർ ഒപ്പിട്ട് സൂക്ഷിക്കുന്നുണ്ട്. 2008-09 ലെ ബാലൻസ് ഷീറ്റ് ഉൾപ്പെടെയുള്ള വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകളും 2009-10 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള പ്രതിമാസ അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും 'സാംഖ്യ'യിലാണ് തയ്യാറാക്കിയത്. സർക്കാർ ആവശ്യപ്പെട്ടിട്ടുള്ള ചില സംയോജനങ്ങളും റിപ്പോർട്ടുകളും 'സാംഖ്യ'യിൽ ഉൾപ്പെടുത്തുന്ന പണി പുരോഗമിക്കുന്നു. ഇതേ രീതിയിൽ ഓരോ ദിവസവും വൈകുന്നേരം പഞ്ചായത്തിന്റെ കാഷ് ബുക്കിന്റെയും ബാങ്ക് ബുക്കിന്റെയും കമ്പ്യൂട്ടർ പ്രിന്റ് ഔട്ട് എടുത്ത് ഒപ്പിട്ട് സൂക്ഷിക്കാം.

ആകെ നാല് വൗച്ചറുകൾ ഉപയോഗിച്ച് അക്കൗണ്ടന്റ് കമ്പ്യൂട്ടറിൽ എൻട്രി നടത്തുന്നു. താഴെ പറയുന്നവ ലഭിക്കാൻ ഓരോ മൗസ് ക്ലിക്ക് മതി.

➢ കാഷ് ബുക്ക്
➢ ബാങ്ക് ബുക്ക്
➢ ജേണൽ ബുക്ക്
➢ ലെഡ്ജർ
➢ ട്രയൽ ബാലൻസ്
➢ ബാലൻസ് ഷീറ്റ്
➢ ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ്
➢ റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്
➢ കാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്

(ഇതിനു പുറമേ മാന്വലിൽ നിർദ്ദേശിക്കുന്ന മറ്റെല്ലാ റിപ്പോർട്ടുകളും)

ഓരോ മാസത്തിന്റെയും അവസാന പ്രവൃത്തി ദിവസം അക്കൗണ്ട് തയ്യാറായിരിക്കും. ബാങ്ക് റിക്കൺസിലിയേഷൻ നടത്തുന്നത് കമ്പ്യൂട്ടറിലൂടെയാണ്. അതിനായി ഒരു ദിവസം കൂടി എടുക്കാം. അടുത്ത മാസം 3-ാം തീയതി അക്കൗണ്ട് തയ്യാറായിരിക്കും.

വർഷാവസാനം മാർച്ച് മാസത്തിലെ അവസാന പ്രവൃത്തി ദിവസം അക്കൗണ്ട് തയ്യാറായിരിക്കും. ബാങ്ക് റിക്കൺസിലിയേഷൻ അടുത്ത ദിവസം തയ്യാറാക്കാം. വർഷവസാന അഡ്ജസ്റ്റ്മെന്റുകൾ കഴിഞ്ഞാൽ മേയ് 2ന് വർഷാന്ത്യ കണക്ക് തയ്യാറായിരിക്കും.

മറ്റ് സോഫ്റ്റ്‌വെയറുകളുമായി ചേർന്നായിരിക്കും 'സാംഖ്യ' പ്രവർത്തിക്കുന്നത്. ഇങ്ങനെ പ്രവർത്തിക്കുന്നതിന്റെ ഫലം താഴെ കൊടുക്കുന്നു.

സാംഖ്യ – സഞ്ചയ (റവന്യൂ മൊഡ്യൂൾ)	• നികുതിദായകന്റെ ഡിമാന്റ് കമ്പ്യൂട്ടർ സ്ക്രീനിൽ നിന്ന് അറിയാം. അതനുസരിച്ച് പണം അടയ്ക്കാം. • പണം ലഭിച്ച് രസീത് നൽകിയ ഉടൻ കാഷ് ബുക്ക്, ലെഡ്ജർ, ബാലൻസ് ഷീറ്റ് തുടങ്ങിയ അക്കൗണ്ട്സ് റിപ്പോർട്ടുകളിലും ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററിലും വിവരം രേഖപ്പെടുത്തുന്നു. • ഏത് നിമിഷവും ഡിസിബി തയ്യാറായിരിക്കും
സാംഖ്യ-സുലേഖ (പ്ലാൻ മോണിറ്ററിംഗ് മൊഡ്യൂൾ)	• വൗച്ചറിൽ എൻട്രി നടത്തുമ്പോൾ സാംഖ്യയിൽ മാത്രമല്ല, സുലേഖയിലും വിവരം രേഖപ്പെടുത്തുന്നു. • ഏത് നിമിഷവും പദ്ധതി കണക്കുകൾ തയ്യാറായിരിക്കും
സാംഖ്യ – സ്ഥാപന (ശമ്പള ബിൽ തയ്യാറാക്കുന്നതിനുള്ള മൊഡ്യൂൾ)	• ശമ്പള ബിൽ തയ്യാറാക്കുന്നതോടൊപ്പം, ബിൽ സംബന്ധിച്ച ജേണൽ വൗച്ചർ സാംഖ്യയിൽ രേഖപ്പെടുത്തുന്നു. • കമ്പ്യൂട്ടർ തന്നെ പേയ്മെന്റ് ഓർഡർ നമ്പർ നൽകും. • ബിൽ തുകയ്ക്കുള്ള ചെക്ക് സെക്രട്ടറി ഒപ്പിട്ടു കഴിഞ്ഞാൽ പേയ്മെന്റ് ഓർഡർ നമ്പർ ക്ലിക്ക് ചെയ്യുന്നമുറയ്ക്ക് വൗച്ചറിന്റെ വിവരം സാംഖ്യയിൽ രേഖപ്പെടുത്തും.

ഉദാഹരണങ്ങൾ മാത്രമേ ഇവിടെ നൽകിയിട്ടുള്ളൂ. പഞ്ചായത്തിൽ വിന്യസിച്ചിട്ടുള്ള മറ്റു വിവിധ സോഫ്റ്റ്‌വെയറുകളുമായി സംയോജിച്ചായിരിക്കും 'സാംഖ്യ' പ്രവർത്തിക്കുന്നത്. ■

ലേഖകൻ ഏജീസ് ഓഫീസിൽ നിന്നും സീനിയർ ഓഡിറ്റ് ഓഫീസറായി വിരമിച്ചു. ഇപ്പോൾ ഓഡിറ്റ് കൺസൾട്ടന്റാണ്
മൊബൈൽ : 9447454221

ഫ്രണ്ട് ഓഫീസ് സംവിധാനം

നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങൾ

ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽ വരുന്നതിന് മുമ്പ് തീർപ്പാക്കാൻ ബാക്കിയുള്ള പരാതികളും അപേക്ഷകളും എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടത്?

നിലവിൽ രജിസ്റ്റർ ചെയ്തതും എന്നാൽ തീർപ്പാക്കാത്തതുമായ അപേക്ഷകളുടെ കാര്യത്തിൽ നിലവിൽ ഉപയോഗിക്കുന്ന രസീത് നൽകിയിട്ടില്ല എന്നതു മാത്രമാണ് വ്യത്യാസം. പൗരാവകാശ രേഖയിൽ വാഗ്ദാനം ചെയ്തിരിക്കുന്ന കാലയളവിനുള്ളിൽ സേവനം അവർക്കും ലഭ്യമാക്കേണ്ടതാണ്. തയ്യാറാക്കിയ സേവനങ്ങളുടെ വിതരണം ഫ്രണ്ട് ഓഫീസ് വഴി തന്നെ നടത്തണം. സേവനം നൽകേണ്ട തീയതിക്കുശേഷം ഏഴ് ദിവസം കഴിഞ്ഞിട്ടും കൈപ്പറ്റാത്തവ സ.ഉ.(കൈ)നമ്പർ 123/09/തസ്വഭവയിലെ ഖണ്ഡിക 3.7 ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം തപാലിൽ അയച്ചു കൊടുക്കണം. രജിസ്റ്റർ ചെയ്യാത്തവ ഉടനടി രജിസ്റ്റർ ചെയ്ത് പുതിയ തപാലുകളുടെ കാര്യത്തിലെന്ന പോലെ നടപടി സ്വീകരിക്കേണ്ടതാണ്. അവയിൽ ന്യൂനതകളുള്ള പക്ഷം അപേക്ഷകനെ രേഖാമൂലം വിവരമറിയിക്കേണ്ടതാണ്.

നേരത്തെ പഞ്ചായത്താഫീസുകളിൽ ജീവനക്കാരുള്ള സമയത്തോളം അപേക്ഷകൾ സ്വീകരിച്ചിരുന്നു. എന്നാൽ ഫ്രണ്ട് ഓഫീസ് പ്രവർത്തന സമയം 10 മണി മുതൽ 3 മണി വരെയാണല്ലോ. ഇത് പൊതുജനങ്ങൾക്ക് പ്രയാസകരമല്ലേ?.

പഞ്ചായത്തിലെ പണമിടപാട് സമയമായ 3 മണി വരെ മാത്രമേ തപാലുകൾ നേരിട്ട് സ്വീകരിച്ച് നടപടി സ്വീകരിക്കാനാവുകയുള്ളു. സ്വീകരിക്കുന്നതു പോലെ പ്രധാനമാണ് തുടർനടപടി സ്വീകരിക്കുന്നതും. 3 മണിക്കു ശേഷമുള്ള സമയത്ത്, ലഭിച്ച അപേക്ഷകളിൻമേൽ അന്നു തന്നെ നടപടി സ്വീകരിക്കുകയും കാഷ് ബുക്ക് അടക്കമുള്ള രജിസ്റ്ററുകളും മറ്റും പൂർത്തിയാക്കുകയും അടുത്ത ദിവസത്തേയ്ക്കുള്ള സേവനങ്ങൾ ഉറപ്പുവരുത്തുകയും ചാർജ് കൈമാറ്റമടക്കമുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും വേണം. ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽ വന്ന ശേഷം 3 മണി കഴിഞ്ഞ് അപേക്ഷകൾ സ്വീകരിക്കരുത് എന്ന് പറഞ്ഞിട്ടില്ല. പകരം തപാൽ പെട്ടിയിൽ നിക്ഷേപിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. നേരത്തെ, ബന്ധപ്പെട്ട ജീവനക്കാർ ഓഫീസിൽ ലഭ്യമായിട്ടുള്ള സമയത്ത് മാത്രമാണ് പലയിടങ്ങളിലും അപേക്ഷകൾ സ്വീകരിച്ചിരുന്നത്. തപാൽ പെട്ടി ഏർപ്പെടുത്തുന്നതു വഴി ഓഫീസ് പ്രവർത്തന സമയത്തിനു പുറമെ അവധി ദിവസങ്ങളിലടക്കം അപേക്ഷകൾ സ്വീകരിക്കുന്നതിന് സംവിധാനമുണ്ടാക്കുകയാണ് ചെയ്തിട്ടുള്ളത്. ഓഫീസ് പ്രവർത്തിക്കാത്ത സമയത്തും അപേക്ഷകൾ നിക്ഷേപിക്കാൻ കഴിയുന്ന രീതിയിലായിരിക്കണം തപാൽ പെട്ടി സ്ഥാപിക്കേണ്ടത്. തപാൽ പെട്ടി മുഖേന ലഭിക്കുന്ന തപാലുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം ആദ്യം രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് രസീത് തയ്യാറാക്കി നടപടി സ്വീകരിക്കണം. ഇങ്ങനെ തയ്യാറാക്കുന്ന രസീതുകൾ അപേക്ഷകർക്ക് പിന്നീട് എപ്പോൾ വേണമെങ്കിലും ലഭ്യമാകുന്ന രീതിയിൽ സൂക്ഷിക്കണം.

പ്രസിഡന്റ് നൽകുന്ന സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകൾ ഫ്രണ്ട് ഓഫീസിൽ രജിസ്റ്റർ ചെയ്യണമോ?

പഞ്ചായത്തിൽ ലഭിക്കുന്ന എല്ലാ അപേക്ഷകളും, പരാതികളും മറ്റു തപാലുകളും ഫ്രണ്ട് ഓഫീസിലാണ് സ്വീകരിക്കേണ്ടത്. പഞ്ചായത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ നിയമപരമായി നൽകുന്ന സാക്ഷ്യപത്രങ്ങളുടെ ഫയലുകൾ ഓഫീസ് നടപടികളുടെ ഭാഗമാണ്. അതിനാൽ പ്രസിഡന്റ് നൽകുന്ന സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകളും ഫ്രണ്ട് ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇവയും പഞ്ചായത്ത് പ്രസിഡന്റിനോടുള്ള ചോദ്യങ്ങളുമടക്കം പ്രസിഡന്റ് നേരിട്ട് സ്വീകരിച്ചേയ്ക്കാവുന്നതും എന്നാൽ ഓഫീസിൽ നടപടി സ്വീകരിക്കേണ്ടതുമായ എല്ലാ അപേക്ഷകളും ഫ്രണ്ട് ഓഫീസിൽ നല്കി രജിസ്റ്റർ ചെയ്ത ശേഷമാണ് സെക്ഷൻതല നടപടി സ്വീകരിക്കേണ്ടത്.

ഗ്രാമപഞ്ചായത്താഫീസിൽ ഇപ്പോൾ സാധാരണ ഗതിയിൽ തൻപതിവേട് ഉപയോഗിച്ചു വരുന്നില്ല. ഫ്രണ്ട് ഓഫീസ് ഉത്തരവിന്റെ ഭാഗമായി തൻപതിവേട് നിർബന്ധമാക്കുന്നത് ജീവനക്കാരുടെ ജോലിഭാരം വർധിപ്പിക്കില്ലേ?.

എം.ഒ.പി യിൽ നിർദ്ദേശിച്ചിരിക്കുന്ന തൻപതിവേട് കൃത്യമായി സൂക്ഷിച്ചു പോരേണ്ടത് ജീവനക്കാരുടെ പ്രാഥമികമായ ഉത്തരവാദിത്തമാണ്. ഇതിലുണ്ടാകുന്ന ഏത് വീഴ്ചയും ഗുരുതരമായ കൃത്യവിലോപമാണ്. ഓരോ ഫയലിന്റെയും അതാത് സമയത്തെ അവസ്ഥ അറിയുന്നതിനും യഥാസമയം തുടർനടപടി സ്വീകരിക്കുന്നതിനും തൻപതിവേട് സഹായിക്കുന്നു. ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ ജോലിഭാരം വർധിക്കുന്നതിന് തൻപതിവേട് സൂക്ഷിക്കാത്തതും ഒരു കാരണമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ലഭിക്കുന്ന പെൻഷൻ, വിവരാവകാശ നിയമം, കെട്ടിട നിർമാണ പെർമിറ്റ് തുടങ്ങിയവയുടെ അപേക്ഷകൾ അവയ്ക്കുള്ള പ്രത്യേക രജിസ്റ്ററുകളിൽ ചേർക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള തപാലുകൾ പ്രത്യേക രജിസ്റ്ററുകളിൽ ചേർക്കണമെന്നും ഇവയൊഴികെയുള്ളവ മാത്രം എം.ഒ.പി പ്രകാരമുള്ള തൻപതിവേടിൽ രേഖപ്പെടുത്തണമെന്നുമാണ് ഉത്തരവിലെ ഖണ്ഡിക 3.2(3) ൽ നിർദ്ദേശിച്ചിരിക്കുന്നത്. ഇത് യഥാർത്ഥത്തിൽ ജോലിഭാരം ലഘൂകരിക്കുകയാണ് ചെയ്യുന്നത്. അതായത് ഓരോ ജീവനക്കാരന്റെയും തൻപതിവേട് എന്നത് ആ ജീവനക്കാരൻ സൂക്ഷിക്കേണ്ടുന്ന എം.ഒ.പി പ്രകാരമുള്ള തൻപതിവേടും മേൽപ്പറഞ്ഞ പ്രത്യേക രജിസ്റ്ററുകളും ചേർന്നതാണ്.

സേവനം നൽകുമ്പോൾ കൈപ്പറ്റ് രസീത് റദ്ദാക്കണമെന്ന് ഉത്തരവിൽ നിർദ്ദേശിക്കുന്നു. കൈപ്പറ്റ് രസീത് നഷ്ടപ്പെട്ടു പോയാൽ എന്താണ് ചെയ്യാനാവുക ?.

കൈപ്പറ്റ് രസീത് നഷ്ടപ്പെട്ടു പോകുന്ന സാഹചര്യത്തിൽ, സേവനത്തിനായി സമീപിച്ചിരിക്കുന്ന വ്യക്തി സേവനാവകാശി തന്നെയാണെന്ന് ഉറപ്പുവരുത്തിയ ശേഷം ഡയറിയിലെ 7-ാം കോളത്തിൽ അക്ക്നോളജ്മെന്റ് വാങ്ങി സേവനം നൽകാവുന്നതാണ്. ഇപ്രകാരം ഉറപ്പു വരുത്താനാകാത്ത സാഹചര്യത്തിൽ ഉത്തരവിലെ ഖണ്ഡിക 3.7 പ്രകാരം തപാലിൽ അയച്ചു നൽകേണ്ടതാണ്.

അപേക്ഷകൾ പൂരിപ്പിക്കാൻ അറിയാത്ത അപേക്ഷകരുടെ കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കണം?.

അപേക്ഷകൾ പൂരിപ്പിക്കാൻ അറിയാത്ത അപേക്ഷകർക്ക് അവ തയ്യാറാക്കാനാവശ്യമായ സഹായം നൽകേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. വിവരാവകാശ നിയമം, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി , ജനന-മരണ രജിസ്ട്രേഷൻ എന്നിവയിൽ ഇക്കാര്യം പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നത് ഓർക്കുക. ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റിന്, ഇപ്രകാരം സഹായം നൽകുന്നതിന് കഴിയാനാകാത്ത വിധം ജോലിഭാരമുണ്ടെങ്കിൽ പിന്തുണാ സംവിധാനമെന്ന നിലയിൽ പ്രേരക്മാർ, കുടുംബശ്രീ പ്രവർത്തകർ, എസ്.സി./എസ്.ടി പ്രമോട്ടർമാർ, മറ്റു സന്നദ്ധ സേവകർ എന്നിവരുടെ സഹായത്തോടെ ഹെൽപ്പ് ഡസ്ക് സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുമ്പോൾ പൗരാവകാശ രേഖ പരിഷ്കരിക്കേണ്ടതുണ്ടോ?

സേവനം നൽകുന്ന തീയതി കൈപ്പറ്റ് രസീതിൽ രേഖപ്പെടുത്തേണ്ടത് പൗരാവകാശ രേഖയിൽ നൽകിയിരിക്കുന്ന സേവന കാലയളവുകളെ അടിസ്ഥാനമാക്കിയായിരിക്കണം. പഞ്ചായത്തിലെ ജീവനക്കാരുടെ എണ്ണം, ജോലിഭാരം എന്നിവ കണക്കിലെടുത്ത് പ്രായോഗികമായി സേവനം നൽകാൻ കഴിയുന്ന വിധത്തിൽ നിശ്ചയിക്കപ്പെട്ടതും എന്നാൽ സർക്കാർ നിർദ്ദേശിച്ചിരിക്കുന്നതിൽ കൂടാത്തതുമായിരിക്കണം ഈ കാലയളവ്. നിലവിലുള്ള പൗരാവകാശ രേഖ പ്രായോഗികമല്ലെങ്കിൽ ഏറ്റവും വേഗത്തിലും കൃത്യതയിലും സേവനം നൽകാനാവുന്ന വിധത്തിൽ ജനപ്രതിനിധികളും ജീവനക്കാരും കൂട്ടായി ആലോചിച്ച് പൗരാവകാശ രേഖ ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടതാണ്.

തൊഴിൽ രഹിത വേതന വിതരണം ഫ്രണ്ട് ഓഫീസ് വഴി നടത്തണമോ? എങ്കിൽ എങ്ങനെയാണ് വിതരണം നടത്തുക?

തൊഴിൽ രഹിതവേതന വിതരണമടക്കം പഞ്ചായത്തിൽ നിന്നുള്ള എല്ലാ പണം നൽകലും (payments) ഫ്രണ്ട് ഓഫീസ് വഴി തന്നെയാണ് നിർവ്വഹിക്കേണ്ടത്. തൊഴിൽ രഹിതവേതനം വിതരണം ചെയ്യുന്ന ദിവസങ്ങളിൽ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് കൂടി ഫ്രണ്ട് ഓഫീസിൽ ഡ്യൂട്ടി നിർവ്വഹിച്ചാൽ വേതന വിതരണം സുഗമമായി നടത്താവുന്നതാണ്. പഞ്ചായത്തുകളിലേയ്ക്കുള്ള വരവുകളും ഫ്രണ്ട് ഓഫീസ് വഴി മാത്രമാണ് സ്വീകരിക്കേണ്ടത്. സാമ്പത്തിക വർഷാവസാനം നികുതി ഒടുക്കുന്നതിനും മറ്റും കൂടുതൽ പേർ വരാനിടയാകുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ക്ലാർക്കുമാരുടെ സേവനം കൂടി ഫ്രണ്ട് ഓഫീസിൽ ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്.

ജീവനക്കാരെ റൊട്ടേഷൻ അടിസ്ഥാനത്തിൽ ഫ്രണ്ട് ഓഫീസിൽ നിയോഗിക്കുന്നത് എന്തിനാണ്? എല്ലാ കാര്യങ്ങളിലും ധാരണയില്ലാത്ത ജീവനക്കാർക്ക് എങ്ങനെ ഫലപ്രദമായി പ്രവർത്തിക്കാനാവും?.

പഞ്ചായത്തിലെ ജീവനക്കാർ തന്നെ നേരത്തെ ചെയ്തു വന്നിരുന്ന, തപാലുകൾ (പോസ്റ്റ് മുഖേന വരുന്നതുൾപ്പെടെ) സ്വീകരിക്കൽ, അവയുടെ പ്രാഥമിക പരിശോധന, സംശയങ്ങൾക്കും അന്വേഷണങ്ങൾക്കും മറുപടി നൽകൽ എന്നിവയുൾപ്പെടെയുള്ള കുറേയേറെ പ്രവർത്തനങ്ങളാണ് ഇപ്പോൾ ഫ്രണ്ട് ഓഫീസിൽ നിർവ്വഹിക്കുന്നത്. ഇവ ഔദ്യോഗിക പ്രവർത്തനങ്ങളുടെ തന്നെ ഭാഗമായതിനാൽ പഞ്ചായത്തിലെ ജീവനക്കാർ തന്നെയാണ് നിർവ്വഹിക്കേണ്ടത്. റൊട്ടേഷൻ അടിസ്ഥാനത്തിൽ നിയോഗിക്കുന്നത് കൊണ്ട് എല്ലാവർക്കും പൊതുജനങ്ങളോട് നേരിട്ടിടപഴകാനും അതു വഴി ജനസൗഹൃദ മനോഭാവം വർധിപ്പിക്കാനും സഹായിക്കുന്നു. ഫ്രണ്ട് ഓഫീസിൽ അപേക്ഷകൾ പരിശോധിക്കുന്നതിന് പരിശോധനാപട്ടികകൾ ഉപയോഗിക്കേണ്ടതാണ്. പരിശോധനാപട്ടികകൾ ഉപയോഗിക്കേണ്ട വിധം ഉത്തരവിലെ 3.1 (6),(7) ഖണ്ഡികകളിൽ വിശദമാക്കിയിട്ടുണ്ട്. പഞ്ചായത്താഫീസിൽ ആവർത്തിച്ച് നൽകേണ്ടി വരുന്ന 38 സേവനങ്ങൾ സംബന്ധിച്ച നിബന്ധനകളും ചട്ടപ്രകാരം നിശ്ചയിക്കപ്പെട്ടിട്ടില്ലാത്തതും എന്നാൽ ആവർത്തിച്ച് ഉപയോഗിക്കേണ്ടി വരുന്നതുമായ 13 അപേക്ഷാഫാറങ്ങളുടെ മാതൃകകളും ഉൾപ്പെടുത്തിക്കൊണ്ട് *സേവനങ്ങളും നിബന്ധനകളും* എന്ന കൈപ്പുസ്തകം കില പ്രസിദ്ധീകരിക്കുകയും എല്ലാ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾക്കും ജീവനക്കാർക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതു വഴി എല്ലാ ജീവനക്കാർക്കും പഞ്ചായത്തിലെ മുഴുവൻ പ്രവർത്തനങ്ങളെക്കുറിച്ചും എളുപ്പത്തിൽ പഠിക്കാനും അറിവ് വർദ്ധിപ്പിക്കാനുമുള്ള സാഹചര്യമുണ്ടാവുകയാണ് ചെയ്യുന്നത്. ജീവനക്കാരെ റൊട്ടേഷൻ അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിലൂടെ അവർക്ക് പരസ്പര ഉത്തരവാദിത്തം കൈവരികയും അത് വഴി ജീവനക്കാരുടെ സഹവർത്തിത്വവും ക്രിയാത്മകതയും വർദ്ധിക്കുകയും ചെയ്യുന്നു.■

തയ്യാറാക്കിയത് :
കെ. വിനോദ്കുമാർ, അസിസ്റ്റന്റ് ഡയറക്ടർ & കോഴ്സ് ഡയറക്ടർ,
ഫ്രണ്ട് ആഫീസ് പരിശീലന പരിപാടി
കില, തൃശൂർ

അജിത് വെണ്ണിയൂർ

നെൽകൃഷിക്ക് പുതുജീവൻ
ഭക്ഷ്യസുരക്ഷയിൽ പ്രതീക്ഷയോടെ മാനന്തവാടി

നെല്ലിന്റെ വിലയിലുണ്ടാവുന്ന ഏറ്റക്കുറച്ചിലുകൾ, കാലാവസ്ഥയിലെ മാറ്റം, തൊഴിലാളികളുടെ ക്ഷാമം, ഉല്പാദനോപാധികളുടെ വിലക്കയറ്റം എന്നിങ്ങനെ പല കാരണങ്ങളാൽ നെൽകൃഷി ഏതാണ്ട് നിലച്ചുപോയ ഗ്രാമമാണ് വയനാട് ജില്ലയിലെ മാനന്തവാടി.

പതിനൊന്നു നീർത്തടങ്ങളുള്ള ഈ പഞ്ചായത്തിൽ കർഷകരുടെ ആത്മവിശ്വാസം വീണ്ടെടുത്തും കൃഷിക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കിയും നെൽകൃഷിയെ വീണ്ടും പ്രധാനവിളയാക്കി മാറ്റാൻ ചുരുങ്ങിയ കാലത്തെ തൊഴിലുറപ്പുപ്രവൃത്തികൾ വഴിയൊരുക്കി. പ്രത്യാശയറ്റ കർഷകരിൽ പുതിയ പ്രതീക്ഷകളുണർത്തുകയാണ് മാനന്തവാടിയിൽ തൊഴിലുറപ്പു പദ്ധതി.

പതിനൊന്നു നീർത്തടങ്ങൾ ഉൾപ്പെട്ട ഗ്രാമപഞ്ചായത്താണ് മാനന്തവാടി. ഒട്ടാകെ 2100 ഹെക്ടർ വയൽ പ്രദേശം ഉണ്ടായിരുന്ന ഇവിടെ നെൽകൃഷി ലാഭകരമല്ല എന്ന കാരണത്താൽ കർഷകർ ക്രമേണ മറ്റ് വിളകളിലേയ്ക്ക് മാറി. പുഴയോരങ്ങളോട് ചേർന്നുള്ള വയലുകളിൽ മാത്രമായി നെൽകൃഷി ചുരുങ്ങി.

ഇപ്പോൾ നെൽകൃഷി ചെയ്യാൻ പറ്റുന്ന നെൽവയലുകൾ 1,400 ഹെക്ടർ മാത്രമാണ്. ഇതിൽ തന്നെ 750 ഹെക്ടറിൽ മാത്രമാണ് ഒന്നാം വിളക്കാലത്ത് (നഞ്ച) നെൽകൃഷി ചെയ്ത് വരുന്നത് (300 ഹെക്ടർ പുഞ്ച). 650 ഹെക്ടറോളം സ്ഥലത്ത് നേന്ത്രവാഴ, കപ്പ, ഇഞ്ചി എന്നീ വിളകൾ കൃഷി ചെയ്ത് വരുന്നു. 700 ഹെക്ടറോളം നിലം കവുങ്ങ്, തെങ്ങ് കൃഷികൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി സ്ഥിരമായി മാറ്റപ്പെട്ടിരിക്കുന്നു.

നെൽകൃഷിയിൽ നിന്ന് ഇപ്പോൾ കിട്ടുന്ന വരുമാനം തീരെ കുറവാണ്. ഇതിന് പ്രധാന കാരണങ്ങൾ വിളവെടുപ്പ് കാലത്തെ നെല്ലിന്റെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം, തൊഴിലാളികളുടെ ക്ഷാമം, ഉല്പാദനോപാധികളുടെ വിലയിലുണ്ടായ വർദ്ധന എന്നിവയാണ്. കൃഷി ച്ചെലവ് കുറവും ഉല്പന്നത്തിന് വിപണിയിൽ നല്ല ഡിമാൻഡും ആയതിനാൽ കർഷകർ കൂടുതൽ ലാഭകരമായ വാഴ, ഇഞ്ചി, കപ്പ കൃഷികളിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു.

നെൽകൃഷിക്കാർക്ക് ഗവൺമെന്റ് നൽകി വരുന്ന ഉല്പാദന ബോണസ് പരിമിതമാണ്:ഹെക്ടറിന് 350 രൂപ. കഴിഞ്ഞ വർഷം വരെ തൊഴിലുറപ്പു പദ്ധതി കർഷകരുടെ കൃഷിയിടങ്ങളിലേയ്ക്ക് വ്യാപിച്ചിരുന്നില്ല. തൊഴിലുറപ്പു പദ്ധതി നടപ്പാക്കിത്തുടങ്ങിയപ്പോൾ കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം രൂക്ഷമായി. എന്നാൽ കഴിഞ്ഞ വർഷം മുതൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി കാർഷിക മേഖലയിലേയ്ക്ക് വ്യാപിപ്പിച്ചതുകാരണം കർഷകർ നെൽകൃഷി ചെയ്യാൻ താല്പര്യം പ്രകടിപ്പിക്കുന്ന സ്ഥിതി സംജാതമായി.

പഞ്ചായത്തിലെ 22 വാർഡുകളിലായി ഏകദേശം 300 ഹെക്ടർ തരിശ്, വാഴ കൃഷി ചെയ്തിരിക്കുന്ന വയലുകളിലേയ്ക്ക് നെൽകൃഷി വ്യാപിപ്പിക്കാൻ തൊഴിലുറപ്പു പദ്ധതി ലക്ഷ്യമിടുന്നു. 2007-08 ൽ 2.81 കോടി രൂപയാണ് തൊഴിലുറപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഇവിടെ ചെലവഴിച്ചത്. പ്ലാൻ ഫണ്ടിൽ 10.84 ലക്ഷം രൂപ നെൽകൃഷിയുടെ വ്യാപനത്തിനായി മാത്രം മാറ്റിവെച്ചു. നെൽകൃഷി വ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി കുടുംബശ്രീയ്ക്ക് 6 ലക്ഷം രൂപ നൽകി.

2008-09 ൽ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ നെൽകൃഷിയുടെ വ്യാപനത്തിനായി മാത്രം 36,91,017 രൂപ ചെലവഴിച്ചിട്ടുണ്ട്. 28,136 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനായി. ഇക്കൊല്ലം 160 ഹെക്ടർ വയലുകൾ നെൽകൃഷിയിലേയ്ക്ക് തിരിച്ചു കൊണ്ടു വരാൻ പദ്ധതി ലക്ഷ്യമിടുന്നു.

വയനാട്ടിൽ കബനിയെ ആശ്രയിച്ചാണ് കാർഷിക മേഖല നിലനിൽക്കുന്നതെങ്കിലും അതിനെ വേണ്ട വിധത്തിൽ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.

വിവിധ വിളകൾക്കുള്ള ഇൻഷുറൻസ് പദ്ധതി നിലവിലുണ്ടെങ്കിലും കർഷകർ ഇതിന്റെ പ്രയോജനം ഉപയോഗപ്പെടുത്തുന്നില്ല. പാടശേഖര സമിതികൾ മുഖേന ഗ്രൂപ്പ് കൃഷി സമ്പ്രദായം നടപ്പാക്കാൻ ചില സാങ്കേതിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ഭൂരിപക്ഷം നെൽകർഷകരും ചെറുകിട, പരിമിത കർഷകരാണ്. സമിതികൾ മുഖേന പൊതു ഞാറ്റടി പ്രകാരം ഒരേ തരം വിത്ത് കൃഷി ചെയ്യുക പ്രായോഗികമല്ല. കാരണം യഥാസമയം ഓരോ കർഷകനും ആവശ്യമായ വിത്തുകൾ ലഭ്യമാക്കാൻ പ്രയാസം നേരിടുന്നു. ഒരേ സമയം ഒരു പാടശേഖരത്തിൽ പണി പൂർത്തീകരിക്കണമെങ്കിൽ യന്ത്രസഹായം ആവശ്യമാണ്. പ്രധാനമായും കാലവർഷത്തെ ആശ്രയിച്ച് കൃഷി ചെയ്യുമ്പോൾ എല്ലാ പാടശേഖരങ്ങളിലും ഒരേ സമയം കൃഷി ഇറക്കേണ്ടി വരുന്നതിനാൽ ആവശ്യത്തിന് യന്ത്രങ്ങളുടെ സഹായം ലഭ്യമാക്കാൻ കഴിയുന്നില്ല.

തൊഴിലുറപ്പു പദ്ധതി പ്രകാരം തരിശ് നിലങ്ങൾ നെൽകൃഷിക്ക് പരുവപ്പെ

ടുത്തുന്നതോടൊപ്പം കൃഷിക്കാവശ്യമായ ഉല്പാദനോപാധികൾ കർഷകർക്ക് നൽകുകയാണെങ്കിൽ നിലവിലുള്ള ഉല്പാദനക്ഷമത 3,000 ടണിൽ നിന്നും 5,250 ടൺ ആയി ഉയർത്താൻ കഴിയും. വരും വർഷങ്ങളിലും നെൽകൃഷി പരിപോഷിപ്പിക്കുന്ന പദ്ധതികൾ രൂപപ്പെടുകയാണെങ്കിൽ മാത്രമേ കർഷകർ നെൽകൃഷി ചെയ്യുന്നതിന് താല്പര്യപ്പെടുകയുള്ളൂ.

കഴിഞ്ഞ വർഷം തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ഒരു നീർത്തടത്തിന് ആറു ലക്ഷം രൂപ എന്ന തോതിൽ ഇവിടെ ചെലവഴിച്ചിട്ടുണ്ട്. ഇപ്പോൾ പണി നടക്കുന്ന മട്ടങ്കര നീർത്തടത്തിൽ പലയിടത്തും കവുങ്ങ് മുറിച്ച് മാറ്റി വയലുകളാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം താന്നിക്കൽ മേഖലയിൽ 80 ഏക്കർ പാടം വീണ്ടും നെൽവയലുകളാക്കി. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്ലാൻ ഫണ്ടിൽ നിന്നും ഹെക്ടറിന് 5,000 രൂപ നിരക്കിൽ സഹായം അനുവദിച്ചു. പാടശേഖരസമിതി മുഖാന്തരം കർഷകർക്ക് വിത്തും വളവും കീടനാശിനിയും നൽകി.

തൊഴിലുറപ്പുപദ്ധതിയിൽ നെൽകൃഷി പുനഃസ്ഥാപനത്തിനായി ഓരോ വാർഡിലും 3 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്. ഓരോ വേനൽക്കാലത്തും നെൽകൃഷി ചെയ്യാനായി കൃഷി വകുപ്പ് ഈ മേഖലയിൽ ഇപ്പോൾ കനാൽ നിർമ്മിക്കുന്നുണ്ട്. പമ്പും പമ്പ്ഹൗസും സജ്ജമാക്കി. വിളകളുടെ വൈവിധ്യം നിലനിർത്താൻ ഇവിടെ കർഷകർക്ക് കഴിഞ്ഞു. ഒരു വിളയുടെ വില സീസൺ സമയത്ത് താഴ്ന്നാലും കർഷകർക്ക് പിടിച്ച് നിൽക്കാൻ ഇത് അവസരമൊരുക്കുന്നു.

തൊഴിലുറപ്പുപദ്ധതി നടപ്പിൽ വരുത്തുന്നതിന് മുന്നോടിയായി കർഷകർക്ക് കൗൺസിലിംഗ് നൽകിയത് അവരുടെ ആത്മവിശ്വാസം വളർത്തുന്നതിന് സഹായിച്ചു.

ആദിവാസി മേഖലകളിൽ പുതിയൊരു ഉണർവ് സൃഷ്ടിക്കാനും തൊഴിലുറപ്പു പദ്ധതി ഇവിടെ സഹായകമായി. പത്തൊമ്പത് പുതിയ സ്വയം സഹായ സംഘങ്ങൾ ഈ മേഖലയിൽ രൂപീകൃതമായി.

കർഷകർ കടക്കെണിയിലാവുകയും ആത്മഹത്യ ചെയ്യുകയും ചെയ്തുകൊണ്ടിരുന്ന സാഹചര്യത്തിലാണ് തൊഴിലുറപ്പുപദ്ധതി ഇവിടെ നടപ്പിൽവരുത്തിയത്. കടക്കെണിമൂലം പ്രത്യാശയറ്റുപോയ കർഷകരിൽ പുതിയ പ്രതീക്ഷകൾ വളർത്താൻ ചുരുങ്ങിയ കാലത്തെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു. ■

(കില പഠനം ആസ്പദമാക്കി തയ്യാറാക്കിയത്.)

ലേഖകൻ കേരള സംസ്ഥാന സുസ്ഥിര നഗരവികസന പദ്ധതിയുടെ ഐ.ഇ.സി. എക്സ്പർട്ടാണ്.

കഥ

സനത് മലപ്പുറം

അതിഥികൾ

ജീവിതത്തിന്റെ തെളിമകൾ ചോർന്നുപോകുന്നുവെന്ന് തോന്നിയപ്പോൾ, സുഗന്ധവും നിറങ്ങളും നഷ്ടപ്പെട്ട ഈ വസന്തം തനിക്കൊരു ഭാരമാകുന്നുവെന്ന് അവൾ പറയുകയുണ്ടായി. വെറുമൊരു താലിച്ചരടുകൊണ്ട് കടിഞ്ഞാണയച്ചു പിടിച്ചിരുന്ന അവളുടെ മനസ്സു നോക്കി അയാൾ പുഞ്ചിരിച്ചു; അവിടെ അരണ്ടുനിന്ന സ്വപ്നങ്ങളിൽ ഇടനെഞ്ച് പിടഞ്ഞെങ്കിലും.

അവൾ വാശിപിടിച്ച് ആഗ്രഹിച്ചു പോയതെല്ലാം നിറവേറ്റുവാൻ അരുതായ്മകളുടെ ഊടുവഴിയിലേയ്ക്ക് തന്റെ ചുവടുകൾ പിഴച്ചുപാഞ്ഞതും, പ്രതീക്ഷകൾ നിറഞ്ഞ ജീവിതവീക്ഷണങ്ങൾ വികലമായതുമോർത്ത് കാര്യമായൊന്ന് അരിശപ്പെടാൻ കുറച്ചുനാളുകളായി അവളിൽ മറ്റെന്തെങ്കിലും കാരണങ്ങൾ തിരയുകയായിരുന്നു അയാൾ.

ഒരിക്കൽ, അവളുടെ നെറ്റിയിലെ ഭംഗിയുള്ള കറുത്ത പൊട്ട് ഒരു താക്കോൽ പഴുതായി തോന്നിയപ്പോൾ അതിലൂടെ അവളുടെ ബുദ്ധിയിലേയ്ക്ക് ഒളിഞ്ഞുനോക്കി അയാൾ കഴിഞ്ഞകാലത്തിൽ ചൂണ്ടയിട്ടു.

പ്രണയത്തിന്റെ തീനിറംകൊണ്ട് ആരോ ഒരാൾ അവളുടെ മോഹങ്ങളിൽ വരച്ചുചേർത്തിരുന്ന നിരർത്ഥതകൾ നിരത്തി അയാൾ കലഹിച്ചു തുടങ്ങി. ആരോ ഒരാൾ എന്ന ഉന്നമില്ലാത്ത വിശേഷണം നിഷേധിച്ച് തന്റെ പൂർവ്വകാലത്തെ അയാൾക്കു മുമ്പിൽ അപകടകരമായി കുടഞ്ഞിട്ട് അവൾ വീറോടെ പ്രതികരിച്ചു. അങ്ങനെയാണത്രേ ഒടുവിലവർ തിരിഞ്ഞുനോക്കാതെ, പിൻവിളിയറിയാതെ ഇരുവഴികളിൽ പിരിഞ്ഞകന്നത്....

എന്നിരുന്നാലും അവൾ അയാളെക്കുറിച്ചോർത്ത് വേദനിച്ചു. രാത്രികളിൽ അയാളെ സ്വപ്നം കണ്ടുണർന്ന് കരഞ്ഞു. നമുക്കൊരു കുഞ്ഞ് പിറക്കാൻ പോകുന്നുവെന്ന സത്യം അയാളെ അറിയിക്കാൻ ആത്മാർത്ഥമായി കൊതിച്ചു. അയാളും ആഗ്രഹിച്ചിരുന്നു; ഒന്നു കാണുവാൻ, സ്നേഹത്തിന്റെ തണുത്തണലുകൾ പങ്കിട്ട് ഇത്തിരിനേരം ഉരിയാടാൻ. അവൾ ബാക്കിവെച്ചുപോയ ഓർമ്മകളുടെ നീറ്റുവെയിൽ അലക്ഷ്യമായി അലഞ്ഞു നടക്കുകയായിരുന്നു അയാൾ... പക്ഷേ, അകൽച്ചയുടെ പെരുവഴിയിൽ വർഷവും വേനലും പലവട്ടം കടന്നു പോയപ്പോൾ വീണ്ടും കാണണമെന്ന ആഗ്രഹം ഇരുവരിലും കേവലമൊരു വൈകാരികത മാത്രമായി മാഞ്ഞുപോയി.

പിന്നീടൊരിക്കൽ കുറിയ വർഷങ്ങൾക്കുമിപ്പുറം, അയാളുടെ ജീവിതത്തിലേയ്ക്ക് തിരിച്ചുചെല്ലാൻ അവൾ തീരുമാനിച്ചുറച്ചു. മകന്റെ ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ, അരക്ഷിതമായ ജീവിത സാഹചര്യങ്ങൾ, സ്നേഹം അഭയപ്പെടുത്താത്ത തിക്താനുഭവങ്ങൾ... ഇത്രയുമായിരുന്നു അത്തരമൊരു തീരുമാനത്തിന്റെ പിൻബലം. ഒരു നാൾ സ്വന്തം വീട്ടുകാരോട് യാത്ര പറഞ്ഞ്, മകന്റെ കൈവിരൽ പിടിച്ച് അവൾ അയാളുടെ വിട്ടിലേയ്ക്ക് കയറിച്ചെന്നു. കരഞ്ഞപേക്ഷിക്കേണ്ടിവന്നാലും ജീവിതത്തിന്റെ നൻമകൾക്ക് വിട്ടുവീഴ്ചയുടെ അനിവാര്യതകൾ ഏറെയുണ്ടെന്ന് അവൾക്ക് തോന്നിയിരുന്നു.

അയാൾ മകനെ വാരിപ്പുണർന്ന്, നെറുകയിലും നെറ്റിയിലും ഉമ്മവെച്ച്, കൊഞ്ചിക്കളിപ്പിച്ച്, പരിലാളനത്തിന്റെ സുഖസ്പർശങ്ങളേകിക്കൊണ്ട് വീടിന്റെ പൂമുഖത്തുതന്നെയുണ്ടായിരുന്നു; ഭാര്യയോടൊപ്പം.

ഞാൻ കണ്ട ഡൽഹി

ലേഖനപരമ്പര - 1

റോയ് ചാക്കോ ഇളമണ്ണൂർ

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമായ ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹി മറ്റ് സംസ്ഥാന തലസ്ഥാനങ്ങൾ പോലെയല്ല. കേരളീയർ, തമിഴ്നാട്ടുകാർ എന്നു പറയുന്നതുപോലെ ഡൽഹിക്കാർ എന്ന് അവിടുള്ളവരെ വിശേഷിപ്പിക്കാൻ പ്രയാസമാണ്. കാരണം, ഭൂരിഭാഗം പേരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. ഇക്കാരണത്താൽ തന്നെ ഡൽഹിയിലുള്ള എല്ലാവർക്കും ഇതു തന്റെ നാടാണ് എന്നൊരു മാനസിക അവസ്ഥ ഉണ്ടാകുന്നു. എല്ലാവർക്കും അവിടെ തുല്യ അവകാശവും അംഗീകാരവും സ്വാതന്ത്ര്യവും ലഭിക്കുന്നുണ്ട് എന്ന ഒരു സംതൃപ്തി മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വന്ന് അവിടെ താമസിക്കുന്നവരുടെ ഇടയിലുണ്ട്. "മണ്ണിന്റെ മക്കൾ വാദം" എന്തെന്ന് ഡൽഹിയിലുള്ളവർക്ക് അറിയില്ല. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഭാഷകൾ സംസാരിക്കുന്ന നഗരമാണ് ഡൽഹി. ഇന്ത്യയിലെ എല്ലാ ഭാഷകളും ഡൽഹിയിൽ എന്നും സംസാരിക്കപ്പെടുന്നുണ്ട് എന്നതാണ് സത്യം. ലോകത്തിലെ എല്ലാ പ്രധാനഭാഷകളും ഈ മഹാനഗരത്തിൽ എന്നും സംസാരഭാഷയായി ഉപയോഗിക്കപ്പെടുന്നുണ്ട്. മിക്കവാറും എല്ലാ രാജ്യത്തെയും എംബസികൾ ഇവിടെ ഉള്ളപ്പോൾ ഇതു സ്വാഭാവികം തന്നെയാണല്ലോ. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും ജനങ്ങളെ എല്ലായിടത്തും കാണാൻ സാധിക്കുന്ന ഈ വൻനഗരത്തിലെ വ്യത്യസ്തമായ കാഴ്ചകളും വലിയ കാര്യങ്ങൾ മുതൽ കൊച്ചുകാര്യങ്ങൾ വരെയും ചരിത്ര സ്മാരകകാഴ്ചകൾ മുതൽ സാധാരണക്കാരുടെ ദൈനംദിന ജീവിതക്കാഴ്ചകൾവരെയും പ്രതിപാദിക്കുന്ന ഒരു പരമ്പര ആരംഭിക്കുന്നു. മഹാനഗരിയായ ന്യൂഡൽഹിയിലെ രസകരവും അതിശയകരവുമായ കാര്യങ്ങളും വിജ്ഞാനപ്രദമായ വിവരണങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലേഖനപരമ്പരയാണ് തുടങ്ങുന്നത്. ഓരോ മാസവും ബൃഹത്തായ മാറ്റങ്ങൾ ഈ നഗരത്തിൽ ഉണ്ടാകുന്നു. ഡൽഹി സംസ്ഥാനം മൊത്തത്തിലിപ്പോൾ മഹാനഗരമായി മാറിയിരിക്കുന്നു. ഇത്രയ്ക്കും നാഗരിക വളർച്ച ഉണ്ടാകുന്നതിന് മുൻപുള്ള, അതായത് 15 വർഷം മുൻപുള്ള ഡൽഹിയിലെ ചിത്രവും ഈ പരമ്പരയിൽ പ്രതിപാദ്യ വിഷയമാകുന്നു.

പുരാതനകാലം മുതൽ തന്നെ പല രാജവംശങ്ങളുടെയും ആസ്ഥാനമായിരുന്നതിനാൽ ഇവിടെ പൗരാണിക ചരിത്രം ഉറങ്ങുന്നു. ഡൽഹിയിലെ ചരിത്രസ്മാരകങ്ങളെ പരാമർശിച്ചുകൊണ്ട് പരമ്പര ആരംഭിക്കാം.

ആലപ്പുഴ ജില്ലയെക്കാൾ (ആലപ്പുഴ ജില്ലയുടെ വിസ്തൃതി 1256 ചതുരശ്ര

പഞ്ചായത്ത്രാജ് മാസികയിൽ പ്രസിദ്ധീകരിച്ച "തമിഴ്നാട്ടിലെ ഗ്രാമകാഴ്ചകൾ" എന്ന ലേഖനപരമ്പരയിലൂടെ വായനക്കാർക്ക് പരിചിതനായ ആകാശവാണി തിരുവനന്തപുരം നിലയത്തിലെ ന്യൂസ് എഡിറ്റർ റോയ് ചാക്കോ ഇളമണ്ണൂരിന്റെ പുതിയ ലേഖനപരമ്പര "ഞാൻ കണ്ട ഡൽഹി" ഈ ലക്കം മുതൽ ആരംഭിക്കുന്നു. ലേഖകൻ ന്യൂഡൽഹിയിലെ സെൻട്രൽ മോണിറ്ററിംഗ് സർവ്വീസിൽ ന്യൂസ് എഡിറ്ററായി സേവനമനുഷ്ഠിച്ച കാലയളവിലെ അനുഭവങ്ങളും കാഴ്ചകളുമാണ് പരമ്പരയിൽ.

കിലോമീറ്റർ) അല്പം കൂടി വിസ്തൃതിയേ നാഷണൽ ക്യാപിറ്റൽ റ്റെറിറ്ററിയായ (ദേശീയ തലസ്ഥാന പ്രദേശം) ഡൽഹി സംസ്ഥാനത്തിനുള്ളൂ. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് വന്നു താമസിക്കുന്നവരാണ് ഇവിടത്തുകാർ എന്നതിനാൽ എല്ലായിടത്തും മലയാളികളെയും കാണാം. മലയാളഭാഷയും കേൾക്കാം. ഹിന്ദി, പഞ്ചാബി, ഇംഗ്ലീഷ്, ഉറുദു എന്നിവയാണ് ഈ സംസ്ഥാനത്തിലെ ഏറ്റവും പ്രചാരമുള്ള ഭാഷകൾ. മിക്കവാറും എല്ലാ സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും നിത്യവും ആയിരക്കണക്കിനു പേർ ഡൽഹിയിലെത്തുന്നു. അങ്ങനെ ഇവിടുത്തെ ജനസംഖ്യയിൽ ഒരു ഭാഗം 'മൊബൈൽ പോപ്പുലേഷൻ' ആകുന്നു. ഇവിടുത്തെ ചരിത്രസ്മാരകങ്ങൾ കാണാൻ ദിനംപ്രതി കാൽ ലക്ഷത്തോളം ടൂറിസ്റ്റുകൾ എത്തുന്നു എന്നതാണ് ഔദ്യോഗിക കണക്ക്. ഇന്ത്യ സ്വതന്ത്രമായപ്പോൾ ഡൽഹി, രാജ്യത്തിന്റെ ഭരണ സിരാകേന്ദ്രമായി. രാഷ്ട്രപതി ഭവൻ, പാർലമെന്റ് ഹൗസ്, വിവിധരാജ്യങ്ങളുടെ എംബസികൾ, കേന്ദ്രഗവൺമെന്റിന്റെ മന്ത്രാലയങ്ങൾ, ഓരോ വകുപ്പുകളുടെയും രാജ്യത്തെ ഏറ്റവും ഉയർന്ന കാര്യാലയങ്ങൾ, എന്നിവയോടൊപ്പം പൗരാണിക ചരിത്രസ്മാരകങ്ങളായ ചുവപ്പുകോട്ടയും കുത്തബ് മീനാറും ഒക്കെ ചേർന്ന് ന്യൂഡൽഹിയെ ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട നഗരമാക്കുന്നു.

തോമർ കുലത്തിലെ ഒരു രജപുത്ര പ്രമുഖനാണ് A.D. പതിനൊന്നാം നൂറ്റാണ്ടിൽ ഡൽഹി സ്ഥാപിച്ചതെന്ന് ചരിത്രം പറയുന്നു. ഡൽഹിയിലെ രാജാവായിരുന്ന രജപുത്രവീരനായ പൃഥ്വീരാജ് ചൗഹാന്റെ സ്മരണയ്ക്കായി നാമകരണം ചെയ്യപ്പെട്ടതാണ് 'പൃഥ്വി' മിസൈൽ. A.D 1192 ൽ പൃഥ്വിരാജ് ചൗഹാനെ മുഹമ്മദ്ഗോറി പരാജയപ്പെടുത്തുക വഴി ഡൽഹി തുർക്കികളുടെ ഭരണത്തിൻ കീഴിലായി.

ഡൽഹിയുടെ തെക്കൻഭാഗത്തുള്ള 'മെഹറോളി'യിൽ (ഏതാണ്ട് ഒരതിർത്തി) സ്ഥിതിചെയ്യുന്ന കുത്തബ് മീനാർ 13-ാം നൂറ്റാണ്ടിൽ കുത്തബ്-ദിൻ-ഐബക്കാണ് നിർമ്മിച്ചത്. 72.5 മീറ്റർ ഉയരമുണ്ട് ഈ ഗോപുരത്തിന്. ബെയ്സിന് 14.4 മീറ്റർ ചുറ്റളവുണ്ട്. മിനാറിന്റെ മുകളിൽ ഇപ്പോൾ ടൂറിസ്റ്റുകളെ കയറ്റാറില്ല. കുത്തബ് മിനാർ പരിസരത്ത് ഒരു ഇരുമ്പു തൂൺ ഉണ്ട്. ഈ തൂണിന് പുറം ചേർന്നു നിന്നുകൊണ്ട് കൈകൾ രണ്ടും പിന്നിലേയ്ക്കു ചുറ്റി ഇരുകൈകളുടെയും വിരലുകൾ കൂട്ടിമുട്ടിക്കാൻ ശ്രമിക്കുന്ന ജനങ്ങളെ മിക്കവാറും കാണാം. അന്ധവിശ്വാസങ്ങൾ ധാരാളമുള്ള ഇന്ത്യാരാജ്യത്ത് മുൻപ് നിലനിന്നിരുന്ന ഒരു അന്ധവിശ്വാസമാണത്രേ ഇങ്ങനെ വിരലുകൾ കൂട്ടിമുട്ടാൻ സാധിക്കുന്നവർക്ക് ആഗ്രഹപ്രാപ്തി ഉണ്ടാകും എന്നത്.

ഭാരതത്തിന്റെ തലസ്ഥാന നഗരിയിൽ, ഓരോ ഭാരതീയനും ബഹുമാനിക്കുന്ന ഒരു ഗോപുരമാണ് ഇന്ത്യാ ഗേറ്റ് എന്നറിയപ്പെടുന്ന സ്മാരകം. ഒന്നാം ലോകമഹായുദ്ധത്തിൽ കൊല്ലപ്പെട്ട 90000 ഇന്ത്യൻ പട്ടാളക്കാരുടെ സ്മരണയ്ക്കായി പണികഴിപ്പിച്ചിരിക്കുന്ന ഇന്ത്യാ ഗേറ്റിന് 42 മീറ്റർ ഉയരമുണ്ട്. 1919 ഫെബ്രുവരി 10 ന് ഇതിന്റെ അടിസ്ഥാന ശിലയിട്ടു. 1931 ലാണ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തത്. ഇന്ത്യാ ഗേറ്റിന്റെ ചുവട്ടിൽ കെടാജ്യോതി 1971 മുതൽ പ്രകാശിക്കുന്നുണ്ട്. ഈ വിളക്ക് കെടാതെ സംരക്ഷിക്കാൻ 24 മണിക്കൂറും പട്ടാളക്കാരെ നിയോഗിച്ചിട്ടുണ്ട്. ഇന്ത്യാ ഗേറ്റ് ഡൽഹി മഹാനഗരത്തിന്റെ ഏതാണ്ട് മധ്യഭാഗത്താണ്. രാഷ്ട്രപതി ഭവന്റെ സമീപത്ത്കൂടിയുള്ള മനോഹരമായ, വിസ്തൃതിയേറിയ രാജ്പഥ് റോഡിലാണ് ഈ ചരിത്രസ്മാരകം. ഇവിടെനിന്ന് നോക്കിയാൽ രാഷ്ട്രപതി ഭവന്റെ സുന്ദരദൃശ്യം കാണാം. ഈ പ്രദേശത്തെങ്ങും മറ്റ് കെട്ടിടങ്ങൾ ഒന്നും ഇല്ലാത്തതിനാൽ പരന്നുകിടക്കുന്ന മനോഹരമായ റോഡുകളും റോഡിലൂടെ നല്ല വേഗതയിൽ ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങളും കാണാം. വളരെ ദൂരത്ത്നിന്ന് തന്നെ വാഹനങ്ങൾ ഒഴുകിവരുന്ന കാഴ്ച ഇവിടുത്തെ മറ്റൊരു പ്രത്യേകതയാണ്. ■

(തുടരും)



ജെസി നാരായണൻ

നിലക്കടലക്കൃഷിയിലും കുടുംബശ്രീ വിജയം കൊയ്യുന്നു

കോഴിക്കോട് ജില്ലയിലെ പയ്യോളി മലയാളികൾക്ക് മുമ്പേ സുപരിചിതമാണ്. പി.ടി. ഉഷയാണ് ആ പേരിന്റെ പ്രശസ്തിക്കു പിന്നിൽ. എന്നാൽ കുടുംബശ്രീ പയ്യോളിക്ക് മറ്റൊരു പ്രശസ്തികൂടി നേടിക്കൊടുത്തിരിക്കുകയാണ്. പയ്യോളി ഗ്രാമപഞ്ചായത്തും കുടുംബശ്രീയും ചേർന്ന് നടത്തുന്ന കാർഷിക പദ്ധതികളുടെ ഭാഗമായി ഇവിടെ വിളയിച്ച നിലക്കടലയുടെ വിജയകഥ നാടെങ്ങും അറിയാൻ തുടങ്ങി. ഈ പുതിയ പരീക്ഷണത്തിന്റെ അമരക്കാരിയായ സി ഡി എസ് ചെയർപേഴ്സന്റെ പേരും ഉഷയെന്നാണ്. അങ്ങനെ മറ്റൊരു ഉഷയിലൂടെ വീണ്ടും പയ്യോളി ശ്രദ്ധ നേടുന്നു.

എന്തിനും ഉൽസാഹത്തോടെ മുന്നിട്ടിറങ്ങുന്നവരാണ് പയ്യോളിയിലെ അയൽക്കൂട്ട വനിതകൾ എന്ന് തെളിയിച്ചിരിക്കുകയാണ് നിലക്കടലക്കൃഷിയിലൂടെ. നിലക്കടല കേരളത്തിന്റെ മണ്ണിൽ അധികമാരും പരീക്ഷിച്ചിട്ടില്ലാത്ത ഒരു കാർഷികവിളയാണ്. മൂന്നു മാസത്തെ അധ്വാനവും കാത്തിരിപ്പും പണച്ചെലവുമൊക്കെ ഒരു പരീക്ഷണത്തിന് വിട്ടുകൊടുക്കാൻ തയ്യാറായതുതന്നെ ഇവരുടെ ഉൽസാഹത്തിന് ഉദാഹരണം. പഞ്ചായത്തിലെ അഞ്ചു വാർഡുകളിലെ സംരംഭകരാണ് നിലക്കട വിജയകരമായി കൃഷി ചെയ്തിരിക്കുന്നത്. പ്രതീക്ഷിച്ചതിന്റെ ഇരട്ടി നേട്ടം കൊയ്തെടുത്തതിന്റെ അഭിമാനമാണ് ഉഷയുടെയും കൂട്ടരുടെയും വാക്കുകളിൽ തെളിയുന്നത്.

28 സ്ത്രീകളാണ് നിലക്കടലക്കൃഷിക്കായി മുന്നോട്ടു വന്നത്. ഇവർ 7ഏക്കർ വയലിൽ വിത്തിട്ടു. പയ്യോളി കടപ്പുറത്തെ ചൊരിമണലിൽ നിലക്കടല തഴച്ചുവളരുമെന്ന് ഏതാനും ആഴ്ചകൾക്കുള്ളിൽ തന്നെ തെളിഞ്ഞു. നാട്ടുകാരെ അത്ഭുതപ്പെടുത്തുന്നതായിരുന്നു അയൽക്കൂട്ട വനിതകളുടെ ആത്മവിശ്വാസവും നിലക്കടലയുടെ വളർച്ചയും.

വിത്തു പാകി മൂന്നു മാസത്തിനകം വിളവെടുപ്പ് നടത്താമെന്നത് നിലക്കടലക്കൃഷിയെ ലാഭകരമാക്കുന്ന ഒരു ഘടകമാണ്. പഞ്ചായത്താണ് വിത്തും വളവും നൽകിയത്. ആദ്യസംരംഭമായതുകൊണ്ട് കൃഷിഓഫീസറുടെ മേൽനോട്ടം ഇവർക്ക് ആശ്വാസമായി. ജൈവവളം മാത്രം ഉപയോഗിച്ചുകൊണ്ടാണ് നിലക്കടല ഉല്പാദിപ്പിച്ചത്. പയ്യോളിയിലെ പ്രദേശവാസികൾതന്നെ നിലക്കടല മുഴുവൻ വാങ്ങിയതുകൊണ്ട് വില്പനക്കാര്യമോർത്ത് ഇവർക്ക് തലപുകയ്ക്കേണ്ടി വന്നില്ല. പച്ചയ്ക്കുതന്നെ കടലയെല്ലാം വിറ്റുതീർന്നത് സംരംഭകരെ കൂടുതൽ ഉൽസാഹഭരിതരാക്കിയിരിക്കുകയാണ്. വീണ്ടും മൂന്നു മാസത്തെ കാത്തിരിപ്പേ വേണ്ടൂ. അടുത്ത വിളവെടുപ്പിനായി പയ്യോളിക്കാർ കാത്തിരിക്കുന്നുമുണ്ട്.

നിലക്കട കൃഷി ആരംഭിക്കുമ്പോൾ കുടുംബശ്രീയുടെ തന്നെ ന്യൂട്രിമിക്സ് യൂണിറ്റിനെയാണ് സംരംഭകർ മുന്നിൽ കണ്ടത്. നിലവിൽ അന്യസംസ്ഥാനത്തുനിന്നു വരുന്ന കടലയാണ് ഈ യൂണിറ്റുകൾ വാങ്ങുന്നത്. പക്ഷേ, ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നൽകണമെങ്കിൽ കൃഷി വലിയ തോതിൽ വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. അപ്രതീക്ഷിതമായ ഈ വിജയത്തിന്റെ പശ്ചാത്തലത്തിൽ അടുത്ത തവണ 40 ഏക്കറിൽ നിലക്കടല കൃഷി ചെയ്യാനാണ് തീരുമാനം.

സിഡിഎസിന്റെ നേതൃത്വത്തിൽ സംരംഭകരെ കണ്ടെത്താനായി വളരെ ശാസ്ത്രീയമായ നടപടികളാണ് സ്വീകരിച്ചത്. ആദ്യം മേഖലാടിസ്ഥാനത്തിൽ യോഗം വിളിച്ചുകൂട്ടി വിവിധതരം കാർഷികവിളകളുടെ സാധ്യത ചർച്ച ചെയ്തു. അതാതു പ്രദേശങ്ങളിൽ നിലവിൽ എന്തു കൃഷിയാണ് നടത്തിവരുന്നതെന്നും കർഷകർ എന്തൊക്കെ പ്രശ്നങ്ങളാണ് അഭിമുഖീകരിക്കുന്നതെന്നും ചർച്ചയ്ക്കു വന്നു. കൃഷി ഓഫീസർമാർ, പഞ്ചായത്ത് പ്രതിനിധികൾ, കുടുംബശ്രീ സിഡിഎസ് ഭാരവാഹികൾ എന്നിവർ പങ്കെടുത്ത യോഗത്തിൽ പുതിയ കൃഷിരീതിയും വിപണന സാധ്യതയുമൊക്കെ കടന്നുവന്നു.

പലരും പല തരത്തിലുള്ള കൃഷിയും കൃഷിരീതികളും അവലംബിച്ചതിന്റെ കൂടെയാണ് ഒരു കൂട്ടർ നിലക്കടല കൃഷിയിലേയ്ക്കു തിരിഞ്ഞത്. കൃഷി വിദഗ്ധരുടെ സാങ്കേതികജ്ഞാനം ഇവർക്കു മുതൽക്കൂട്ടായി. കർഷകരുടെ അനുഭവസമ്പത്തിനെയും ഇവർ പ്രയോജനപ്പെടുത്തി.

കഠിനാധ്വാനം നിലക്കടല കൃഷിക്ക് ആവശ്യമില്ലെന്ന് പയ്യോളിയിലെ അയൽക്കൂട്ടവനിതകൾ ഏകസ്വരത്തിൽ പറയുന്നു. സമയാസമയത്ത് വളമിടുകയും വള്ളി പടരുന്നതിനനുസരിച്ച് മണ്ണ് കൂട്ടിക്കൊടുക്കുകയും ചെയ്യുകയേ വേണ്ടൂ. മൂന്നാംമാസം വിളവെടുപ്പിന് ഒരുങ്ങാം.

കേരളത്തിന്റെ മണ്ണിൽ പണ്ടൊക്കെ കൃഷിപരീക്ഷണങ്ങൾ ഒട്ടേറെ നടന്നിരുന്നു. മരച്ചീനിയും റബ്ബറും പറങ്കിമാവുമൊക്കെ കടൽകടന്നുവന്നതാണ്. എന്നാൽ ഒരു ഘട്ടം കഴിഞ്ഞപ്പോൾ ഇത്തരം പരീക്ഷണങ്ങൾക്ക് മുതിരാൻ നമ്മുടെ കൃഷിക്കാർ മുന്നോട്ടുവരുന്നില്ല എന്നാണ് കണ്ടുവരുന്നത്. കുടുംബശ്രീ നടത്തുന്ന കാർഷിക ഇടപെടലിന്റെ ഭാഗമായി പുതിയ കൃഷികളും കൃഷിരീതികളും വീണ്ടും കേരളത്തിലെത്തുകയാണ്. അതിലൊന്നായി നിലക്കടലക്കൃഷിയേയും കാണാം. എന്തായാലും പരീക്ഷണം കേരളകർഷകർക്കാകെ പ്രത്യാശയ്ക്കു വകനൽകുന്നതാണെന്ന വസ്തുത കുടുംബശ്രീയെ സംബന്ധിച്ച് അഭിമാനാർഹമാണ്. ■

ലേഖിക കുടുംബശ്രീ മിഷനിൽ അസിസ്റ്റന്റ് എഡിറ്ററാണ്

തെരുവു നായ്ക്കളുടെ നിയന്ത്രണം

കുമളി: ABC പദ്ധതി നടപ്പാക്കിയ ആദ്യപഞ്ചായത്ത്

ലോകടൂറിസം ഭൂപടത്തിൽ സ്ഥാനം നേടിയ കുമളി മറ്റൊരു ചരിത്ര നേട്ടത്തിന് കൂടി സാക്ഷ്യം വഹിച്ചു. ഇന്ത്യയിൽ ആദ്യമായി തെരുവു നായ്ക്കളുടെ വംശവർദ്ധന നിയന്ത്രണ പദ്ധതി (Animal Birth Control, ABC Project) നടപ്പാക്കിയ ഇന്ത്യയിലെ ആദ്യത്തെ ഗ്രാമപഞ്ചായത്ത് എന്ന ബഹുമതി കുമളി പഞ്ചായത്തിന് ലഭിച്ചു. പദ്ധതിയുടെ ഉത്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി നിർവ്വഹിച്ചു. ഇ.എസ്. ബിജിമോൾ എംഎൽഎ അദ്ധ്യക്ഷത വഹിച്ച പ്രൗഢഗംഭീരമായ ചടങ്ങിന് കേന്ദ്ര ആനിമൽ ബോർഡ് ചെയർമാൻ ഡോ. ആർ.എം. ഖർബിന്റെ സാന്നിദ്ധ്യവുമുണ്ടായി. ഇതോടൊപ്പം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പ്രാഥമിക കേന്ദ്രത്തിന്റെ പുതിയ ബ്ലോക്ക്, പട്ടികജാതി നഴ്സറി സ്ക്കൂൾ, മാലിന്യ സംസ്ക്കരണ കേന്ദ്രം എന്നിവയുടെ ഉൽഘാടനവും നടന്നു.

കുമളി ഗ്രാമപഞ്ചായത്ത് പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പുതിയ കാഷ്വാലിറ്റി ബ്ലോക്കിന്റെ ഉദ്ഘാടനവേദിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടിയും, ഇ.എസ്. ബിജിമോൾ എം.എൽ.എയും പഞ്ചായത്ത് ഭാരവാഹികളോടൊപ്പം.

എ.ബി.സി. പ്രോജക്ട്

തെരുവുനായ്ക്കൾ പ്രകൃതിയുടെ സ്കാവൻജേഴ്സ് (Scavengers) ആണ്. ഭക്ഷണാവശിഷ്ടങ്ങൾ ഉൾപ്പെടുന്ന മാലിന്യങ്ങൾ ഒരു പരിധിവരെ തീന്ന് അവ നാട് വൃത്തിയാക്കുന്നു. ജൈവ ആവാസ വ്യവസ്ഥയിൽ തെരുവുനായ്ക്കളുടെ പ്രാധാന്യം തള്ളിക്കളയാനാവില്ല. എന്നാൽ ഇവ പെരുകുന്നത് ഗുണത്തെക്കാളേറെ ദോഷമാവുകയും ചെയ്യും. തെരുവുനായ്ക്കളുടെ ശല്യം ഒഴിവാക്കാൻ ശാസ്ത്രീയ രീതിയിലുള്ള മാർഗ്ഗമാണ് അവലംബിക്കേണ്ടത്. അത്തരം നടപടികൾ സ്വീകരിക്കാത്ത ഏക സംസ്ഥാനമാണ് കേരളം. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ തെരുവുനായ്ക്കളെ കൊല്ലുന്നത് ശിക്ഷാർഹമായതിനാൽ അവയെ സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെ കടമയായി. അതിന്റെ അടിസ്ഥാനത്തിൽ ആനിമൽ വെൽഫെയർ ബോർഡ് നടത്തിയ പഠന ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ നായ്ക്കൾക്ക് പേവിഷപ്രതിരോധ കുത്തിവെയ്പും, ഒപ്പം അവയുടെ വംശവർദ്ധന നിയന്ത്രിക്കുന്നതിനുള്ള പ്രതിരോധ മാർഗ്ഗങ്ങളും ശാസ് ത്രീയമായി പഞ്ചായത്ത് തലത്തിൽ ആവശ്യമായതിന്റെ അടിസ്ഥാനത്തിലാണ് ഇടുക്കി ജില്ല SPCA യുടെ സഹകരണത്തോടെ ഈ പദ്ധതി നടപ്പാക്കിയത്. പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ SPCA യ്ക്ക് കൈമാറി ധാരണാപത്രത്തിൽ ഒപ്പിട്ടു. പദ്ധതിയുടെ നിർവ്വഹണം SPCAയാണ്. അന്താരാഷ്ട്ര പ്രാധാന്യമുള്ള കുമളി ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യവികസന പദ്ധതികളിൽ ഇത് ഒരു പൊൻതൂവലാണ്.

PHC യ്ക്ക് പുതിയ ബ്ലോക്ക്

കുമളി പ്രാഥമികാരോഗ്യകേന്ദ്രം രാജഭരണ കാലത്ത് തുടങ്ങിയതാണ്. രാജാവ് നൽകിയ രാജമുദ്ര ഇവിടെ അമൂല്യമായി ഇന്നും സൂക്ഷിക്കുന്നു. ദിവസേന 300ലധികം രോഗികൾ ചികിൽസ തേടി എത്തുന്ന ഇവിടെ പുതിയ ബ്ലോക്ക് തുറന്നതോടെ പീരുമേട് താലൂക്കിലെ ഏറ്റവും ആധുനിക സൗകര്യമുള്ള PHC എന്ന ബഹുമതിക്ക് അർഹമായി. 2008-09 ലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തനതു ഫണ്ടിൽ നിന്ന് 15 ലക്ഷം രൂപയും, പെരിയാർ ഫൗണ്ടേഷൻ അനുവദിച്ച 10 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം രൂപയും ഉൾപ്പെടുത്തിയാണ് പണി പൂർത്തീകരിച്ചത്. ■

തയ്യാറാക്കിയത്: ജൂനിയർ സൂപ്രണ്ട്, കുമളി ഗ്രാമപഞ്ചായത്ത്

ക്ലീൻ കുമളി ഗ്രീൻ കുമളി

816.75 ച.കി.മീ വിസ്തീർണ്ണമുള്ള കേരളത്തിലെ ഏറ്റവും വലിയ ഗ്രാമപഞ്ചായത്താണ് കുമളി. ഇവിടുത്തെ ജൈവവൈവിദ്ധ്യവും, കാലാവസ്ഥയും പ്രകൃതി മനോഹാരിതയും ഏതു വിനോദസഞ്ചാരിയെയും വീണ്ടും ആകർഷിക്കുന്ന തരത്തിലാണ്. ലോകത്തെ ഏറ്റവും അറിയപ്പെടുന്ന തേക്കടി കുമളി ഗ്രാമപഞ്ചായത്തിലാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നും ലക്ഷക്കണക്കിന് തീർത്ഥാടകർ കുമളി വഴിയാണ് പവിത്രമായ ശബരിമലയിലെത്തുന്നത്. ഉപഭോഗ സംസ്ക്കാരത്തിന്റെ ഭാഗമായി ഉപയോഗശേഷം വലിച്ചെറിയുന്ന പ്ലാസ്റ്റിക്ക് പാഴ്വസ്തുക്കളും, വിസർജ്യങ്ങളും കുമളിയെയും തേക്കടിയെയും ആവാസവ്യവസ്ഥയുടെ അവിഭാജ്യമായ ഈ വന്യജീവി സങ്കേതത്തിനും ഗുരുതരമായ ഭീഷണിയായപ്പോഴാണ് ഇത് ശാസ്ത്രീയമായി പരിഹരിക്കുന്നതിന് ജനപങ്കാളിത്തത്തോടെ "ഗ്രീൻ കുമളി-ക്ലീൻ കുമളി" എന്ന പദ്ധതിക്ക് തുടക്കമിട്ടത്. പെരിയാർ ടൈഗർ റിസർവ്, പെരിയാർ ഫൗണ്ടേഷൻ, ഇക്കോ ടൂറിസം, ക്ലീൻ കേരള മിഷൻ, തണൽ, കുടുംബശ്രീ, വ്യാപാരസമൂഹം, സന്നദ്ധ സംഘടനകൾ എന്നിവയുടെ അകമഴിഞ്ഞ സഹകരണത്തോടെ 2006 ആഗസ്ത് 18 ന് പദ്ധതിക്ക് തുടക്കം കുറിച്ചു.

പ്രവർത്തനങ്ങൾ

ആദ്യമായി പഞ്ചായത്തൊട്ടാകെ ശുചിത്വബോധം വളർത്തിയെടുക്കുന്നതിന് വിപുലമായ ബോധവൽക്കരണ സെമിനാർ, ശിൽപ്പശാല എന്നിവ നടത്തി. കുമളിയെയും വന്യജീവി സങ്കേതത്തിനോടു ചേർന്ന് അഞ്ച് വാർഡുകളിലായി 1500ൽപരം കുടുംബങ്ങൾക്ക് ജൈവ-അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് ശേഖരിക്കുന്നതിനു വേണ്ടി പച്ച, ചുവപ്പ് നിറങ്ങളിലുള്ള രണ്ട് ബിന്നുകൾ വീതം വിതരണം ചെയ്തു. ടൗണിലും വഴിയോരങ്ങളിലും സ്ഥാപിച്ച പൊതുവായ കുപ്പത്തൊട്ടികൾ നീക്കം ചെയ്തു.

ജില്ലാ ശുചിത്വമിഷന്റെ സഹായത്തോടെ എല്ലാ വീടുകൾക്കും, അംഗൻവാടികൾക്കും, സ്ക്കൂളുകൾക്കും കക്കൂസ് നിർമ്മിച്ചു. ഇതിന്റെ ഫലമായി പഞ്ചായത്തിന് 2007 ൽ നിർമ്മൽഗ്രാം പുരസ്ക്കാരം ലഭിച്ചു.

കുമളി ടൗണിൽ നിന്ന് 3 കി.മീ. അകലെ മുരുക്കടിയിൽ പഞ്ചായത്ത് വാങ്ങിയ രണ്ടര ഏക്കർ സ്ഥലത്താണ് ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള വെർമികമ്പോസ്റ്റ് യൂണിറ്റ് ഒരുക്കിയിരിക്കുന്നത്. ദിനംപ്രതി ആയിരം കിലോ ഗ്രാം വരെയുള്ള ജൈവമാലിന്യങ്ങൾ മണ്ണിര കമ്പോസ്റ്റാക്കി മാറ്റി വിപണനം നടത്തുന്ന പദ്ധതിയും ആവിഷ്ക്കരിച്ചു. കൂടാതെ 1000 കിലോഗ്രാം സംഭരണശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് 40 ലക്ഷം രൂപ മുടക്കി നിർമ്മിച്ചു. പ്ലാന്റ് നിർമ്മാണത്തിനാവശ്യമായ സ്ഥലം ഉപയോഗിച്ചശേഷം ബാക്കിയുള്ള സ്ഥലത്ത് ജൈവകൃഷിയിലൂടെ എല്ലാതരം സുഗന്ധ ദ്രവ്യങ്ങളും, ആയുർവേദ ഔഷധ സസ്യങ്ങളും ഫലവൃക്ഷങ്ങളും വെച്ചു പിടിപ്പിച്ച് ഒരു മാതൃകാ ബൊട്ടാണിക്കൽ ഗാർഡൻ രൂപപ്പെടുത്തികൊണ്ട് സഞ്ചാരികളെ ആകർഷിക്കുന്ന ഒരു സ്പൈ സസ് ഗാർ ഡനും നിർമ്മിച്ചു.

പെരിയാർ വന്യജീവി സങ്കേതത്തിനും ജനവാസകേന്ദ്രങ്ങൾക്കും പ്രശ്നമായിരുന്ന തേക്കടി ജലാശയത്തിലേയ്ക്കൊഴുകുന്ന സർവ്വവിധ മാലിന്യങ്ങളും നിക്ഷേപിച്ചിരുന്ന രോസാപ്പൂക്കണ്ടം തോട് തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി വൃത്തിയാക്കി.

പദ്ധതിയുടെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് "ഗ്രീൻ കുമളി-ക്ലീൻ കുമളി" പദ്ധതിയിൽ രണ്ട് ലക്ഷം രൂപ വിനിയോഗിച്ച് ആഫീസ് കമ്പ്യൂട്ടർവൽക്കരിച്ചു. ഡിജിറ്റൽ ക്യാമറ, വീഡിയോ ക്യാമറ, LCD പ്രൊജക്ടർ എന്നിവയോടൊപ്പം ഒരു വെബ്സൈറ്റും പ്രവർത്തനം തുടങ്ങി.

പഞ്ചായത്തീരാജിന് 50 വയസ്

പഞ്ചായത്തീരാജിന് 50 വയസ് തികഞ്ഞു. 1959 ഒക്ടോബർ 2ന് രാജസ്ഥാനിലെ നാഗൗറിൽ വെച്ച് രാജ്യത്തെ ആദ്യ പഞ്ചായത്തീരാജ് ഭരണസംവിധാനത്തിന്റെ ഉദ്ഘാടനം അന്ന് പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണ് നിർവഹിച്ചത്. ന്യൂദില്ലിയിൽ നടന്ന വാർഷികാഘോഷചടങ്ങിൽ പ്രധാനമന്ത്രി മൻമോഹൻസിംഗ്, യു.പി.എ. അദ്ധ്യക്ഷ സോണിയഗാന്ധി, കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രി ഡോ. സി.പി. ജോഷി തുടങ്ങിയവർ പങ്കെടുത്തു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇനിമുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് അറിയപ്പെടുമെന്ന് പ്രധാനമന്ത്രി ചടങ്ങിൽ പ്രഖ്യാപിച്ചു. ഗ്രാമസ്വരാജിന്റെ ആശയം എപ്പോഴും ഉയർത്തിപ്പിടിച്ച ഗാന്ധിജിയുടെ പേരു തന്നെ പദ്ധതിക്ക് നൽകുന്നത് ഏറെ ഉചിതമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. 25 വർഷം പൂർത്തിയാക്കിയ പഞ്ചായത്ത് പ്രസിഡന്റുമാരെ ചടങ്ങിൽ ആദരിച്ചു.

മുരളീധരൻ തഴക്കര

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി – തിരിച്ചു വരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് – എങ്കിലും സാർത്ഥകമായ തുടക്കം.

തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

ജീവിതത്തിന്റെ സമസ്തമേഖലകളെയും സ്പർശിക്കുന്ന ഒരേയൊരാഘോഷമേ മലയാളിക്കുള്ളൂ, അതാണ് ഓണം. ഓണത്തിന്റെ ജൈവപരിപൂർത്തി മറ്റ് ഉത്സവങ്ങൾക്ക് അവകാശപ്പെടാനാവില്ല. സാമൂഹ്യശാസ്ത്രപരമായി ജനങ്ങളുടെ ജീവിതാവബോധത്തിലും, സാമൂഹിക ഘടനയിലും, ജീവിതവൃത്തിയിലും സ്വാധീനം ചെലുത്തുന്ന മഹോത്സവമാണ് ഓണം. ഓണവുമായി ബന്ധപ്പെട്ട സംജ്ഞകൾ പരിശോധിച്ചു തുടങ്ങിയാൽ അനവധിയാണ്. അവയുടെ വിശകലനം നമ്മുടെ സ്വത്വത്തെ തിരിച്ചറിയാൻ സഹായിക്കും. അതിലേയ്ക്കു വെളിച്ചം വീശുകയാണ് നമ്മുടെ ലക്ഷ്യം. ഈ ലക്കത്തിലും അടുത്ത ലക്കത്തിലുമായി അതിനായുള്ള ശ്രമമാണ്.

ഊഞ്ഞാൽ

കാട്ടുമരങ്ങളിൽ വള്ളിയിൽ തൂങ്ങിയാടി നടന്ന അതീത ഭൂതകാലത്തിന്റെ ഓർമ്മയിൽ നിന്ന് ഉരുത്തിരിഞ്ഞ വിനോദമാകാം ഊഞ്ഞാലാട്ടം. വളരെ ലളിതമായ ഘടന – രണ്ടു കയർ ഒരറ്റം ഉയരത്തിലുള്ള ഒരിടത്ത് ബന്ധിക്കുന്നു. മറ്റേയറ്റം ഒരു തടിക്കഷ്ണത്തിലോ, മടലിലോ കെട്ടുന്നു. ഊഞ്ഞാൽ തയ്യാറായി. മലയാളിയെ സംബന്ധിച്ച് ഊഞ്ഞാൽ ഓണത്തിന്റെ വരവറിയിക്കുന്ന ദൂതനാണ്. ഓണക്കാലത്ത് എല്ലാ വീടുകളിലും ഊഞ്ഞാലിടുക പതിവായിരുന്നു.

ഉപ്പേരി

ഓണത്തിന്റെ നിറസാന്നിദ്ധ്യമാണ് ഉപ്പേരി. ഓണക്കാലത്ത് ഏത് വീട്ടിൽ ചെന്നാലും ഉപ്പേരി ഒരു വിഭവമായി നൽകിയിരിക്കും. തിരുവോണത്തിന് മുമ്പായി നല്ല ആട്ടിയെടുത്ത വെളിച്ചെണ്ണയിൽ ഉപ്പേരി വറുത്തെടുക്കുന്ന ഒരു മണം എല്ലാ വീടുകളിൽ നിന്നും പ്രസരിക്കും. ഇതും ഓണത്തിന്റെ വരവറിയിക്കുന്ന ഒരു സിഗ്നലാണ്. നേന്ത്രക്കായ, മരച്ചീനി, ചേമ്പ്, കളിയടയ്ക്ക എന്നിവയാണ് ഉപ്പേരിയുണ്ടാക്കാനായി എടുക്കുന്നത്. ഉപ്പേരിയും പഴന്നുറുക്കും ഓണത്തിന്റെ പ്രധാന വിഭവങ്ങളാണ്.

ഉത്രാടപാച്ചിൽ

തിരുവോണത്തലേന്ന് അതായത് ഉത്രാടനാളിൽ ഓണസദ്യയൊരുക്കുന്നതിനായുള്ള ഓട്ടവും ബഹളവും. ഓണം അടുക്കളയുടെയും അരങ്ങിന്റെയും ഉത്സവമാണ്. ഓണസദ്യയ്ക്കുള്ള നാനാജാതി വിഭവങ്ങൾ വളയിട്ട കൈകളിലാണ് ഒരുക്കുന്നത്. അതുകൊണ്ടുതന്നെയാണല്ലോ "ഉത്രാടത്തിൻ നാളിൽ ഉച്ചതിരിയുമ്പോൾ അച്ചിമാർക്ക് (സ്ത്രീകൾക്ക്) എല്ലാം വെപ്രാളം" എന്ന് പറഞ്ഞുപോന്നത്.

ഓണത്തുമ്പ

നാനാതരം പൂക്കളുണ്ടെങ്കിലും പൂക്കളിൽ ഏറ്റവും ചെറിയ തുമ്പപ്പൂക്കളാണത്രെ മാവേലി തമ്പുരാനേറെ ഇഷ്ടം. അതിനാലാണല്ലോ അദ്ദേഹത്തെ തുമ്പപ്പൂക്കളുടെ തമ്പുരാൻ എന്ന് വിളിക്കുന്നത്. ഓണക്കാലത്ത് മാത്രം പ്രത്യക്ഷപ്പെടുന്ന മറ്റൊരിനം തുമ്പച്ചെടിയുമുണ്ട്. ഇതിനെ ചില പ്രദേശങ്ങളിൽ കാശിത്തുമ്പയെന്നാണ് പറയുന്നത്. ഓണക്കാലത്ത് കടുവ കളിക്കുമ്പോൾ ഈ തുമ്പച്ചെടി പറിച്ചെടുത്താണ് ദേഹത്ത് വെച്ചുകെട്ടി മറയ്ക്കുന്നത്. തിരുവോണദിവസം വീടിനകം തൂക്കുന്നതിന് ചൂലിന് പകരം ഈ തുമ്പച്ചെടി ഉപയോഗിച്ചിരുന്നു.

അത്തച്ചമയം

ചിങ്ങമാസത്തിലെ അത്തം പത്തിന് പൊന്നോണമെന്നാണ്. കൊച്ചി, കോഴിക്കോട് രാജാക്കന്മാർ ചിങ്ങമാസത്തിലെ അത്തപ്പിറവിയോടനുബന്ധിച്ച് നടത്തിയിരുന്ന ഒരാഘോഷം. ഓണവുമായി ബന്ധപ്പെട്ട് ഏറെ വിശേഷങ്ങളുള്ള തൃക്കാക്കരയിലും തൃക്കാക്കരക്ഷേത്രത്തിലും അത്തച്ചമയം ആഘോഷപൂർവ്വം നടക്കുന്നുണ്ട്. വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ കേരളത്തിൽ കൊച്ചിയിൽ നടക്കുന്ന സവിശേഷമായൊരു ചടങ്ങാണ് അത്തച്ചമയഘോഷയാത്ര.

അത്തപ്പൂക്കളം

അത്തത്തിന് തുടങ്ങി തിരുവോണം വരെ നീളുന്ന പൂക്കളം – എല്ലാ വീട്ടുമുറ്റങ്ങളിലും കുട്ടികൾ പൂവിടുന്നതിന്റെ തിരക്കിലാകും. പൂക്കുടകളുമായി എല്ലാ തൊടികളിലും കയറിയിറങ്ങി പൂക്കൾ ശേഖരിക്കുന്നതിൽ കുട്ടികൾക്ക് ഉത്സാഹമായിരുന്നു. ഇങ്ങനെ ശേഖരിക്കുന്നതിലേറെയും നാട്ടുപൂക്കളുമായിരുന്നു. അത്തപ്പൂക്കളമിടാൻ പൂക്കൾ വിലകൊടുത്ത് വിപണിയിൽ നിന്നും വാങ്ങുന്ന ഒരു രീതി പണ്ടില്ലായിരുന്നു.

ഓണവാഴ

ഓണത്തിന് കുല വെട്ടിയെടുക്കാൻ പാകത്തിൽ നേന്ത്രവാഴകൾ കൃഷിചെയ്യുന്ന ഒരു സമ്പ്രദായം പണ്ടുപണ്ടേ നിലനിന്നിരുന്നു. ഓണത്തിന് ഉപ്പേരി വറക്കുന്നതിനും, പഴത്തിനായും നേന്ത്രക്കുലകൾ കൂടിയേ തീരൂ. ഈ ആവശ്യം കണ്ടറിഞ്ഞ് ഓണത്തിന് വിളവെടുക്കാൻ പാകത്തിൽ നേത്രവാഴകൃഷി ചെയ്യുന്നതിനാണ് "ഓണവാഴ' യെന്ന് പറയുക.

ഓണപ്പുഴുക്ക്

ഓണത്തിന്റെ മുന്നൊരുക്കങ്ങളിൽ ഏറ്റവും പ്രധാനം നെല്ലുപുഴുങ്ങി കുത്തി അരിയാക്കി വെയ്ക്കുക എന്നതായിരുന്നു. പഴയകാലത്ത് സ്ത്രീകൾ പരസ്പരം ഓണത്തിന് മുമ്പായി ചോദിക്കുന്ന കുശലങ്ങളിൽ 'ഓണപ്പുഴുക്കു' കഴിഞ്ഞോ എന്നത് പ്രധാനമാണ്. ഓണമെന്നത് തന്നെ ഒരു കൊയ്ത്തുത്സവമായിരുന്നല്ലോ. വിരിപ്പ് നെല്ല് കൊയ്തെടുത്ത പുന്നെല്ല് പുഴുങ്ങിക്കുത്തി ആ പുത്തരിച്ചോറാണ് ഓണത്തിന് വിളമ്പുക. ഓണത്തിന് പുന്നെല്ലിന്റെ മണവും, പുത്തരിയുടെ നിറവുമാണെന്ന് പറയുന്നത് അതുകൊണ്ടാണ്.

ഓണപ്പൂവ്

മഞ്ഞനിറത്തിലുള്ള ഒരു തരം പൂവാണ് ഓണപ്പൂവ്-മധ്യതിരുവിതാംകൂർ പ്രദേശങ്ങളിൽ ഈ പൂവിനെ കോളാമ്പിപ്പൂവ് എന്നാണ് പറയുക. ഓണക്കാലത്താണ് ഇവ സമൃദ്ധമായി പൂക്കുന്നത്. പണ്ട് കാലത്ത് വീടുകളോടു ചേർന്നുള്ള കയ്യാലകളിലും അതിരുകളിലും ഇവ നന്നായി വളർന്നു നില്ക്കും. ഓണപ്പൂക്കളത്തിലിടുന്ന പൂവുകളിൽ ഇവ പ്രധാനവുമായിരുന്നു. ഓണത്തിന് പൂവിട്ട് അലങ്കരിച്ച മുറ്റത്തിന് 'ഓണമുറ്റമെന്നാണ്' പറഞ്ഞിരുന്നത്.

ഓണളവ്

കർഷകത്തൊഴിലാളികളും പണിയാളരും പഴയകാലത്ത് ഓണത്തിന് ജന്മിയുടെ വീട്ടിലേയ്ക്ക് ഓണക്കാഴ്ച കൊണ്ടുവരുന്ന പതിവുണ്ടായിരുന്നു. നേന്ത്രക്കുല, കായ് കറികൾ, വട്ടി, മുറം, കുട്ട, കറിക്കത്തി, ചുണ്ണാമ്പ്, ചിരട്ടത്തവി എന്നിവയൊക്കെ ഇപ്രകാരം അവരവരുടെ കുലത്തൊഴിലിനനുസൃതമായി കൊണ്ടുവരുന്നു. ഇതിന് "ഓണക്കാഴ്ച' യെന്നാണ് പൊതുവേ പറയുക. ഇങ്ങനെ ഓണക്കാഴ്ച കൊണ്ടുവരുന്നവർക്ക് ജന്മിഗൃഹത്തിൽ നിന്നും നൽകുന്ന പ്രതിഫലത്തിനാണ് 'ഓണളവ്' എന്ന് പറയുക. നെല്ലും നാളികേരവും നല്ലെണ്ണയും പണവുമാണ് ഇപ്രകാരം ഓണളവായി നൽകുക.

ഓണം കൊടുക്കുക

ആചാരങ്ങളുടെ വൈവിധ്യം ഏറ്റവുമധികം വെളിവാക്കുന്ന ആഘോഷമാണല്ലോ ഓണം. മനുഷ്യർക്ക് മാത്രമല്ല കന്നുകാലികൾക്കും ഓണമുണ്ടായിരുന്നു. തിരുവോണദിവസം കന്നുകാലികളെ കുളിപ്പിച്ച് വൃത്തിയാക്കി, മഞ്ഞൾ പ്പൊടിയും അരിപ്പൊടിയും ചേർത്ത് കുഴച്ച് അവയുടെ നെറ്റിത്തടത്തിൽ കുറിയിടുന്നു. മൃഷ്ടാന്നമായി പച്ചപ്പുല്ലും കൈത്തീറ്റയും നൽകുന്നു. ഇങ്ങനെ ചെയ്യുന്നതിനെ പഴമക്കാർ 'പശുവിന് ഓണം കൊടുക്കുക' എന്നാണ് പറഞ്ഞിരുന്നത്. ചില പ്രദേശങ്ങളിൽ പല്ലിക്കും ഓണം കൊടുക്കുമായിരുന്നു. തിരുവോണത്തിന് തലേന്നാൾ രാത്രിയിൽ അടുക്കളയിലെ എല്ലാപ്പണികളും കഴിഞ്ഞ് അരിപ്പൊടി വെള്ളം ചേർത്ത് കുഴച്ച് ചാന്തു പരുവമാക്കി അതിൽ കൈപ്പത്തിമുക്കി അറയുടെയും പത്തായത്തിന്റെയും വശങ്ങളിലും കതകിന്റെ പാളികളിലും പതിക്കുന്നു. 'ശുഭം' ചിലച്ചറിയിക്കുന്ന ജീവിയായ പല്ലിക്കുള്ള ഓണം കൊടുക്കലാണിത്.

ഓണസദ്യ

ഓണത്തിന്റെ ഏറ്റവും വലിയ വിശേഷം ഓണസദ്യയാണ്. സദ്യവട്ടത്തിനാവശ്യമായ എല്ലാവിധമായ വിഭവങ്ങളും ഒരുക്കി തൂശനിലയിൽ അതായത് നാക്കിലയിൽ വിളമ്പി കുടുംബാംഗങ്ങൾ എല്ലാവരും ചേർന്ന് ഭക്ഷണം കഴിക്കുന്നതിനാണ് 'ഓണസദ്യ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കുടുംബാംഗങ്ങൾ ഓണസദ്യ കഴിക്കുന്നതിന് മുമ്പായി നിലവിളക്കിന് മുന്നിൽ ഇലയിട്ട് മഹാബലിയേയും മരിച്ചുപോയ ബന്ധുജനങ്ങളെയും സങ്കല്പിച്ച് ചോറും കറികളും വിളമ്പി അല്പനേരം കാത്തിരിക്കുന്ന സമ്പ്രദായവുമുണ്ട്.

ദേശക്കാർക്കും, അടിയന്മാർക്കും മറ്റും ഓണത്തിന് ജന്മിഗൃഹങ്ങളിൽ നിന്നും നൽകുന്ന സദ്യയ്ക്ക് 'ഓണമൂട്ട്' എന്നാണ് പറയുക.

ഓണക്കോടി

ഓണത്തിന് ഏറ്റവും വേണ്ടപ്പെട്ടവർക്ക് പ്രത്യേകിച്ച് പ്രായമെത്തി മാതാപിതാക്കൾക്കും മറ്റ് മുതിർന്നവർക്കും കുട്ടികൾക്കും ഓണത്തിന് പുതുവസ്ത്രങ്ങൾ സമ്മാനിക്കുന്നതിന് ഓണക്കോടി നൽകുക എന്ന് പറയും. തിരുവോണത്തിന് എല്ലാവരും പുതിയ വസ്ത്രങ്ങൾ ധരിക്കുകയെന്നത് പരമ്പരാഗതമായ ഒരു രീതിയായിരുന്നു. വിശേഷിച്ച് കൊച്ചുകുട്ടികൾ പുതിയ വസ്ത്രങ്ങൾക്കായി കാത്തിരിക്കുന്ന കാലമാണ് ഓണക്കാലം.

നെയ്ത്തുതൊഴിലിലൂടെ ഉപജീവിക്കുന്നവർ വിശിഷ്യാ ചാലിയൻ സമുദായത്തിൽപ്പെട്ടവർ ഓണം കണക്കാക്കി കൊണ്ടുവരുന്ന വസ്ത്രങ്ങൾക്ക് 'ഓണമുണ്ട്' എന്നാണ് പറഞ്ഞിരുന്നത്. ക്ഷേത്രങ്ങളിൽ മഞ്ഞമുണ്ടാണ് ഓണപ്പുടവയായി സമർപ്പിക്കുന്നത്.

കടുവാകളി

ഓണക്കാലത്തെ ഒരു വിനോദമാണ് ദേഹം മുഴുവൻ "കാശിത്തുമ്പ വെച്ചുകെട്ടി' കടുവയുടെ വേഷം കെട്ടിയ ഒരാളും, കടുവയെ വകവരുത്താനായി വേട്ടക്കാരന്റെ വേഷം കെട്ടി കളിത്തോക്കുമായി മറ്റൊരാളും ചേർന്നുള്ള ഒരു ഓണക്കാല വിനോദക്കളിയാണിത്. ചെണ്ടയുടെ അകമ്പടിയോടെ ഓണക്കാലത്ത് വീടുകൾ തോറും കയറി കടുവകളി നടത്തി പണവും ഉപ്പേരിയും മറ്റും വാങ്ങിപ്പോകുന്നു. ഇതിന്റെ കുറെക്കൂടി ആകർഷകമായ രീതിയാണ് തൃശൂർ പ്രദേശങ്ങളിലും മറ്റും നടക്കുന്ന 'പുലിക്കളി'

ഓണപ്പാട്ട്

ഓണക്കാലത്ത് സാർവ്വത്രികമായി മഹാബലിയെ വാഴ്ത്തിക്കൊണ്ടുള്ള പാട്ടുകൾ എല്ലാവരും തന്നെ പാടിയിരുന്നു. 'മാവേലി നാടു വാണീടും കാലം.....' എന്ന പാട്ട് തന്നെ ഇതിന് ഉദാഹരണമാണ്. ഓണത്തിന് ഉടുക്കുകെട്ടി പാടുവാനായി വീടുകളിലെത്തുന്ന പാണന്മാർ പാടുന്ന ഓണത്തെക്കുറിച്ചുള്ള പ്രാചീന ഗാനങ്ങളുമുണ്ട്. തുമ്പിതുള്ളലും, തിരുവാതിരയും, കുടമുത്തും, തണുങ്ങുവലിയും തുടങ്ങി നിരവധി ഓണക്കളികളുമുണ്ടായിരുന്നു. ഈ കളികളിൽ ഏർപ്പെടുന്നത് പ്രധാനമായും സ്ത്രീകളായിരുന്നു. ഇതിനൊക്കെയും വൈവിധ്യമാർന്ന നാടൻ പാട്ടുകളുമുണ്ടായിരുന്നു. ■

(തുടരും)

ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്.

വാർത്തകളും വിശേഷങ്ങളും

ആശ്രയ പദ്ധതി: മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു

ഗ്രാമപ്രദേശങ്ങളിലെ അഗതികുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് ആവിഷ്ക്കരിച്ച കുടുംബശ്രീ ആശ്രയ പദ്ധതിയുടെ ഗുണനിലവാരം ഉയർത്താനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി പദ്ധതി നടപ്പാക്കാനും അർഹമായ ഗുണഭോക്താക്കളെ ഉൾപ്പെടുത്താനും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ച് ഉത്തരവിറക്കി. 2002-03 മുതൽ 2008-09 വരെ നടപ്പാക്കിവരുന്ന മുഴുവൻ പദ്ധതികളും പുനപരിശോധനയ്ക്ക് വിധേയമാക്കുക, വികസന ആവശ്യങ്ങളും അതിജീവനാവശ്യങ്ങളും തുടർന്നും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക, നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടാതെ പോയ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് ആവശ്യമായ പരിചരണ സേവന ഘടകങ്ങൾ നൽകാൻ പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കുക തുടങ്ങിയവയാണ് നിർദ്ദേശങ്ങൾ. 758 ഗ്രാമപഞ്ചായത്തുകൾക്കും 24 നഗരസഭകൾക്കും പദ്ധതി പ്രകാരം ചലഞ്ച് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 60532 കുടുംബങ്ങളെ പുനരധിവസിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ബഡ്സ് സ്കൂൾ : മാർഗ്ഗരേഖയായി

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പഞ്ചായത്തുകൾ ബഡ്സ് മാതൃകയിൽ പ്രത്യേക വിദ്യാലയങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ പുറപ്പെടുവിച്ച് ഉത്തരവായി. പ്രത്യേകവിദ്യാലയങ്ങൾ ആരംഭിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്. നിബന്ധനകൾ പാലിക്കാതെ ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും ഓണറേറിയം നൽകാൻ പാടില്ലെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2008-09 വർഷം ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തോടെ പ്ലാൻ ഫണ്ടുപയോഗിച്ച് ആരംഭിക്കുകയോ തുടരുകയോ ചെയ്യുന്ന സ്ഥാപനങ്ങളെ നിബന്ധനകളിൽ നിന്നുമൊഴിവാക്കിയിട്ടുണ്ട്. ഇവ നിശ്ചിത കാലയളവിനുള്ളിൽ നിലവാരം മെച്ചപ്പെടുത്തണമെന്ന് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. മിനിമം നിലവാരം പാലിക്കാതെ അടിസ്ഥാന സൗകര്യങ്ങളും പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുമില്ലാതെ ബഡ്സ് സ്കൂൾ തുടങ്ങുന്നതിനാലാണ് സർക്കാർ ഇതു സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചത്. സ്കൂൾ ആരംഭിക്കുന്നതിനുള്ള ശുപാർശ മാത്രമാണ് ഇതു സംബന്ധിച്ച ജില്ലാതല ഉപദേശകസമിതി നൽകുക. പ്രവർത്തനം ആരംഭിച്ചശേഷം വിദ്യാഭ്യാസ വകുപ്പിൽ നിന്നും സ്കൂളുകൾക്ക് അംഗീകാരം വാങ്ങേണ്ടതാണ്. കുട്ടികൾക്ക് എത്തിചേരാൻ കഴിയുന്ന യാത്രാ സൗകര്യമുള്ളതും ഭൗതിക അപകട സാധ്യത ഒഴിവായ സ്ഥലത്തും ആയിരിക്കണം സ്കൂൾ സ്ഥാപിക്കേണ്ടതെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശമുണ്ട്. സ്ഥാപനത്തിന് 15 സെന്റിൽ കുറയാതെ സ്വന്തം ഭൂമിയോ, പൊതു സ്ഥലമോ ലഭ്യമായിരിക്കണം. സ്കൂൾ ആരംഭിക്കുന്നതിന് മുമ്പ് ത്രിതല പഞ്ചായത്തുകൾക്ക് ബോധ്യപ്പെടുംവിധം സാധ്യതാപഠനം നടത്തണമെന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്ത് കൂടിയാലോചന നടത്തി സംയോജിത സാധ്യത ഉറപ്പാക്കി കുറഞ്ഞ സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും ലഭ്യമാക്കി മാത്രമേ മേലിൽ പുതിയ സ്പെഷ്യൽ സ്കൂൾ ആരംഭിക്കാവൂ. ബഡ്സ് മാതൃകയിലുള്ള പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിന് ജില്ലാതല ഉപദേശക സമിതിയുടെ അനുമതി വാങ്ങിയിരിക്കണം.

തദ്ദേശവകുപ്പ് മന്ത്രി ചെയർമാനായി തൊഴിലുറപ്പ് കൗൺസിൽ രൂപീകരിച്ചു

സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ ചട്ടപ്രകാരമുള്ള സംസ്ഥാന കൗൺസിൽ രൂപീകരിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവായി. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി അദ്ധ്യക്ഷനായ ഇരുപത്തിനാലംഗ കൗൺസിലിൽ പതിനഞ്ച് അനൗദ്യോഗിക അംഗങ്ങളും എട്ട് ഔദ്യോഗിക അംഗങ്ങളും ഉണ്ട്. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആനാവൂർ നാഗപ്പൻ, പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുബേദ ഇസ്ഹാക്ക്, റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോമളം അനിരുദ്ധൻ, പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ ശശീന്ദ്രൻ മാസ്റ്റർ, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി. കുഞ്ഞിരാമൻ, പത്തനാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ഷാജി, മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. സെൽവരാജ്, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.എം. ഹനീഫ്, ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നളിനി രവീന്ദ്രൻ, എളംകുന്നപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജി ഡോണോ മാസ്റ്റർ, പഴയന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രമാരാധാകൃഷ്ണൻ, തിരുവാലി ഗ്രാമപഞ്ചായത്ത് പ്രസിഡ്റ് എൻ. കണ്ണൻ, തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോളി ജോസഫ് കൊട്ടാരത്തിൽ, മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബഷീറാ അബൂബക്കർ, ടി. ഗംഗാധരൻ (കണ്ണൂർ) എന്നിവർ അനൗദ്യോഗിക അംഗങ്ങളും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി, വനം, ആസൂത്രണം, തൊഴിൽ, പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പ് സെക്രട്ടറിമാർ എന്നിവർ ഔദ്യോഗിക അംഗങ്ങളുമാണ്. ഗ്രാമവികസന കമ്മീഷണർ കൗൺസിലിന്റെ മെമ്പർ സെക്രട്ടറി ആയിരിക്കും.

നെൽവയൽ നികത്തൽ : സംസ്ഥാനതല സമിതി രൂപീകരിച്ചു

പൊതു ആവശ്യത്തിനായി നിലം നികത്തുന്നതിനോ പരിവർത്തനപ്പെടുത്തുന്നതിനോ പ്രാദേശിക തല നിരീക്ഷണ സമിതിയുടെ ശുപാർശ പ്രകാരമുള്ള അപേക്ഷ പരിശോധിച്ച് നെൽവയൽ അല്ലാത്ത സ്ഥലം ആ പ്രദേശത്ത് ലഭ്യമാണോയെന്നും നെൽവയൽ നികത്തുന്നതിന്റെ പാരിസ്ഥിതിക വ്യതിയാനങ്ങളെക്കുറിച്ചും വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി സംസ്ഥാനതല സമിതി രൂപീകരിച്ചു. കാർഷികോൽപ്പാദന കമ്മീഷണർ കൺവീനറും, ലാൻഡ് റവന്യൂ കമ്മീഷണർ, ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻ ഡോ. വി.എസ് വിജയൻ കാർഷിക സർവ്വകലാശാല പാഡിമിഷൻ ഡോ. പി.വി ബാലചന്ദ്രൻ എന്നിവർ അംഗങ്ങളുമായിരിക്കും.

Edited and Published by Eapen Francis, Director of Panchayats (in-charge), Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.



ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

പഞ്ചായത്ത്രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033